ഡോ. എഴുമറ്റൂർ രാജരാജവർമ

# മലയാളത്തെ വെല്ലുവിളിക്കുന്നത് ആരാണ്?

നിയമങ്ങൾക്ക് അഭാവമില്ല.

സഹായകഗ്രന്ഥങ്ങൾക്ക് കുറവില്ല.

പ്രോത്സാഹനത്തിനും പരിശീലനത്തിനും പോരായ്മയുമില്ല.

എന്നിട്ടും....



ആഗോളഗ്രാമം എന്ന സങ്കല്പത്തിന്റെ വളർച്ചയ്ക്കനുസൃതമായി സംസ്കാര സങ്കരത്തിനും ആക്കം വർധിച്ചിരിക്കുന്നു. വിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനുമായി ലോകത്തിന്റെ ഏതുകോണിൽ പോകാനും മലയാളി സന്നദ്ധനാകുന്നു. കുടുംബബന്ധങ്ങളെക്കാൾ സ്വാശ്രയത്തിന് പുതിയ തലമുറ വില കല്പിക്കുന്നു. എവിടെയായാലും മനുഷ്യനല്ലേ, എവിടെയെങ്കിലും ജോലി ചെയ്താൽപ്പോരരേ, എവിടെച്ചെന്നാലും പ്രശ്നങ്ങളില്ലേ എന്നിങ്ങനെ പലതരത്തിൽ ചോദ്യങ്ങളുയർത്തുന്ന മലയാളി സ്വന്തം ഉയർച്ചയ്ക്കുവേണ്ടി പഴയതെല്ലാം പിഴുതെറിയാൻ ഒരുങ്ങിക്കഴിഞ്ഞു. വ്യക്തിബന്ധങ്ങൾക്കും സാംസ്കാരികഘടകങ്ങൾക്കും മാതൃഭാഷയ്ക്കും നാൾക്കുനാൾ വിലയിടിഞ്ഞു കൊണ്ടിരിക്കുന്നു. ഈ പരിവർത്തനത്തെ ലാഘവത്തോടെ സമീപിക്കുന്നത് അപകടകരമാണ്, ആത്മഹത്യാപരമാണ്.

ഗാന്ധിജി പറയുന്നു: “ഇന്ത്യയുടെ ദേശീയ ഭാഷ ആകുവാനോ വിദ്യാഭ്യാസ മാധ്യമമാകുവാനോ അതിന് (ഇംഗ്ലീഷിന്) ഒരിക്കലും സാധ്യമല്ല. അങ്ങനെ ആക്കുകവഴി നാം നമ്മുടെ ഭാഷകളെ ദരിദ്രമാക്കുകയും വിദ്യാർഥികൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുകയുമാണ് ചെയ്യുന്നത്. ഈ അത്യാഹിതം ഇന്ത്യയിൽ മാത്രമേ സംഭവിച്ചിട്ടുള്ളൂ എന്നാണ് എന്റെ അറിവ്. ഇംഗ്ലീഷ് ഭാഷയോടുള്ള നമ്മുടെ അടിമത്തം, കോടിക്കണക്കിന് ജനങ്ങൾക്ക് വളരെ വർഷങ്ങളോളം പ്രയോജനമുള്ള അറിവ് നഷ്ടപ്പെടുത്തിക്കളഞ്ഞു. നാമിതു മനസ്സിലാക്കുന്നില്ല എന്നും പശ്ചാത്തപിക്കുന്നില്ല എന്നും ഉള്ളത് എന്നെ വേദനിപ്പിക്കുന്നു. ഇതൊരു അത്യാഹിതമാണ്.” മറ്റൊരവസരത്തിൽ അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. “ഇംഗ്ലീഷുകാരനായ അപഹർത്താവിന്റെ രാഷ്ട്രീയ ഭരണത്തെ നാം വിജയപൂർവം ബഹിഷ്കരിച്ചതു പോലെ ഒരു സാംസ്കാരിക അപഹർത്താവെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷയെയും നാം ബഹിഷ്കരിക്കേണ്ടിയിരിക്കുന്നു. ആംഗലേയ ഭാഷ വാണിജ്യത്തിനും നയതന്ത്രത്തിനുമുള്ള രാഷ്ട്രാന്തര ഭാഷ എന്ന നിലയ്ക്കു മാത്രം നിലനിർത്തേണ്ടതാണ്.”

മലയാളവും മലയാളികളും തമ്മിലുള്ള ബന്ധത്തെപ്പറ്റി ആഴത്തിൽ ചിന്തിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുള്ള ഇ.എം.എസ്.നമ്പൂതിരിപ്പാടിന്റെ വാക്യങ്ങൾ ശ്രദ്ധിക്കുക: “മലയാളഭാഷയോട് കേരളീയരായ അഭ്യസ്തവിദ്യരും അവരുടേതായ അധികാര വർഗവും കാണിക്കുന്ന അവഗണന ഇല്ലാതാക്കി മലയാള ഭാഷയെ കേരള ജനതയുടെ മുഴുവൻ ഭാഷയാക്കി ഉയർത്തുകയാണ് ഇന്നാവശ്യം. എന്തുകൊണ്ടെന്നാൽ, നമ്മുടെ അധികാര വർഗവും അഭ്യസ്തവിദ്യരും അംഗീകരിക്കുന്ന സമീപനത്തിന്റെ ഫലമായി മലയാളം കേരള ജനതയുടെ ഭാഷയല്ലാതായിത്തീർന്നിരിക്കുന്നു.”

ഈ പശ്ചാത്തലത്തിൽ ഭാഷാബോധനത്തിന്റെ ആവശ്യകതയും അപര്യാപ്തതയും കൂടുതൽ തെളിഞ്ഞു വരുന്നു. എവിടെയൊക്കെ



യാണ് നമുക്കു ചുവടുകൾ പിഴയ്ക്കുന്നത്, എന്തെല്ലാമാണ് നാം അജ്ഞത കൊണ്ടോ അവഗണനകൊണ്ടോ ഉപേക്ഷിക്കുന്നത്? സത്യം നമ്മെ ഭയപ്പെടുത്താൻ പോന്നതാണ്.

### ഭാഷാഭിമാനത്തിന്റെ അഭാവം

ഭാരതത്തിലെ നാട്ടുഭാഷകളെയും അവ സംസാരിക്കുന്ന ജനങ്ങളുടെ സംസ്കാരത്തെയും നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്യണമെന്ന ലക്ഷ്യത്തോടെയാണ് ഭാരതത്തിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിച്ചത്. ഭാഷാസംസ്ഥാനങ്ങൾ നിയമപരമായി നിലവിൽ വന്നപ്പോൾ, രാഷ്ട്രഭാഷയായി ഹിന്ദി അംഗീകരിക്കപ്പെട്ടപ്പോൾ, ബന്ധഭാഷയായി ഇംഗ്ലീഷ് നിലനിർത്തിയപ്പോൾ പ്രശ്നങ്ങൾക്ക് പരിഹാരമായി എന്ന് ചിന്തിച്ചവർക്കു തെറ്റി. ഹിന്ദിയും ഇംഗ്ലീഷും അധികാരത്തിനുവേണ്ടി മത്സരിക്കുന്നതാണു പിന്നീടു കാണുന്നത്. ത്രിഭാഷാപദ്ധതിയിലെ വ്യവസ്ഥകൾ കാറ്റിൽ പറത്തിക്കൊണ്ട് ഇംഗ്ലീഷിനു വേണ്ടിയും ഹിന്ദിക്കു വേണ്ടിയും പോരാടുന്ന അധികാരത്തിന്റെ കാൽച്ചുവട്ടിൽ പ്രാദേശികഭാഷകൾ ഞെരിഞ്ഞമർന്നു. കോളനി സംസ്കാരത്തോടു കൂറുപുലർത്തി ഹിന്ദിയെ തുരത്താനായി പലേടത്തും ശ്രമം നടന്നു. അടിമത്തത്തെ അഭിമാനമായിക്കരുതി ഭാഷയിൽ മാത്രമല്ല, വേഷത്തിലും ആചാരത്തിലും അനുഷ്ഠാനത്തിലുമെല്ലാം ബോധപൂർവം വിദേശിചമയുവാൻ ഇന്ത്യയിലെ പല ദേശക്കാരും ശ്രമിച്ചു. അക്കൂട്ടത്തിൽ മുമ്പിലായിരുന്നു മലയാളികൾ. ബ്രിട്ടീഷ് ഭരണത്തിൽ മലയാളിയുടെ ആധിപത്യം ഏറിവരുന്തോറും മലയാളത്തിന്റെ ഉപയോഗം കുറഞ്ഞുവന്നതും സ്വാതന്ത്ര്യാനന്തരവും ആ രീതി തുടർന്നതും ഈ അടിമത്തത്തിന്റെ തെളിവാണ്. അന്യഭാഷാ പ്രണയം മാതൃഭാഷയെ കൊല്ലുന്ന പ്രവണതയിൽ എത്തിയതിന്റെ ദൃഷ്ടാന്തമല്ലേ മലയാളം സ്കൂളുകൾ പലതും പൂട്ടിയത്?

മലയാളം മലയാളിയുടെ അഭിമാനത്തിന്റെ അടയാളമാകുന്നില്ല. മലയാളം മലയാളിയുടെ വികാരമാകുന്നില്ല. അത് ആദായകരമല്ലാത്ത ഒരു കച്ചവടസാധനമാകുന്നു.

### സംസ്കാര ബോധത്തിന്റെ അപര്യാപ്തത

സ്പെയിനിൽ 11-ാം ശതകത്തിൽ ഇസബെല്ല രാജ്ഞി അധികാരമേൽക്കുമ്പോൾ, അവിടത്തെ ബിഷപ്പ്, രാജ്ഞിക്ക് പാരിതോഷികമായി നൽകിയത് സ്പാനിഷ് ഭാഷയുടെ ഒരു വ്യാകരണ ഗ്രന്ഥമാണ്. അധികാരവും വ്യാകരണവും തമ്മിലുള്ള ബന്ധത്തെപ്പറ്റി രാജ്ഞി ചോദിച്ചപ്പോൾ,

> മാതൃഭാഷയെ കൊല്ലുന്ന അന്യഭാഷാപ്രണയത്തിന്റെ ദൃഷ്ടാന്തമല്ലേ മലയാളം സ്കൂളുകൾ പലതും പൂട്ടിയത്?

## മലയാളം
### നമ്മുടെ ഭരണഭാഷ

**കേ**രള ഔദ്യോഗിക ഭാഷകൾ ആക്ട് (1969) ലെ I ബി വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച് പല കാലങ്ങളിലായി നാളിതുവരെ 69 സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും 36 അർദ്ധ സർക്കാർ-സ്വയംഭരണ-പൊതുമേഖലാ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട എന്നിവയും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികൾ ഒഴികെയുള്ള എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മേൽപ്പറഞ്ഞ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മലയാളം ഉപയോഗിക്കേണ്ടതാണ്. വിദേശത്തേക്കും കേന്ദ്രസർക്കാരിനും അന്യസംസ്ഥാനങ്ങൾക്കും സംസ്ഥാനത്തിനകത്തുള്ള കേന്ദ്രഗവൺമെന്റ് ഓഫീസുകൾക്കും കോടതികൾക്കും ഉള്ള കത്തിടപാടുകളും എഴുത്തുകുത്തുകളും ഇംഗ്ലീഷിൽ തുടരാവുന്നതാണ്. ഇംഗ്ലീഷിൽ കത്തിടപാടുകൾ നടത്തുന്ന ഫയലുകളുടെയും കുറിപ്പുഫയൽ മലയാളത്തിൽ എഴുതണമെന്നാണ് നിലവിലുള്ള നിർദേശം. വിനോദസഞ്ചാരം, എൻ.സി.സി, കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി എന്നിവയാണ് ഇനിയും ഭരണഭാഷ മലയാളമാക്കാനുള്ള വകുപ്പുകൾ.

ബിഷപ്പു പറഞ്ഞു, "ഭാഷ സാമ്രാജ്യം സൃഷ്ടിക്കും." വ്യാകരണ ഗ്രന്ഥത്തിന്റെ പഠനത്തിലൂടെ, ഭാഷാപദങ്ങളുടെ ചരിത്രബോധനത്തിലൂടെ രാജ്ഞി, ജനങ്ങളുടെ ജീവിതരീതിയും സംസ്കാരവും മനസ്സിലാക്കുകയും അവർക്കിണങ്ങിയ ഭരണം നടത്തുകയും ചെയ്തു. ബിഷപ്പു നൽകിയ പാഠത്തിന്റെ പൊരുൾ രാജ്ഞിക്ക് അപ്പോൾ ബോധ്യമായി. കടലിലെ മഞ്ഞുമലയുടെ കുറച്ചു ഭാഗം വെള്ളത്തിനു മുകളിൽ കാണുമ്പോൾ, അതിനെ താങ്ങി നിർത്തുന്ന വലിയ ഭാഗം വെള്ളത്തിനടിയിൽ അപ്രത്യക്ഷമായിരിക്കുന്നു. പദങ്ങളുടെ നിലനില്പ് അവയുടെ സംസ്കാരത്തിലാണ്. പദപരിചയത്തിലൂടെ, ഭാഷാപഠനത്തിലൂടെ നമുക്ക് ലഭിക്കുന്നത് ആ സംസ്കാരമാണ്. ഭാഷ സംസ്കാരമാണ് എന്നു തന്നെ പറയണം. ജനജീവിതരീതി മാറുന്നതിനനുസരിച്ചു നിത്യവ്യവഹാരത്തിലുള്ള പദസമൂഹത്തിലും മാറ്റം സംഭവിക്കുന്നു. അങ്ങകം, കൊരണ്ടി, ചിമ്മിനി, ടംബ്ലർ, റാന്തൽ, തടുക്ക്.... എത്രയോ പദങ്ങൾ ഇന്നു നാം പറയുന്നില്ല. കംപ്യൂട്ടർ, മൗസ്, ക്ലിക്ക്, സോഫ്റ്റ്വെയർ ഇങ്ങനെ എത്രയോ പദങ്ങൾ ഇന്ന് പറയാതിരിക്കാനാവുന്നില്ല. ഭാഷാമാറ്റം സാംസ്കാരികമാറ്റത്തിന്റെ പ്രതിഫലനമാണ്. ഒരു കാലത്തെ ഒരു ജനതയുടെ ഭാഷാപദസമൂഹം പരിശോധിച്ചാൽ ആ ജനതയുടെ അക്കാലത്തെ സംസ്കാരം മനസ്സിലാക്കാൻ സാധിക്കും. മലയാളത്തനിമയുടെ പദങ്ങൾ മലയാളിക്കു നഷ്ടപ്പെടുന്നുവെങ്കിൽ കേരള സംസ്കാരം അവനു നഷ്ടപ്പെടുന്നു എന്നാണർത്ഥം. അച്ഛൻ, അമ്മ, മുത്തശ്ശി, അമ്മാവൻ, അമ്മായി, പേരപ്പൻ, കൊച്ചേട്ടൻ തുടങ്ങിയുള്ള എണ്ണമറ്റ ബന്ധസൂചക പദങ്ങളുടെ പ്രയോഗം നമ്മുടെ കുടുംബബന്ധത്തിന്റെ ദാർഢ്യത്തെ സൂചിപ്പിക്കുന്നു. ഈ പദങ്ങൾ ഉപയോഗിക്കാതെ വളരുന്ന തലമുറ ബന്ധങ്ങൾ അറിയാതെയും സാമൂഹികമായ കടപ്പാടുകൾ ഇല്ലാതെയും മാറും എന്നതിൽ സംശയമില്ല. ജനിമൃതികൾക്കിടയിലുള്ള എല്ലാ ചര്യകളിലും പ്രതിഫലിക്കുന്നതാണ് സംസ്കാരബോധം.

## അറിയാത്ത ബന്ധനം

കോടതിയിൽ നിൽക്കുന്ന വാദിയും പ്രതിയും അവിടെ നടക്കുന്ന വ്യവഹാരങ്ങൾ മനസ്സിലാക്കുന്നില്ല. കേസ് വിസ്താരവും വിധി പ്രസ്താവവും മറ്റും അവനറിയാത്ത അന്യഭാഷയിൽ നടക്കുന്നു. 1731-ൽ ഇംഗ്ലണ്ടിൽ ഒരു ബഹുജനപ്രക്ഷോഭമുണ്ടായതിനെത്തുടർന്നാണ് ജോർജ് രണ്ടാമൻ ഇംഗ്ലണ്ടിലെ കോടതി ഭാഷ ഇംഗ്ലീഷ് ആക്കിക്കൊണ്ട് നിയമം പാസാക്കിയത്. ആശയവിനിമയത്തിലെ പൂർണത, ഭരണകാര്യങ്ങളിലെ സുതാര്യത, അറിയാനുള്ള അവകാശത്തിന്റെ സംരക്ഷണം, ജനാധിപത്യത്തിന്റെ സാക്ഷാത്കാരം-ഇവയെല്ലാം മാതൃഭാഷാ പ്രയോഗത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. എന്നു മനസ്സിലാക്കാത്ത ജനതയുടെ ബന്ധനം നാൾക്കുനാൾ മുറുകുമെന്നുള്ളതാണു സത്യം. രാഷ്ട്രീയ സ്വാതന്ത്ര്യം നേടി അറുപതു വർഷം കഴിഞ്ഞിട്ടും ആശയപരമായ സ്വാതന്ത്ര്യം, ചിന്താപരമായ സ്വാതന്ത്ര്യം, ഭാഷാപരമായ സ്വാതന്ത്ര്യം ഇവയൊക്കെ നമുക്ക് ആകാശകുസുമമാണ്. അന്തർഗതം പൂർണാർത്ഥത്തിൽ മറ്റൊരാളെ ബോധിപ്പിക്കാൻ മാതൃഭാഷപോലെ മറ്റൊരു ഭാഷയും സമർത്ഥമല്ലെന്നും നമുക്കറിയാം. എന്നിട്ടും നമ്മുടെ കോടതികളിൽ, വിദ്യാഭ്യാസ രംഗങ്ങളിൽ, ചരിത്രപഠനത്തിൽ, പാരമ്പര്യബോധനത്തിൽ, മത്സരപ്പരീക്ഷകളിൽ ഒക്കെ പാരതന്ത്ര്യം നിലനിൽക്കുകയാണ്. മാവേലിപ്പാട്ടിലെ,



ആശാൻ


'കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല'

എന്നത് 'വെയ്റ്റ്സ് ആന്റ് മെഷേഴ്സ് ആർ ഓൾ കറക്ട്' എന്നാക്കി മാറ്റി രസിക്കുന്നതിലെ വൈകൃതം ആലോചിച്ചുനോക്കുക. ഇത് പാരമ്പര്യത്തോടുള്ള അവഹേളനമാണ്. ഭാഷയുടെ കാര്യത്തിൽ മാത്രമല്ലിത്. ഏതു സോപ്പു തേച്ചു കുളിക്കണം എന്നു പോലും തീരുമാനിക്കാനാവാത്ത സ്ഥിതി.

സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയെക്കാൾ ഭയാനകം.
എന്നും
മാറ്റുവിൻ ചട്ടങ്ങളെ, സ്വയമല്ലെങ്കിൽ
മാറ്റുമതുകളീനിങ്ങളെത്താൻ

എന്നും കുമാരനാശാൻ പറഞ്ഞത് ഓർക്കാം.

**അച്ഛൻ, അമ്മ, മുത്തശ്ശി, അമ്മാവൻ, അമ്മായി, പേരപ്പൻ, കൊച്ചേട്ടൻ തുടങ്ങി കുടുംബബന്ധത്തെ സൂചിപ്പിക്കുന്ന പദങ്ങൾ ഉപയോഗിക്കാതെ വളരുന്ന തലമുറ ബന്ധങ്ങൾ അറിയാതെയും സാമൂഹികമായ കടപ്പാടുകൾ ഇല്ലാതെയും മാറും**



## കച്ചവട മന:സ്ഥിതി

ആദായം കൂടുതൽ ലഭിക്കുന്നത് ഏതാണോ അതാണ് നമ്മുടെ ലക്ഷ്യം. നാലു പാട്ട് തട്ടിമുട്ടി കൂട്ടിയുരുമ്മി കുലുങ്ങിച്ചിരിച്ചു പാടിയൊപ്പിച്ചാൽ നാല്പതു ലക്ഷത്തിന്റെ ഫ്ളാറ്റ്! പിന്നെന്തിന് കലാസപര്യ? ഒരായുസ്സു മുഴുവൻ കലയ്ക്കുവേണ്ടി ജീവിതമുഴിഞ്ഞു വച്ചവർ വിസ്മൃതകോടിയിൽ. ഭാഷ പഠിച്ചാൽ എന്തു ചേതം? സിറിയക് പഠിച്ചാൽ നൂറുക്കു നൂറ്. പത്തുമിനിറ്റ് മിമിക്രി കാണിച്ചാലും 'എ' ഗ്രേഡ് എന്ന കോവണി. ലാഭം നോക്കുന്ന കണ്ണിന് സംസ്കാരം കാണാനാവില്ല, തപസ്സും ഉപാസനയും മനസ്സിലാ

> "ലാഭം നോക്കുന്ന കണ്ണിന് സംസ്കാരം കാണാനാവില്ല, തപസ്സും ഉപാസനയും മനസ്സിലാവില്ല."

# ഭരണഭാഷാ പുരസ്കാരങ്ങൾ

ഭരണരംഗത്ത് മലയാളഭാഷയുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനാർത്ഥം ഏർപ്പെടുത്തിയിട്ടുള്ളതാണ് ഭരണഭാഷാ പുരസ്കാരങ്ങൾ. സംസ്ഥാനതലത്തിൽ ഭരണഭാഷാ സേവനപുരസ്കാരവും ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്കാരവും നൽകുന്നുണ്ട്. അപേക്ഷിക്കുന്നതിന് തൊട്ടുമുൻപുള്ള ഒരു വർഷം മലയാളത്തിൽ ചെയ്ത ജോലിയുടെ അളവിന്റെ അടിസ്ഥാനത്തിൽ ക്ലാസ് III വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്നതാണ് സേവന പുരസ്കാരം. ഭരണഭാഷാമാറ്റത്തിന് സഹായകമായ സ്വതന്ത്രകൃതികൾ രചിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് നൽകുന്നതാണ് ഗ്രന്ഥരചനാ പുരസ്കാരം. പതിനായിരം രൂപയും സത്സേവന രേഖയും ഒന്നാം സമ്മാനവും അയ്യായിരം രൂപയും സത്സേവനരേഖയും രണ്ടാം സമ്മാനവും രണ്ടു പുരസ്കാരങ്ങൾക്കും നൽകി വരുന്നു. ജില്ലാതലഭരണ ഭാഷാപുരസ്കാരം അയ്യായിരം രൂപയും സത്സേവന രേഖയുമാണ്. ഭരണഭാഷ മലയാളമാക്കിയിട്ടുള്ള വകുപ്പുകളിലെ ക്ലാസ് III തലത്തിലുള്ള ഉദ്യോഗസ്ഥരെ മൊത്തത്തിൽ കണക്കിലെടുത്ത് ഒരാൾക്ക് നൽകുന്നതാണ് ജില്ലാതലപുരസ്കാരം. സംസ്ഥാനതല പുരസ്കാരങ്ങൾക്കും ജില്ലാതലപുരസ്കാരത്തിനും, ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിശ്ചിത ഫോറത്തിൽ ഉദ്യോഗസ്ഥർ തന്നെയാണ് അപേക്ഷിക്കേണ്ടത്. താലൂക്ക് തലത്തിൽ ഒരു ഉദ്യോഗസ്ഥന് സത്സേവനരേഖ നൽകുന്നതിനും സർക്കാർ നിർദേശം ഉണ്ട്.

വില്ല. 'ഇവിടെ മലയാളം പഠിപ്പിക്കുന്നില്ല' എന്നു ബോർഡുവച്ചാൽ അവിടെ ചേർക്കാൻ തള്ളിക്കയറുകയും ചോദിക്കുന്ന പണം കൊടുക്കുകയും ചെയ്യാൻ നാം സന്നദ്ധരാണ്. പണത്തിന്റെ കൊഴുപ്പിൽ തൊഴിലധിഷ്ഠിത യോഗ്യത നേടുന്നവർക്ക് എത്രകണ്ട് സമൂഹത്തോടു പ്രതിബദ്ധരാകാൻ കഴിയും? ഈ കച്ചവട മന:സ്ഥിതി മലയാളിയെ ക്യാൻസർ പോലെ കാർന്നുതിന്നുന്നു. ഭാഷയും സംസ്കാരവും അവിടെ ചത്തടിയുന്നു.

> "ഭാഷാപഠനം തൊഴിലഭ്യാസമല്ല, സംസ്കാര ബോധനമാണ്"


## തൊഴിൽ സാധ്യത

മലയാളം പഠിക്കുന്നവർക്ക് തൊഴിൽ സാധ്യത കുറവാണ് എന്ന ആരോപണം ശക്തമാണ്. ഉദ്യോഗം ലഭിക്കാൻ തൊഴിൽ പഠിക്കണം എന്നതാണ് പ്രാഥമിക കാര്യം. രണ്ടാമത്തെ വിഷയമാണ്, ആശയവിനിമയത്തിനുള്ള ഭാഷ അറിയുക എന്നത്. തൊഴിൽ മേഖല അനുസരിച്ച് ഭാഷ മാറിക്കൊണ്ടിരിക്കും എന്നും അറിയണം. ഒരു ഭാഷയ്ക്കൊരു തൊഴിൽ എന്ന വിഭജനവും സാധ്യമല്ലല്ലോ. മലയാളം പഠിക്കുന്നതുകൊണ്ട് മറ്റു ഭാഷകൾ പഠിക്കരുതെന്നോ മറ്റു ദേശങ്ങളിൽ ഉദ്യോഗം സ്വീകരിക്കരുതെന്നോ ഇല്ല. ഇപ്രകാരമുള്ള ആരോപണങ്ങൾക്കുപരിയായി നാം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ഭാഷാപഠനം തൊഴിലഭ്യാസമല്ല, സംസ്കാര ബോധനമാണ് എന്നതാണ് അത്. മലയാള അക്ഷരങ്ങൾ ആദ്യം വഴങ്ങുന്ന നാവിന് മറ്റു ഭാഷകൾ വേഗത്തിൽ വഴങ്ങും എന്നതും തെളിയിക്കപ്പെട്ട വസ്തുതയാണ്. ഭാഷയിൽ ഉപരിപഠനവും ഗവേഷണവും നടത്തുന്നവർക്ക് അതിനനുഗുണമായ സാഹചര്യം സൃഷ്ടിക്കുന്നതിലും തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിലും ജനാധിപത്യസംവിധാനത്തിൽ പ്രാദേശിക സർക്കാരിന് ബാധ്യതയുണ്ട്.

> "ഏറ്റവും വലിയ അദ്ഭുതയന്ത്രമാണ് തല"

## വിദ്യാഭ്യാസ രംഗത്തെ അവഗണന

തൊഴിൽ സാധ്യതയുമായി ബന്ധപ്പെടുത്തിയുള്ള ചർച്ചകൾ വിദ്യാഭ്യാസചിന്തകരെ പുകമറയ്ക്കുള്ളിൽ നിർത്തിയതാകണം വിദ്യാഭ്യാസത്തിൽ പ്രാദേശികഭാഷകൾക്ക് പ്രാധാന്യം കുറയ്ക്കുന്നതിനു പ്രേരിപ്പിച്ചത്. തന്മൂലം മാതൃഭാഷ വിദ്യാഭ്യാസത്തിൽ തീരെ അവഗണിക്കപ്പെട്ടു. വിദ്യാഭ്യാസത്തിലൂടെ നേടേണ്ട വ്യക്തിത്വവികാസം, മാതൃഭാഷാപഠനത്തിന്റെ തിരസ്കരണത്തോടെ ഇല്ലാതെയായി. ഉള്ള ഭാഷാപഠനം തന്നെ നാമമാത്രമായി. മന:പാഠമാക്കുന്ന ശീലം ചെറുപ്പത്തിലേ ഉറയ്ക്കേണ്ടതാണ്. ലിപി, ലിപി വിത്യാസം തുടങ്ങിയവ മാത്രമല്ല ജീവിതത്തിന്റെതന്നെ വ്യാകരണമാണ് ചെറുപ്പത്തിൽ വിദ്യാഭ്യാസത്തിൽ നിന്നു ലഭിക്കുന്നത്. എഞ്ചുവടി പഠിക്കാത്ത കുട്ടി 60+60+60 എന്ന് കാൽക്കുലേറ്ററിൽ കൂട്ടി ഉത്തരം കണ്ടെത്തുന്നത് ഈ ലേഖകൻ നേരിൽ കണ്ടിട്ടുമുണ്ട്. എത്ര പരിഹാസ്യമാണ് ഇത്. അളവുകൾ, തൂക്കങ്ങൾ, നാണയങ്ങൾ, ദൂരം, സമയം തുടങ്ങിയവയുടെ തോതുകൾ- എല്ലാം ഹൃദിസ്ഥമാക്കുന്നത് ജീവിതായോധനത്തിൽ ഉതകുന്നതിനാണ്. സകലകാര്യങ്ങൾക്കും യന്ത്രത്തെ ആശ്രയിക്കുന്ന ഒരു തലമുറ ഏറ്റവും വലിയ അദ്ഭുത യന്ത്രമാണ് തല എന്ന് തിരിച്ചറിയാതെ പോകുന്നു.



ശൂരനാട് കുഞ്ഞൻപിള്ള



എൻ.വി. കൃഷ്ണവാര്യർ

## സാങ്കേതികവിദ്യാവ്യാപനം

യന്ത്രവത്കൃത സമൂഹത്തിൽ പഴയ കാലത്തെപ്പോലെ ജീവിക്കണം എന്നല്ല വിവക്ഷ. ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ നല്ല മനുഷ്യനാകുന്നതിനാകണം യന്ത്രം പ്രയോജനപ്പെടുത്തേണ്ടത്. വികസനത്തിനു തടസ്സം യന്ത്രമാണെന്ന് ചില കാര്യങ്ങളിലെങ്കിലും പറഞ്ഞുകേൾക്കുന്നു. അതിലൊന്നാണ് ഭാഷ. ഭാഷയുടെ വികാസത്തിന്, ഭരണഭാഷയുടെ വ്യാപനത്തിന് കംപ്യൂട്ടർ വിഘാതം സൃഷ്ടിക്കുന്നു എന്നു പറയുന്നവർ, 'ആനയ്ക്കു തെലുങ്കേ അറിയൂ' എന്ന വാദക്കാരാണ്. കാലനെ വേലക്കാരനാക്കാൻ കഴിയണം. ആ വഴിക്കുള്ള ഗവേഷണഫലങ്ങളിലൊന്നാണ് സർക്കാർ തയ്യാറാക്കിയ ഔദ്യോഗിക മലയാളം സോഫ്റ്റ്‌വെയർ. ഇതിന്റെ സൗകര്യങ്ങളും സാധ്യതകളും അറിയാത്തവർ ഇന്നുമുണ്ട്. ഇന്ന് മലയാളഭാഷയെ വിവരസാങ്കേതികവിദ്യയുമായി കൂട്ടിയിണക്കിക്കൊണ്ടുള്ള മുന്നേറ്റങ്ങൾ നിമിഷംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്നു. മലയാളം കംപ്യൂട്ടിങ് അദ്ഭുതകരമാം വണ്ണം വ്യാപിച്ചുകൊണ്ടിരിക്കുന്നു.

## ലിപി പരിഷ്കരണം

മലയാളത്തിലെ ലിപി പരിഷ്കരണം ഭാഷയെ ചവിട്ടിക്കുഴച്ചു എന്ന ആരോപണം ഇന്നുമുണ്ട്. മലയാളം ടൈപ്പ്റൈറ്ററിനും അച്ചടിക്കും വേണ്ടി ലിപി പരിഷ്കരിച്ചു കൊണ്ട് സർക്കാർ 1971 ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ നിർദേശങ്ങൾ പൂർണമായും ഉൾക്കൊണ്ടവർക്ക് ഈ വാദം സ്വീകാര്യമല്ല. ഡോ. ശൂരനാട്ടു കുഞ്ഞൻപിള്ളയുടെയും ഡോ. എൻ.വി.കൃഷ്ണവാര്യരുടെയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സർക്കാർ പുറത്തിറക്കിയ ഉത്തരവിൽ ലിപി പരിഷ്കരണത്തിന്റെ ലക്ഷ്യം, സാധ്യത, പരിഷ്കാരങ്ങൾ എല്ലാം വിശദമായി പറയുന്നുണ്ട്. പല നിർദേശങ്ങളും പാലിക്കപ്പെടാതിരുന്നതും പല നിർദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതുമാണ് ലിപിവിന്യാസത്തിൽ, അതായത് മലയാളമെഴുത്തിൽ അവ്യവസ്ഥ ഉണ്ടാക്കിയത്. വ്യഞ്ജനത്തോടു ചേർന്നിരുന്ന സ്വരഭാഗങ്ങൾക്ക് (ഉദാ കു, കു) പ്രത്യേകം ചിഹ്നം നിർദേശിക്കുക വഴി അച്ചടിക്കുണ്ടായ സമയലാഭവും

ശേഷം പേജ് 28

# ജനങ്ങൾ ഭരണനടപടി വിലയിരുത്തുന്നു

**സോ**ഷ്യൽ ഓഡിറ്റിങ് എന്നു കേൾക്കുമ്പോൾ ഓർമവരിക കണക്കെടുപ്പ് പ്രക്രിയ ആയിരിക്കും. എന്നാൽ, വിവിധ വകുപ്പുകൾ നടപ്പാക്കുന്ന സോഷ്യൽ ഓഡിറ്റിങ്ങിലൂടെ സർക്കാരിന്റെ കർമപദ്ധതികളെ ജനങ്ങൾ വിലയിരുത്തുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പ് ദേശീയ തൊഴിലുറപ്പു പദ്ധതിക്കും ധനകാര്യ വകുപ്പ് അഴിമതി രഹിത വാളയാർ പദ്ധതിക്കും നടാടെ സോഷ്യൽ ഓഡിറ്റിങ് നടത്തുകയാണ്.

ഒരോ പ്രദേശത്തിന്റെയും സാഹചര്യങ്ങൾ കണക്കിലെടുത്തും ജനങ്ങളുടെ അഭിപ്രായങ്ങൾ കേട്ടും തൊഴിലുറപ്പു പദ്ധതികാര്യക്ഷമമാക്കുകയാണ് ഓഡിറ്റിങ്ങിലൂടെ. ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സമൂഹം നേരിട്ട് ഇടപെടുക എന്നതാണ് സോഷ്യൽ ഓഡിറ്റിങ് കൊണ്ട് ഉദ്ദേശിക്കുന്നത്.

അഴിമതി രഹിത വാളയാർ പദ്ധതിയുടെ നിർവഹണം സോഷ്യൽ ഓഡിറ്റിങ്ങിലൂടെ വിലയിരുത്തുന്നതിന് പാലക്കാട് സംഘടിപ്പിച്ച ചടങ്ങിൽ സാമൂഹിക പ്രവർത്തകയും മാഗ്സസെ അവാർഡ് ജേതാവുമായ അരുണാ റോയ് മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് ചെക്ക്പോസ്റ്റിലെ പ്രവർത്തനങ്ങൾ തുറന്നുകാട്ടുന്ന റിപ്പോർട്ടുകളും ഔദ്യോഗിക കണക്കുകളും മന്ത്രി തോമസ് ഐസക് അവതരിപ്പിച്ചു.

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കാൻ സർക്കാർ നിയോഗിച്ച രേണുക വിശ്വനാഥ്, ലീലാ മേനോൻ, ഡോ.ബി. ഇക്ബാൽ, പ്രൊ.ആർ.വി. ജി.മേനോൻ, പ്രൊ. എം.എ ഉമ്മൻ, ജെ.ലളിതാംബിക, ജി. വിജയരാഘവൻ എന്നിവർ ഉൾപ്പെടുന്ന സോഷ്യൽ ഓഡിറ്റ് സമിതിയും വ്യാപാരികൾ, വ്യവസായികൾ, ലോറി ഉടമസ്ഥർ, ലോറി ജീവനക്കാരുടെ പ്രതിനിധികൾ, സാമൂഹിക രാഷ്ട്രീയ പ്രവർത്തകർ തുടങ്ങി ചെക്കുപോസ്റ്റുമായി ബന്ധപ്പെട്ടവരും പ്രവർത്തനങ്ങൾ വിലയിരുത്തി.

**വി.ആർ. കാർത്തിക്**
**എം.പി. മുരളീകൃഷ്ണൻ**
**എ.ആർ. വിഷ്ണു**

തുടർച്ച പേജ് 11

# മലയാളത്തെ വെല്ലുവിളിക്കുന്നത് ആരാണ്?

സ്ഥലലാഭവും പണലാഭവും കണക്കിലെടുക്കാതെയും എഴുത്തിന് പഴയരീതി തന്നെ സ്വീകരിക്കണമെന്ന നിർദേശം പാലിക്കാതെയുമാണ് എതിർ വാദങ്ങൾ മുഴക്കിയത്. നിലനിർത്തേണ്ട കൂട്ടക്ഷരങ്ങളുടെയും മറ്റും കാര്യങ്ങൾ വിശദീകരിച്ചതും പലരും ചെവിക്കൊണ്ടില്ല. ദീർഘമായി ഉപന്യസിക്കേണ്ട വിഷയമാണിത്. ചുരുക്കട്ടെ, ഭാഷയുടെ എഴുത്തിൽ അടുത്തകാലത്തുണ്ടായ അവ്യവസ്ഥ, ലിപി പരിഷ്കരണത്തിന്റെ വീഴ്ച യല്ല, മറിച്ച് അതു സംബന്ധിച്ച നിർദേശങ്ങൾക്കു വിരുദ്ധമായി പ്രവർത്തിച്ചതിന്റെ ഫലമാണ്.

## പഞ്ചശുദ്ധിയും നിസ്സംഗതയും

ഭാഷാപ്രയോഗത്തിൽ അനുഷ്ഠിക്കേണ്ട പഞ്ചശുദ്ധികൾ പദശുദ്ധി, വാക്യശുദ്ധി, വിന്യാസശുദ്ധി, ഉച്ചാരണശുദ്ധി, ആശയശുദ്ധി എന്നിവയാണ്. ഇക്കാര്യങ്ങളിൽ തികഞ്ഞ നിസ്സംഗതയാണ് മിക്കവർക്കും. തെറ്റായ വാക്കുകൾ പ്രയോഗിക്കുക, പദക്രമം തെറ്റിക്കുക, അക്ഷരവിന്യാസം തോന്നുംപടിയാക്കുക, ആശയവ്യക്തത ഇല്ലാതിരിക്കുക എന്നീ ദോഷങ്ങളെല്ലാം മലയാളമെഴുത്തിനെ ബാധിച്ചിരിക്കുന്നു. നേരത്തെ പറഞ്ഞ വ്യാകരണകാര്യവുമായി ഇതിനെ ബന്ധപ്പെടുത്താവുന്നതാണ്. വ്യാകരണത്തിന്റെ സങ്കീർണതകൾ ആവശ്യപ്പെടാത്ത സന്ദർഭങ്ങളിലും നാം പുലർത്തുന്ന നിസ്സംഗത ക്രൂരമാണ്. അതുകൊണ്ടാണ്, 'ജപ്തി നടപടിക്ക് ചെണ്ടകൊട്ടു നിരോധിക്കും' എന്നതിന് 'ചെണ്ടകൊട്ടി ജപ്തി നടപടി അവസാനിപ്പിക്കും' എന്നെഴുതുന്നത്. അതുകൊണ്ടുതന്നെയാണ് ഉദ്ദേശ്യത്തിന് വിരുദ്ധമായതരത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും പാർട്ടിയും കൂടി അനധികൃതമായി സ്പിരിറ്റ് കടത്തിക്കൊണ്ടുവന്നു എന്ന് പത്രത്തിൽ പരസ്യം ചെയ്യുന്നത്.

> മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ഗവേഷണത്തിനു മാത്രമായി ഒരു സർവകലാശാല ഉണ്ടായാൽ മാത്രമേ ഭാഷയ്ക്ക് നാം ആഗ്രഹിക്കുന്ന പുരോഗതി ഉണ്ടാകുകയുള്ളൂ.

## പോഷണവും ഗവേഷണവും

മലയാളത്തിന് ഒരു സർവകലാശാല ഉണ്ടാകണം എന്ന ആവശ്യം ഏ.ആർ. രാജരാജവർമയുടെ കാലം മുതൽ ഉയരുന്നതാണ്. തമിഴിനും തെലുഗുവിനും കന്നഡത്തിനും സർവകലാശാലയുണ്ട്. നിലവിലുള്ള സർവകലാശാലകളിൽ മലയാളം വകുപ്പുകളുണ്ട്. അവിടങ്ങളിൽ ഭാഷാസാഹിത്യഗവേഷണങ്ങൾ നടക്കുന്നുമുണ്ട്. ഔപചാരിക ചിട്ടവട്ടങ്ങൾക്കൊത്തു നടക്കുന്നവയെ മാത്രം ഗവേഷണങ്ങളായി കാണുന്ന ഈ സർവകലാശാലാ വകുപ്പുകൾ ഭാഷാസാഹിത്യത്തിന്റെ പോഷണത്തിനു ചെയ്യുന്ന സേവനം തുച്ഛമെന്നേ പറയേണ്ടൂ. അറിവിനെ മുമ്പോട്ടു കൊണ്ടുപോകുന്ന ഗവേഷണങ്ങളേറെയും നടക്കുന്നത് സർവകലാശാലകൾക്കു പുറത്താണു താനും. ഇവയ്ക്കെല്ലാം പരിമിതികളുണ്ട്. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ഗവേഷണത്തിനു മാത്രമായി ഒരു സർവകലാശാല ഉണ്ടായാൽ മാത്രമേ ഈ രംഗത്ത് നാം ആഗ്രഹിക്കുന്ന പുരോഗതി കൈവരിക്കുകയുള്ളൂ.

## ഭരണരംഗം

ഭാഷയുടെ വികാസവും ഭരണഭാഷയുടെ വ്യാപനവും ഒരുമിച്ചു നടക്കേണ്ട കാര്യങ്ങളാണ്. 'ജനങ്ങൾ ജനങ്ങൾക്കു വേണ്ടി നടത്തുന്ന ഭരണം ഏതു വിഷയത്തെ അധികരിച്ചുകൊണ്ടുള്ളതായാലും അത് ജനങ്ങളുടെ ഭാഷയിലായിരിക്കണം എന്നതു നിർവിവാദമായ സംഗതിയാണ്' എന്ന വാക്യം, കേരളത്തിലെ ഭരണഭാഷ സംബന്ധിച്ചു പഠനം നടത്തി സമർപ്പിച്ച കോമാട്ടിൽ അച്യുതൻമേനോൻ കമ്മിറ്റി റിപ്പോർട്ടിൽ (1958) എടുത്തുപറഞ്ഞിട്ടുള്ളതാണ്. ഇത് എത്രയോ തവണ ആവർത്തിച്ചിട്ടുള്ളതുമാണ്. നിയമത്തിന്റെ അഭാവമല്ല, സഹായകഗ്രന്ഥങ്ങളുടെ കുറവല്ല, പ്രോത്സാഹനത്തിന്റെയോ പരിശീലനത്തിന്റെയോ പോരായ്മയുമല്ല, മറിച്ച് അവഗണനയും അലംഭാവവുമാണ് ഭരണഭാഷാമാറ്റത്തിലെ മുഖ്യപ്രശ്നം. പിഴയുണ്ടെങ്കിലേ നിയമം അനുസരിക്കൂ എന്ന സ്ഥിതി നമ്മുടെ ഉത്തരവാദിത്വമില്ലായ്മ വിളംബരം ചെയ്യുന്നു.

## പലവക

മലയാള വാക്യഘടനയുടെ സങ്കീർണത, ഭാഷാപോഷണശ്രമങ്ങളെ അംഗീകരിക്കുന്നതിലുള്ള വിമുഖത, അന്യസംസ്കാരാധിനിവേശം, മാധ്യമപങ്കാളിത്തത്തിന്റെ അപര്യാപ്തത, രാഷ്ട്രീയമായ ഇച്ഛാശക്തിയുടെ അഭാവം, മാനകീകരണ വ്യഗ്രത തുടങ്ങി ഇനിയുമുണ്ട് കണ്ണികൾ ഏറെ. സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും മാധ്യമങ്ങളുടെയും ബഹുജനങ്ങളുടെയും ബോധപൂർവവും തീവ്രവും നിരന്തരവുമായ പരിശ്രമം കൊണ്ടു മാത്രമേ മലയാളം നേരിടുന്ന വെല്ലുവിളികൾക്കു പരിഹാരം കാണാൻ കഴിയൂ.■

പ്രൊഫ. പന്മന രാമചന്ദ്രൻനായർ



# മലയാളഭാഷയും മാധ്യമങ്ങളും

ആങ്ഗലപദങ്ങൾ ചേർത്ത് കൊഞ്ചമലയാളം പറയുന്നതിൽ ചില ചാനലുകൾ തമ്മിൽ മത്സരിക്കുന്നു. പ്രശസ്തരായ ചിലർപോലും റേഡിയോയിൽ ഉച്ചാരണം തെറ്റിച്ച് ഭാഷയെ അപമാനിക്കുന്നു. പത്രങ്ങൾ മുഖക്കുറിപ്പിൽ തെറ്റായ രൂപങ്ങൾ എഴുതുന്നു. ഈ വൈകൃതങ്ങൾക്കിടയിൽപ്പെട്ട് ശ്വാസംമുട്ടുമ്പോഴും നമ്മുടെ ഭാഷയുടെ വളർച്ചയും വികാസവും മാധ്യമങ്ങളെത്തന്നെയാണ് ആശ്രയിക്കുന്നത്.

മാതൃഭാഷയായ മലയാളം നമ്മുടെ സംസ്കാരത്തിന്റെ അടിത്തറയാണ്. കേരളസംസ്കാരത്തിന്റെ പേരിൽ എല്ലാവരും അഭിമാനിക്കാറുണ്ട്. കേരളഭാഷ കുറ്റമറ്റ രീതിയിൽ വിശുദ്ധിയോടെ വളർന്നു കൊണ്ടിരുന്നാൽ മാത്രമേ കേരളസംസ്കാരത്തിനും അഭിവൃദ്ധിയുണ്ടാവൂ. ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഏതു വസ്തുവിനും കേടുപാടുകൾ സംഭവിച്ചുകൊണ്ടിരിക്കും. അവ ഓരോന്നും അപ്പോഴപ്പോൾ പരിഹരിച്ചുകൊണ്ടേ ഇരിക്കണം. മാതൃഭാഷയെ കാത്തുസൂക്ഷിക്കുക എന്ന കർത്തവ്യം യഥാശക്തി നിർവഹിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. കുട്ടികളുടെ ശാരീരികമായ വളർച്ചയോടൊപ്പം മാനസികമായ വികാസവും നേടിക്കൊടുക്കുന്നതിൽ രക്ഷാകർത്താക്കൾക്കും അധ്യാപകർക്കും ഒന്നുപോലെ ഉത്തരവാദിത്വമുണ്ട്. പ്രാഥമികവിദ്യാഭ്യാസകാലത്ത് അല്പം മാതൃഭാഷ പഠിച്ചു പോയാൽ കുട്ടിയുടെ ആങ്ഗലഭാഷാപഠനം അപകടത്തിലാകുമെന്നും അതുമൂലം അവന്റെ ഭാവി തന്നെ നശിച്ചുപോകുമെന്നുമുള്ള മിഥ്യാധാരണയിലാണ് കേരളത്തിലെ രക്ഷാകർത്താക്കളിൽ ഭൂരിഭാഗവും. ഈ തെറ്റായ ധാരണയുടെ പിടിയിൽ നിന്നു രക്ഷാകർത്താക്കളെ മോചിപ്പിക്കാനും കുറ്റമറ്റതും മനോഹരവുമായ മാതൃഭാഷയിലേക്ക് കുട്ടികളെയും

മുതിർന്നവരെയും കൂടുതൽ ആകൃഷ്ടരാക്കാനുമുള്ള നിരന്തരപരിശ്രമമാണ് മാധ്യമങ്ങൾ നടത്തേണ്ടത്.

അച്ചടിമാധ്യമമായ പത്രം, ശബ്ദമാധ്യമമായ റേഡിയോ, ശബ്ദ-ദൃശ്യ മാധ്യമമായ ടെലിവിഷൻ-ഇവയാണ് നമ്മുടെ മാധ്യമങ്ങൾ. ഇതേക്രമത്തിലാണ് ഇവ നമ്മുടെ മുന്നിലേക്കു വന്നതും. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ശതമാനം ജനങ്ങൾ പത്രം വായിക്കുന്ന സംസ്ഥാനം കേരളമാണ്. വാരികകളും മാസികകളും ഇവിടെ ധാരാളം ചെലവാകുന്നു. കഷ്ടിച്ച് അക്ഷരാഭ്യാസം നേടിയവരെ നല്ല വായനക്കാരാക്കി മാറ്റുന്നതു പത്രമാസികകളാണ്. അതുകൊണ്ട് തെറ്റില്ലാത്ത ഭാഷ, ശക്തിയും സൗന്ദര്യവുമുള്ള ഭാഷ-ഏറ്റവും ഫലപ്രദമായി പ്രചരിപ്പിക്കാൻ കഴിയുന്നത് അവയ്ക്കാണ്. അച്ചടിച്ചതൊക്കെ ശരിതന്നെയാണ് എന്നു കരുതുന്നവരത്രേ കുട്ടികളെപ്പോലെ സാമാന്യ ജനങ്ങളും. അതിനാൽ, ഈ പ്രസിദ്ധീകരണങ്ങളിലെ ഓരോ വാക്കും വാക്യവും ശ്രദ്ധാപൂർവം വായിച്ചുൾക്കൊള്ളുന്ന ഇവരുടെ മനസ്സിലേക്ക് ഓരോ അച്ചടിത്തെറ്റും കടന്നുകയറി ശരിയുടെ സ്ഥാനം കൈയടക്കും. അതുകൊണ്ട് ഒരു തെറ്റു പോലും കടന്നു കൂടാതെ ശ്രദ്ധിക്കേണ്ട ചുമതല പത്രാധിപന്മാരും മറ്റു പത്രപ്രവർത്തകരും ഉത്തരവാദിത്വബോധത്തോടെ നിർവഹിക്കണം.

### ദിനപത്രങ്ങളിലെ മലയാളം

മലയാളഭാഷയുടെ അഭിവൃദ്ധിക്കു വേണ്ടി നമ്മുടെ പത്രങ്ങൾ നല്കിയിട്ടുള്ള ബഹുമുഖമായ സേവനങ്ങൾ പ്രശംസാർഹമാണെന്നു സമ്മതിക്കാത്തവരില്ല. ഭാഷാശുദ്ധിയുടെ നിലവാരവും മികച്ചതായിരുന്നു. എന്നാൽ ഇന്ന് പത്രാധിപന്മാരുടെ അശ്രദ്ധകൊണ്ടും ഉദാസീനതകൊണ്ടും അജ്ഞതകൊണ്ടും പത്രപംക്തികളിൽ വന്നു കൂടുന്ന പലതരം തെറ്റുകൾക്കു കണക്കില്ല. 'ഏതു കടുപ്പമുള്ള വിഷയവും വായിക്കാൻ ജിജ്ഞാസ തോന്നിപ്പിക്കുന്ന വിധത്തിൽ പ്രതിപാദിക്കുന്നതിന്-' ഇതിൽ രണ്ടു തെറ്റുണ്ട്. 'ജിജ്ഞാസ' എന്ന വാക്കിന് 'അറിയാനുള്ള ആഗ്രഹം' എന്നാണർത്ഥം. ഇതറിയാത്തതുകൊണ്ടുതന്നെയല്ലേ 'വായിക്കാൻ ജിജ്ഞാസ' എന്നു പ്രയോഗിച്ചത്? 'വായിക്കാൻ ആഗ്രഹം' എന്നുമതിയല്ലോ. പല ക്രിയാരൂപങ്ങളിലും ആവശ്യമില്ലാതെ 'പ്പി' ചേർക്കുന്നത് ചിലരുടെ രീതിയാണ്. തോന്നുക-തോന്നിക്കുക. തോന്നിക്കുക=തോന്നൽ ഉണ്ടാക്കുക. 'ആഗ്രഹം തോന്നിക്കുന്ന വിധത്തിൽ'-എന്നു മതി. 'പ്പി' അധികപ്പറ്റാണ്.

'ഇക്കാര്യത്തിൽ പ്രതിപക്ഷനേതാവിന്റെ അഭിപ്രായത്തിനാണ് കൂടുതൽ പ്രാധാന്യമർഹിക്കുന്നത്'- തെറ്റ്. 'പ്രാധാന്യമുള്ളത്' എന്നാക്കിയാൽ ശരി. അല്ലെങ്കിൽ 'അഭിപ്രായമാണ് 'എന്നാക്കണം. 'ആ റൂട്ട് നഷ്ടത്തിലാണെന്നും അതുകൊണ്ട് ഓട്ടം നിർത്താനും പിന്നീടു തീരുമാനമായി'-തെറ്റ്. ഇതിൽ 'നഷ്ടത്തിലാണെന്നും' 'ഓട്ടം നിർത്താനും'-ഇവ രണ്ടും 'തീരുമാനമായി' എന്നതിനോടു ഘടിപ്പിച്ചിരിക്കുകയാണ്. ഇതു തെറ്റ്. 'ആ റൂട്ട് നഷ്ടത്തിലായതുകൊണ്ട് ഓട്ടം നിർത്താനും പിന്നീടു തീരുമാനമായി'-ശരി.

കേരളാമുഖ്യമന്ത്രി, കേരളാഗവണ്മെന്റ് കേരളാഗവർണ്ണർ-ഇങ്ങനെ മാത്രമേ ഏതു പത്രത്തിലും കാണാനുള്ളൂ. കേരളത്തിന്റെ മുഖ്യമന്ത്രി 'കേരളമുഖ്യമന്ത്രി' ആണ്. 'കേരളാ' എന്ന നീട്ടൽ ആവശ്യമില്ല. അതുപോലെ 'കേരളഗവണ്മെന്റ്, കേരളഗവർണ്ണർ-ഇവ ശരി. 'പിന്നോക്കം' 'മുന്നോക്കം' ഈ വാക്കുകൾക്ക് ഒരർത്ഥവുമില്ല. പിന്നിലേക്കുള്ള ഓക്കം-ആണോ? ഇതിലെ 'ഓക്കം' എന്ന വാക്ക് മലയാളത്തിലോ തമിഴിലോ ഇല്ല. പിന്നിലേക്കുള്ള ആക്കം=പിന്നോട്ടുള്ള തള്ളൽ, നീക്കം, ഈ അർത്ഥമാണല്ലോ പത്രങ്ങളും വായനക്കാരും സങ്കല്പിക്കുന്നത്. ഈ തെറ്റു മനസ്സിലാക്കി അടുത്ത കാലത്ത് മിക്ക പത്രങ്ങളും 'പിന്നാക്കസമുദായം' 'മുന്നാക്കാവസ്ഥ' എന്നിങ്ങനെ പ്രയോഗിക്കുന്നുണ്ട്. എന്നാൽ ചില പ്രസിദ്ധീകരണങ്ങളും ചില എഴുത്തുകാരും 'പിന്നോക്കാവസ്ഥ' യിൽത്തന്നെ കഴിയുകയാണ്.

'തെരഞ്ഞെടുപ്പ്' എന്ന് അച്ചടിച്ചിരുന്ന പല പത്രങ്ങളും ഇപ്പോൾ 'തിരഞ്ഞെടുപ്പ്' എന്ന ശരിയായ രൂപം തന്നെ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, ചില പത്രങ്ങൾ ഇപ്പോഴും 'തെ' എന്ന തെറ്റായ ലിപിവിന്യാസം തന്നെ തുടരുന്നു. വാക്കുകളിൽ ആദ്യം



പ്രസിദ്ധീകരണങ്ങളിലെ ഓരോ വാക്കും വാക്യവും ശ്രദ്ധാപൂർവം വായിച്ചുൾക്കൊള്ളുന്ന കുട്ടികളും സാമാന്യ ജനങ്ങളും അച്ചടിച്ചതൊക്കെ ശരിതന്നെ എന്നാണ് കരുതുന്നത്. ഇവരുടെ മനസ്സിലേക്ക് ഓരോ അച്ചടിത്തെറ്റും കടന്നുകയറി ശരിയുടെ സ്ഥാനം കൈയടക്കും.

വരുന്ന 'ഇ' എന്ന സ്വരം സൗകര്യത്തിനു വേണ്ടി 'എ' എന്നുച്ചരിക്കുക മലയാളികളുടെ ശീലമാണ്. പക്ഷേ, ഇത് ഉച്ചാരണത്തിൽ മാത്രമേ ഉള്ളൂ. എഴുത്തിൽ സകലരും 'ഇ' തന്നെ ഉപയോഗിക്കുന്നു. 'വെറക്' 'വെല' എന്നെല്ലാം പറയുന്ന കഷ്ടിച്ച് അക്ഷരാഭ്യസമുള്ളവർ പോലും 'വിറക്' 'വില' എന്നേ എഴുതൂ. ഇതൊന്നും ആലോചിക്കാതെയാണ് ചില പത്രാധിപന്മാർ 'തെരഞ്ഞെടുപ്പ്' തന്നെ ഉപയോഗിക്കുന്നത്.

പത്രങ്ങൾ പ്രചരിപ്പിച്ചുകൊണ്ടേ ഇരിക്കുന്ന മറ്റൊരു തെറ്റായ രൂപമാണ് 'പുനപ്പരിശോധന'. മനഃ+സാക്ഷി=മനസ്സാക്ഷി. തപഃ+ശക്തി=തപശ്ശക്തി. ഇവ രണ്ടും ശരി. ഇതുപോലെ പുനഃ+പരിശോധന–പുനപ്പരിശോധന ആകും എന്ന് പലരും ധരിച്ചു പോകുന്നു. എന്നാൽ ഇവിടെ അങ്ങനെയാവില്ല. കാരണം ശ, ഷ, സ–ഇവ ഉത്തരപദത്തിന്റെ–വലതുവശത്തിരിക്കുന്ന പദത്തിന്റെ–ആദ്യം വരുമ്പോൾ മാത്രമേ വിസർഗത്തിനു പകരം അതേ അക്ഷരം വരൂ. അതിനാൽ, 'പുനഃപരിശോധന' എന്ന് ഒരു മാറ്റവും വരുത്താതുള്ള രൂപമാണു ശരി. മനഃ+കാഠിന്യം=മനഃകാഠിന്യം. തപഃ+ഫലം=തപഃഫലം–ഇവ ശരി. 'ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഏതന്വേഷണത്തിനും സന്നദ്ധമാണെന്ന്—' തെറ്റ്. മുഖ്യമന്ത്രി പുരുഷപ്രജ ആയതുകൊണ്ട് 'സന്നദ്ധനാണെന്ന്' എന്നു വേണം. 'കുട്ടികളെ പ്രാപ്തമാക്കുന്ന' 'അദ്ധ്യാപകരെ സജ്ജമാക്കാൻ' ഇവ രണ്ടും ഒരേ മുഖപ്രസംഗത്തിൽ ഉണ്ടായിരുന്നതാണ്. 'പ്രാപ്തരാക്കുന്ന' എന്നും 'സജ്ജരാക്കുന്ന' എന്നും ആയാലേ ശരിയാകൂ.

വളർച്ചാനിരക്ക്, വായ്പാനയം, വായനാമത്സരം–ഇങ്ങനെയുള്ള വാക്കുകൾ പത്രങ്ങളിൽ ധാരാളം വരുന്നുണ്ട്. ഇവ തെറ്റാണ്. വളർച്ച, വായ്പ, വായന–ഇവ മലയാളപദങ്ങളായതുകൊണ്ട് വളർച്ച നിരക്ക്, വായ്പ നയം, വായനമത്സരം–ഇവ ശരി. അടുത്ത കാലത്ത് ഒരു പത്രത്തിൽ 'റബർക്കറാസംഭരണം' എന്നൊരു രൂപവും കണ്ടു. 'റബർക്കറസംഭരണം' ശരി.

'ഭാസ്കരൻ പഞ്ചായത്തു കമ്മിറ്റിയിൽ കമ്മ്യൂണിസ്റ്റുപാർട്ടിയെയാണ് പ്രതിനിധീകരിക്കുന്നത്'–എന്ന പ്രയോഗം തെറ്റാണ്. പ്രതിനിധീകരിക്കുക=പ്രതിനിധിയാക്കുക. ഭാസ്കരൻ അയാൾക്കു പകരം കമ്മ്യൂണിസ്റ്റുപാർട്ടിയെ കമ്മിറ്റിയിലേക്കയച്ചു–എന്നാണ് ആ വാക്യത്തിന്റെ അർത്ഥം. '.... കമ്മ്യൂണിസ്റ്റുപാർട്ടിയെയാണ് പ്രതിനിധാനം ചെയ്യുന്നത്'–ശരി. ദേശവൽക്കരിക്കുക, ഉദാരവൽക്കരിക്കുക, ലളിതവൽക്കരിക്കുക–എന്നീ രൂപങ്ങൾ പല പത്രങ്ങളിലെയും മുഖപ്രസംഗങ്ങളിൽപോലും കണ്ടിട്ടുണ്ട്. എല്ലാം തെറ്റാണ്. 'ദേശവൽക്കൃതബാങ്കുകളിൽ–'ദേശത്തിന്റേതല്ലാതിരുന്ന ബാങ്കിനെ ദേശത്തിന്റേതാക്കി–എന്നാണ് ഉദ്ദേശിക്കുന്നത്. അതിന് സംസ്കൃതത്തിലെ 'സാത്' എന്ന പ്രത്യയമാണ് ചേർക്കേണ്ടത്. ദേശ+സാത്+കൃതബാങ്ക്= ദേശസാത്കൃതബാങ്ക്–ശരി. ദേശസാത്കരിക്കുക, ദേശസാത്കരണം–ഇവയും ശരി. ദേശീകരണം, ദേശവൽക്കരണം, ദേശീയീകരിക്കുക–എല്ലാം തെറ്റാണ്. 'ഉദാരവൽക്കരണനയം'തെറ്റ്. ഉദാരമല്ലാതിരുന്നതിനെ ഉദാരമാക്കി എന്നർത്ഥം കിട്ടാൻ 'ഉദാരീകരിച്ചു' എന്നു വേണം. 'ഉദാരീകരണനയം'–ശരി. ഇതുപോലെ, 'ലളിതവൽക്കരിക്കുക' തെറ്റും 'ലളിതീകരിക്കുക'ശരിയുമാണ്. ധാരാളമായി പ്രയോഗിച്ചു വരുന്ന 'ദൂരീകരിക്കുക' 'ഭസ്മീകരിക്കുക' 'മധുരീകരിക്കുക' ഇവയെല്ലാം ശരി തന്നെയാണ്. 'ശോകാശങ്കയെഴാത്ത ശുദ്ധസുഖവും ദു:ഖീകരിക്കുന്നതാം—' എന്ന കുമാരാശാന്റെ 'പ്രരോദന'ത്തിലെ 'ദു:ഖീകരിക്കുന്നതാം' എന്ന പ്രയോഗം ഓർക്കുക.

### ആകാശവാണിയിലെ ഉച്ചാരണം

കേൾപ്പിക്കുക മാത്രം ചെയ്യുന്ന മാധ്യമമായതുകൊണ്ട് നല്ല ഉച്ചാരണം പ്രചരിപ്പിക്കാൻ റേഡിയോ ഏറ്റവും കൂടുതൽ പ്രയോജനപ്പെടും. തെറ്റായ പ്രയോഗങ്ങളും അതിലൂടെ 'നന്നായി' പ്രചരിക്കും എന്നത് എല്ലാ പ്രയോക്താക്കളും ഓർത്തിരിക്കണം. അവിടത്തെ പ്രവർത്തകരുടെ ഉച്ചാരണം താരതമ്യേന പറഞ്ഞാൽ നല്ലതാണ്. പുതുതായി നിയമിക്കുന്നവരുടെ ഭാഷയും ഉച്ചാരണവും മെച്ചപ്പെടുത്താൻ വേണ്ട പരിശീലനം അവിടെ നല്കുന്നുണ്ട് എന്നാണറിവ്. എന്നാൽ, രാഷ്ട്രീയം, ഭരണം, സിനിമ തുടങ്ങിയുള്ള രംഗങ്ങളിലെ പ്രമുഖരെ പ്രഭാഷണത്തിനും ചർച്ചയ്ക്കുമൊക്കെ ക്ഷണിക്കാറുണ്ടല്ലോ. അങ്ങനെ വരുന്നവരിൽ പലരും, സ്വന്തം ഭാഷയ്ക്ക് എന്തെങ്കിലും പോരായ്മയുണ്ടാകുമോ എന്ന ചിന്ത അല്പം പോലുമുള്ളവരാവില്ല. പാച്ഛാത്തലം, പാന്ഥാവ്, വിദ്യബ്യാസം, സമസ്ഥാനം, ദാർമ്മീകം, ബൗതീകം, മോഷ്ഷം, ആൽമീയം, കദാഗഡന, ബാവപ്രദാനം–എന്നൊക്കെ അവർ പറയും. (പശ്ചാത്തലം, പന്ഥാവ്, വിദ്യാഭ്യാസം, സംസ്ഥാനം, ധാർമ്മികം, ഭൗതികം, മോക്ഷം, ആത്മീയം. കഥാഘടന, ഭാവപ്രധാനം–ഇവ ശരി). പ്രശസ്തരായ ഇവരുടെ ഉച്ചാരണം തെറ്റാണെന്ന് കുട്ടികളും സാമാന്യജനങ്ങളും അറിയുന്നേ ഇല്ലല്ലോ. എന്നുതന്നെയല്ല, അവയെല്ലാം മികച്ച ഉച്ചാരണങ്ങളാണെന്ന ധാരണയിൽ അപ്പാടെ സ്വാംശീകരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യും. ആ പ്രഭാഷകരുടെ തെറ്റുകൾ തിരുത്താൻ ആർക്കെങ്കിലും കഴിയുമോ? സ്വന്തം ഭാഷയിൽ തെറ്റൊന്നും

> നല്ല ഭാഷയും സംസ്കാരവും പ്രചരിപ്പിക്കാൻ ടെലിവിഷൻ ചാനലുകൾക്ക് അനായാസം കഴിയും

## ഔദ്യോഗിക ഭാഷാ സമിതികൾ

സംസ്ഥാനത്തെ ഭരണഭാഷ മാറ്റപുരോഗതി വിലയിരുത്തിന്നതിനും ആവശ്യമായ നടപടികൾ യഥാസമയം കൈക്കൊള്ളുന്നതിനുമായി വിവിധ തലങ്ങളിൽ ഔദ്യോഗിക ഭാഷാസമിതികൾ പ്രവർത്തിച്ചു വരുന്നു. താലൂക്ക് തലത്തിൽ തഹസീൽദാർ അദ്ധ്യക്ഷനും കൺവീനറുമായ സമിതി രണ്ടു മാസത്തിലൊരിക്കൽ യോഗം ചേർന്ന് താലൂക്ക് തല ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യും. നിശ്ചിത ഫോറത്തിൽ എല്ലാ മാസവും ഏഴാം തീയതിക്കുമുമ്പ് മുൻമാസത്തെ പുരോഗതി വിവരപ്പട്ടിക നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ അവലോകനം. ഭരണഭാഷ മലയാളമാക്കിയിട്ടുള്ള വകുപ്പുകളിലെ താലൂക്കുതല ഉദ്യോഗസ്ഥരാണ് ഇതിലെ അംഗങ്ങൾ.

ജില്ലാകളക്ടർ അദ്ധ്യക്ഷനും ഡപ്യൂട്ടി കളക്ടർ (ജനറൽ) കൺവീനറും ആയിട്ടുള്ള ജില്ലാതലസമിതി മൂന്നുമാസത്തിലൊരിക്കൽ യോഗം ചേർന്ന് ജില്ലയിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നു. ഭരണഭാഷ മലയാളമാക്കിയിട്ടുള്ള വകുപ്പികളുടെയും സ്ഥാപനങ്ങളുടെയും ജില്ലാ ഓഫീസർമാരും തഹസീൽ ദാറുമാണ് ഈ സമിതിയിലെ അംഗങ്ങൾ. യോഗത്തിൽ ജില്ലാ ഓഫീസർമാർ നിർബന്ധമായും പങ്കെടുക്കണമെന്ന് നിർദേശമുണ്ട്. യോഗനടപടിക്കുറിപ്പ് രണ്ടാഴ്ചയ്ക്കുള്ളിൽ ഔദ്യോഗികഭാഷാ വകുപ്പിന് ലഭിച്ചിരിക്കണം.

സംസ്ഥാനതല ഔദ്യോഗിക ഭാഷാ സമിതിയുടെ അദ്ധ്യക്ഷൻ ചീഫ് സെക്രട്ടറിയാണ്. നാലു മാസത്തിലൊരിക്കലാണ്

യോഗം ചേരുന്നത്. ഭരണഭാഷ മലയാളമാക്കിയ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും തലവൻമാർ, ജില്ലാ കളക്ടർമാർ, ഭരണവകുപ്പ് സെക്രട്ടറിമാർ-ഇവരാണ് സംസ്ഥാനതല സമിതിയിലെ അംഗങ്ങൾ. സംസ്ഥാനതല സമിതിയുടെ യോഗനടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് ഉന്നതതലസമിതിയിൽ ഭാഷാമാറ്റത്തിനാവശ്യമായ നയപരമായ നടപടികൾ കൈക്കൊള്ളുന്നത്.

മുഖ്യമന്ത്രി അദ്ധ്യക്ഷനും സാംസ്കാരികവകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനുമായ ഉന്നതതല സമിതി ആറുമാസത്തിലൊരിക്കൽ യോഗം ചേരുന്നു.

മേൽപ്പറഞ്ഞവയ്ക്കു പുറമെ നിയമസഭയുടെ ഔദ്യോഗിക ഭാഷാ സമിതിയും പ്രവർത്തിച്ചു വരുന്നു. ഭരണഭാഷ സംബന്ധിച്ച വിഷയങ്ങളിൽ സർക്കാരിന് ഉചിതമായ നിർദേശങ്ങൾ സമർപ്പിക്കുകയും വകുപ്പുതലത്തിലും ജില്ലാതലത്തിലും ഔദ്യോഗിക ഭാഷ സംബന്ധിച്ച ഉത്തരവുകളുടെ പാലനം ഉറപ്പുവരുത്തി തെളിവെടുപ്പ് നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നത് ഔദ്യോഗികഭാഷാ സമിതിയാണ്.

### ഔദ്യോഗിക ഭാഷ സംബന്ധിച്ച ഗ്രന്ഥങ്ങൾ

1. ഇംഗ്ലീഷ് - മലയാളം ഭരണശബ്ദകോശം
2. ഇംഗ്ലീഷ് -മലയാളം ഭരണശബ്ദസഹായി
3. ഭരണഭാഷാപ്രയോഗ പദ്ധതി
4. ഭരണഭാഷാ പഠനപദ്ധതി
5. ഭരണഭാഷ
6. ഔദ്യോഗിക സംബന്ധമായി സർക്കാർ പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളും സർക്കുലറുകളും
7. പദകോശം

വന്നുകൂടാ എന്ന വാശിയുള്ളവരല്ലേ സ്വയം ഭാഷാശുദ്ധിഗ്രന്ഥങ്ങളെ ആശ്രയിക്കൂ?

## ടെലിവിഷൻ

'ദൂരദർശൻ' ആണ് ആദ്യം വന്നത്. അതിലെ വിവിധ പരിപാടികളുടെയും മലയാളഭാഷയുടെയും നിലവാരം പൊതുവെ അല്പാല്പമെങ്കിലും മെച്ചപ്പെട്ടു കൊണ്ടിരിക്കുകയാണ് എന്നു വേണം പറയാൻ. ആദ്യകാലത്ത് അവതാരകരിൽ പ്രധാനപ്പെട്ട ചിലർ ചെറിയ തോതിലെങ്കിലും വരുത്തിയിരുന്ന ഭാഷാവൈകല്യങ്ങളെക്കുറിച്ച് ഞാൻ ലേഖനമെഴുതിയിട്ടുണ്ട്. എന്നാൽ ഇന്നു നമുക്കു മുന്നിൽ പല സ്വകാര്യചാനലുകൾ കൂടിയുണ്ട്. അക്കൂട്ടത്തിൽ ചിലവ തമ്മിൽ വികൃതമലയാളം പ്രചരിപ്പിക്കുന്ന വിഷയത്തിൽ കടുത്ത മത്സരം നടക്കുകയുമാണ്. ഈ അവസ്ഥയിൽ ദൂരദർശനിലെബ്ഭാഷയ്ക്കു വല്ല പോരായ്മയുമുള്ളതായിത്തോന്നിയാൽത്തന്നെ എടുത്തുപറയാൻ കഴിയുന്നില്ല.

ശബ്ദപ്പൊലിമയോടൊപ്പം വർണ്ണഭംഗിയാർന്ന ദൃശ്യങ്ങൾ കൂടിയുള്ളതുകൊണ്ട് മുതിർന്നവരെയും കുട്ടികളെയുമെല്ലാം ടെലിവിഷൻ വളരെയേറെ ആകർഷിക്കുന്നു. ഇന്നു സമൂഹത്തിൽ അവയ്ക്കുള്ള സ്വാധീനത നമുക്കു സങ്കല്പിക്കാവുന്നതിലും എത്രയോ അധികമാണ്. മാതൃഭാഷയുടെയും കേരളസംസ്കാരത്തിന്റെയും അഭിവൃദ്ധിപ്പെടുത്തലും പ്രചാരണവുമാണ് പ്രവർത്തനലക്ഷ്യമെന്ന് ഇവയെല്ലാം പ്രഖ്യാപിച്ചിട്ടുണ്ട്. നല്ല ഭാഷയും നല്ല സംസ്കാരവും പ്രചരിപ്പിക്കാൻ ഇവ

> ഭാഷാവൈകൃതങ്ങൾക്കു മകുടം ചാർത്തുന്ന ഭാഷയാണ് ചാനലുകളിലെ സംഗീത–നൃത്ത–ഷോകളുടെ അവതാരകർ പ്രയോഗിക്കുന്നത്

യ്ക്ക് അനായാസം കഴിയും എന്നതിൽ സംശയമില്ലതാനും. എന്നാൽ ദൗർഭാഗ്യമെന്നു പറയട്ടെ, ചില ചാനലുകളെങ്കിലും ശ്രമിക്കുന്നതു ചപലസംസ്കാരവും അതിനു ചേർന്ന വികൃതമലയാളവും പ്രചരിപ്പിക്കാനാണ്.

## ചാനലുകളിലെ വികൃതമലയാളം

ഒരു ചലച്ചിത്രസംവിധായകനും അവതാരകയും തമ്മിൽ നടത്തിയ സംഭാഷണം ഓർക്കുന്നു. "അങ്ങ് വിവിദ ബാഷകളിൽ ദാരാളം സിനിമ സംബാവന ചെയ്തിട്ടുള്ള ഒരു സംവിദായക പ്രതിബയാണല്ലോ. സിനിമയിൽ കദയ്ക്കാണോ മുക്ക്യസ്താനം?" സംവിധായകൻ മറുപടിയിൽ വിവിധ, ഭാഷ, ധാരാളം, സംഭാവന, കഥ, മുഖ്യസ്ഥാനം - എന്നിവ തികച്ചും സ്ഫുടമായുച്ചരിക്കാൻ ശ്രദ്ധിച്ചു. (സംവിധായകൻ, പ്രതിഭ ഇവ ശരി) എന്നിട്ടോ? പെൺകുട്ടി അദ്ദേഹത്തിന്റെ തിരുത്തിപ്പറച്ചിൽ ഒട്ടുമേ മനസ്സിലാക്കാതെ തെറ്റായ ഉച്ചാരണങ്ങൾ തന്നെ ആവർത്തിച്ചു. കൂടാതെ, ബാവം, അബിനയം, ശുദ്ദസംഗീതം, ബീകരം (ഭാവം, അഭിനയം ശുദ്ധസംഗീതം, ഭീകരം-ശരി) തുടങ്ങിയ പുതിയ തെറ്റുകളും അവതരിപ്പിച്ചു.

ചലച്ചിത്രഗാനം ആവശ്യപ്പെട്ടവരുമായി ഫോണിലൂടെ സംസാരിക്കുമ്പോൾ 'പ്രൈമറി'ക്കുട്ടികളോടും വീട്ടമ്മമാരോടുമെല്ലാം, അവർക്കും പ്രേക്ഷകർക്കും മനസ്സിലാകുമോ എന്ന ഒരു ചിന്തയുമില്ലാതെയാണ് അവതാരകർ ലളിതമായ മലയാളപദങ്ങൾക്കുപകരം ആങ്ഗലപദം ചേർത്തുള്ള കൊഞ്ഞമലയാളം പറയുന്നത്! ഏതാനും വർഷം മുൻപ് ഒരു ചാനലിൽ അവതാരകയായിച്ചേർന്ന പെൺകുട്ടിയുടെ പിതാവ് എന്നോടു പറഞ്ഞു: "ആവുന്നത്ര ശ്രമിച്ച് ഞാൻ അവളെ നല്ല ഉച്ചാരണം ശീലിപ്പിച്ചിട്ടുണ്ട്. പക്ഷേ, ചാനലിന്റെ നടത്തിപ്പുകാർ നിർദ്ദേശിച്ചിരിക്കുന്നത്, 'ഇത്രയും നല്ല ഉച്ചാരണമൊന്നും പാടില്ല. സാധാരണക്കാർ വീട്ടിലൊക്കെപ്പറയുന്നതുപോലുള്ള രീതിയിലേ പറയാവൂ' എന്നാണ്." പിന്നെങ്ങനെയാണ് ചാനലുകളിൽ നല്ല ഭാഷ വരുക? ഭാഷാവൈകൃതങ്ങൾക്കു മകുടം ചാർത്തുന്ന രീതിയിലുള്ള ഭാഷയാണ് അടുത്തിടെ ചാനലുകളിൽ വന്നിട്ടുള്ള സംഗീത-നൃത്ത-ഷോകളുടെ അവതാരകർ കേൾപ്പിക്കുന്നത്. വിധികർത്താക്കളിൽ ചിലർക്ക് ഇംഗ്ലണ്ടിൽ നിന്നു നേരെ വന്നിറങ്ങിയവരാണെന്ന ഭാവമാണ്. ഇടയ്ക്ക് ചില തേഞ്ഞ മലയാളവാക്കുകൾ കൂടി ഉച്ചരിക്കുന്നത് എത്ര പ്രയാസപ്പെട്ടാണെന്നോ!

നല്ല വാർത്തവായനക്കാരിൽ ചിലർ പോലും 'faa'ഷ, 'faa'രതം, സ്രീമാൻ, സ്വാസ്രയം, വിസ്വാസം, സാസ്ത്രം (ഭാഷ, ഭാരതം, ശ്രീമാൻ, സ്വാശ്രയം, വിശ്വാസം, ശാസ്ത്രം ഇവ ശരി) എന്നെല്ലാം ഉച്ചരിക്കുന്നുണ്ട്. ദൂരസ്ഥലങ്ങളിൽനിന്നു വാർത്ത വിളിച്ചറിയിക്കുന്നവരുടെ ഉച്ചാരണത്തെറ്റുകൾ വായനക്കാരുടേതിൽ നിന്നു വളരെക്കൂടുതലാണ്. ഇവരുടെ ഉച്ചാരണത്തിലെ തെറ്റുകൾ ശ്രദ്ധിച്ചു മനസ്സിലാക്കാനും അവ തിരുത്തിക്കൊടുക്കാനും ഭാരവാഹികൾക്കു താത്പര്യമുണ്ടായാലല്ലേ ഭാഷ നന്നാകൂ? വരുമാനം വർദ്ധിക്കുന്നതിന് അതൊന്നും തടസ്സമാവില്ല എന്നു അവർക്കു നന്നായറിയാം.

ഒരിക്കൽ ഒരു ചാനലിലെ വാർത്തയിൽ രണ്ടു തെറ്റുകളുണ്ടായിരുന്നൂ. വാർത്ത തീർന്ന ഉടൻ ഞാൻ അന്നത്തെ എഡിറ്ററെ ഫോണിൽ വിളിച്ചു കാര്യം പറഞ്ഞു. അപ്പോൾ ശുദ്ധഗതിക്കാരനായ അദ്ദേഹം പെട്ടെന്നു പറഞ്ഞു: "അയ്യോ! സാർ, സാറിന്റെ എല്ലാ പുസ്തകങ്ങളും എന്റെ എഴുത്തുമേശയിൽത്തന്നെ വച്ചിരിക്കുകയാണ്." പിന്നെ ഞാൻ എന്തു പറയും?■

എസ്. കലേഷ്

# ഇനി നമുക്കു ബൂലോ

*ചരിത്രം ഉറങ്ങിക്കിടക്കുന്ന പാലക്കാടൻ മണ്ണിൽ കമ്മ്യൂണിസത്തിന്റെ ചെങ്കണ്ണുമായി ക്യാംപസുകളിൽ കവിതചൊല്ലിയും കലാപങ്ങൾ ഉണ്ടാക്കിയും പ്രണയിച്ചും ഒത്തുകിട്ടുന്ന സാഹചര്യങ്ങളിലൊക്കെ വിദേശ ശക്തികളെ കൊഞ്ഞനംകുത്തിയും നടന്ന, അവസാനം ഒരു വിദേശ ശക്തിയുടെ ആക്രിസാധനങ്ങൾ (കംപ്യൂട്ടർ) തെരുവിൽ വില്ക്കാൻ വിധിക്കപ്പെട്ട, ആത്മീയതക്കും മാർക്സിസത്തിനുമിടയിൽ ഒറ്റപ്പെട്ടുപോയ ഒരു പാവം റൊമാന്റിക്. കുഞ്ചനും, വികെ എന്നും ഒ വി വിജയനും പാലക്കാട് മണിഅയ്യരും ചെമ്പൈയും ഒഴിച്ചിട്ടുപോയ കസേരകളിലേക്ക് നോക്കി അന്തം വിട്ടു നിൽക്കുന്ന ഒരു പാവം പാലക്കാടുകാരൻ.*

*കടപ്പാട്: thathhaagathan.blogspot.com*

ബാംഗ്ലൂരിൽ നിന്നും തഥാഗതൻ എന്ന മലയാളി ബ്ലോഗർ സ്വന്തം ബ്ലോഗിൽ ഇങ്ങനെയാണ് സ്വയം പരിചയപ്പെടുത്തിയിരിക്കുന്നത്.

ലോകവും ടെക്നോളജിയും നൂറുമീറ്റർ വേഗത്തിൽ പായുമ്പോൾ ആത്മാവിഷ്കാരത്തിന്റെയും പ്രസാധനത്തിന്റെയും ഒരു പുതുവഴിയാണ് മലയാളികൾക്കു മുമ്പിൽ തുറന്നിരിക്കുന്നത്. യൂനികോഡ് അക്ഷരശൈലിയുടെ കടന്നുവരവോടുകൂടി വിപ്ലവാത്മകമായ മുന്നേറ്റമാണ് മലയാളം ബ്ലോഗിങ്ങിൽ (ബൂലോകത്ത്) ഉണ്ടായത്.

### മലയാളം ബ്ലോഗുകളുടെ സാധ്യതകൾ

മലയാളം ബ്ലോഗുകളുടെ കടന്നുവരവോടെ വായനയുടെയും എഴുത്തിന്റെയും പുത്തൻലോകം ഇന്റർനെറ്റിൽ രൂപപ്പെട്ടു. ബ്ലോഗിങ്ങിലെ ഏറ്റവും വലിയ സാധ്യത കൈയെത്തും ദൂരത്ത് അതിന്റെ ചരിത്രം സൂക്ഷിക്കാൻ കഴിയുന്നു എന്നതാണ്. ഇപ്പോൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്ന ഏതൊരു രചനയും അനേകം വർഷങ്ങൾക്കു ശേഷവും ഒരു മൗസ്ക്ലിക്കിലൂടെ കണ്ടെടുക്കാൻ കഴിയും. അച്ചടിമാധ്യമത്തിന്റെ പരിമിതിയെ ഇങ്ങനെയാണ് പുതുമാധ്യമങ്ങളായ ബ്ലോഗുകൾ മറികടക്കുന്നത്.

> പ്രവാസിയുടെ ജീവിതത്തെയും സ്വപ്നങ്ങളെയും നാടുമായി ബന്ധിപ്പിക്കുന്നു, ബ്ലോഗുകൾ

മലയാളം ബ്ലോഗുകളുടെ മുന്നേറ്റത്തിലൂടെ ലോകമെമ്പാടുമുള്ള മലയാളികളെ ഒരു സർക്കിളിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞു എന്നതാണ് വാസ്തവം.

ഒക്ടോബർ പത്താം തീയതി വൈകുന്നേരം Sujanika.blogspot.com ൽ വന്ന ഒരു പോസ്റ്റാണിത്.

*ആദരാഞ്ജലികൾ....*

*മഹാവൃക്ഷങ്ങൾ നിലം പതിക്കുകയാണ്...നമ്മിൽ വൻ വിടവുകൾ സൃഷ്ടിച്ചുകൊണ്ട്*

*സി.വി ശ്രീരാമന് പ്രണാമം.....*

തുടർന്ന് ആ പേജിന്റെ പ്രതികരണങ്ങളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മലയാളികളുടെ ആദരാഞ്ജലികൾ വന്നതായി കാണാം. ഇത് സൂചിപ്പിക്കുന്നത് വിദൂരദേശങ്ങളിലെ മലയാളികളെ സ്വദേശവുമായി ബന്ധപ്പെടുത്തുന്ന ചരടായി ബ്ലോഗുകൾ മാറിക്കഴിഞ്ഞുവെന്നാണ്.

### വിഷയങ്ങളുടെ വൈവിധ്യം

*ജുറാസ്സിക് പാർക്കിനെപ്പറ്റി അത് കണ്ട കാലത്ത് ആലോചിച്ചുണ്ടാക്കിയ ഒരു വാചകം ഉണ്ടായിരുന്നു. inside every man there is a jurassic park. ഇന്നലെ രാവിലെ പി. ലീല ആലപിച്ച ഹരിനാമ കീർത്തനം കേട്ടുകൊണ്ടിരിക്കെ ഞെട്ടിപ്പോയി. (മുമ്പ് പലതവണ വായിച്ചപ്പോഴും ശ്രദ്ധിച്ചിട്ടില്ലായിരുന്നു). പത്തഞ്ഞൂറു കൊല്ലം മുമ്പ് എഴുത്തച്ഛൻ എഴുതിയിരിക്കുന്നു.*

*ജന്തുക്കളുള്ളിൽ വിലസീടുന്നു പാർക്കിലിഹ......ബൂലോക കവികളിൽ ഹരിനാമ കീർത്തനം വായിക്കാത്തവർ കവിതയുടെ ഈ സഫാരിപാർക്ക് മിസ്സാക്കല്ലെ....*

*കടപ്പാട്: valippukal.blogspot.com*

*സ്കൂളിനെ കുറിച്ചൊരു ചെറുകാവ്യം. ആദ്യാക്ഷരം പഠിപ്പിച്ച ആശാത്തിയെക്കൊണ്ട് പ്രകാശനം ചെയ്യിപ്പിക്കണമെന്ന ആഗ്രഹം. നടന്നില്ല അതിനും മുമ്പ് കടല് കടന്നു*

*പിന്നെ കവിത മിണ്ടാതായി.*

*അറിയുമോന്ന് ചോദിച്ചാല്*

*അറിയുമെന്ന ഒഴുക്കൻ മട്ടില്....*

# കത്തിൽ ജീവിക്കാം

*ഉയിരുള്ള നാൾ വരെ കൂടെയുണ്ടാവുമെന്ന് സത്യം ചൊല്ലിയ കൂട്ടുകാരിയെ മറ്റേതോ കാലത്തില് ഒരു ബസ്സ്റ്റോപ്പില് കൈക്കുഞ്ഞുമായി കണ്ടുമുട്ടുന്നതുപോലെ........*

*കടപ്പാട് Kuzhoorwilson.blogspot.com*

*നിർമലടാക്കീസിനെക്കുറിച്ച് ഒരു ക്ഷുദ്രകവിത*

*നിർമലാടാക്കീസിൽ*
*മൂന്നുഷോ രാസലീല*
*നൂൺഷോ വനക്രീഡ*
*തെങ്ങിൽ തൂങ്ങുന്ന പരസ്യവും*
*കോളാമ്പിയിൽപതറുന്ന പാട്ടും*
*ഞെരുങ്ങിക്കരയുന്ന വാതിലും കടന്ന്*
*പാത്തും പതുങ്ങി ഉള്ളിലെത്തി*

..........................................................

*manojkuroor2.blogspot.com*

തമാശ കലർന്ന കുറിപ്പുകൾ, ആത്മാംശം കലർന്ന എഴുത്തുകൾ, കവിതകൾ, കഥകൾ അങ്ങനെ വൈവിധ്യമാർന്ന വിഷയങ്ങളാണ് ബൂലോകത്തിലുള്ളത്. പ്രവാസിമലയാളികളാണ് ബ്ലോഗുകളിൽ കൂടുതലുമുള്ളത്. ജോലി, ഓഫീസ്, വീട് എന്നിങ്ങനെ തീർത്തും വേഗത്തിൽ ഓടുന്ന പ്രവാസിജീവിതം സ്വന്തം നാടിനെ കണ്ടെത്തുന്ന ഇടമെന്ന് മലയാളം ബ്ലോഗിനെ വിശേഷിപ്പിക്കാം.

**പ്രസിദ്ധീകരിക്കാൻ ചെലവില്ല, പത്രാധിപരുടെ കനിവും വേണ്ട**

മുമ്പ് സൂചിപ്പിച്ച സി.വി.ശ്രീരാമന്റെ ചരമവാർത്ത സൂചിപ്പിക്കുന്നത് ബ്ലോഗിങ്ങിലൂടെ ദ്രുതഗതിയിലുള്ള വാർത്താപ്രചരണം നടക്കുന്നു എന്നതാണ്. കൂടാതെ അഭിപ്രായ രൂപീകരണങ്ങളും ചർച്ചകളും സർവെകളും നടക്കുന്നുണ്ട്. ബ്ലോഗുകളുടെ കടന്നുവരവോടുകൂടി സ്വതന്ത്ര പത്രപ്രവർത്തനത്തിനുള്ള പുതുവഴി ഒരുങ്ങിക്കഴിഞ്ഞു.

പ്രസിദ്ധീകരണത്തിന് ചെലവോ എഡിറ്റു ചെയ്യാൻ പത്രമാനേജ്മെന്റുകളുടെ പേനയോ വേണ്ടെന്നതാണ് ഇതിന്റെ പ്ലസ്പോയിന്റ്.

വായനയും ഭാഷയും ഇല്ലാതാകുമോ എന്നുള്ള ആശങ്കകൾക്കും മുറവിളികൾക്കും ഇനി പ്രസക്തിയില്ല. മലയാളം പോലെയുള്ള പ്രാദേശികഭാഷയിൽ ദിനംപ്രതി തുടങ്ങിക്കൊണ്ടിരിക്കുന്ന അനേകം ബ്ലോഗുകൾ മുൻനിർത്തി ഇങ്ങനെ ഉറപ്പിച്ചു പറയാം.

ബ്ലോഗിൽ വായനയുടെ വിപ്ലവം സൃഷ്ടിച്ച വിശാലമനസ്കൻ എന്ന സജീവ് എടത്താടൻ (Kodakarapuranams.blogspot.com) എഴുതിയ *കൊടകരപുരാണം* തൃശൂർ കറന്റ് ബുക്സും കുറുമാന്റെ (rageshkuruman.blogspot.com) *എന്റെ യൂറോപ്പ് സ്വപ്നങ്ങൾ* റെയ്ൻബോ ബുക്സും വിപണിയിൽ എത്തിച്ചുകഴിഞ്ഞു. മലയാളം ബ്ലോഗുകളിലെ വായന വായനസമൂഹത്തിലേക്ക് പടരുന്നതിന്റെ തെളിവാണിത്.

ആശയവിനിമയം വിജയത്തിലെത്തുന്നത് ഫലപ്രദമായ പ്രതികരണം കൊണ്ടാണ്. മറ്റ് അച്ചടിമാധ്യമങ്ങളെ അപേക്ഷിച്ച് ബ്ലോഗിൽ പ്രതികരണം വേഗത്തിലാണ്.

ടെക്നോളജി ജീവിതത്തോടടുത്തുനില്ക്കുന്ന ഈ കാലത്ത് ബൂലോകമെന്ന മലയാളം ബ്ലോഗിങ് രംഗത്തെ വർത്തമാനങ്ങൾ ഇതൊക്കെയാണ്.

യൂനീകോഡ് ലിപിയും അഞ്ജലി ഫോണ്ടും കംപ്യൂട്ടറിൽ ഇൻസ്റ്റോൾ ചെയ്തു കഴിഞ്ഞു.

പെരിങ്ങോടനെപ്പോലെയോ.....
വിശാലമനസ്കനെപ്പോലെയോ.....
നല്ലൊരുപേരും മനസിൽ കണ്ടോളൂ.....

നമുക്കും തുടങ്ങാമല്ലേ വ്യത്യസ്തമായ ഒരു മലയാളംബ്ലോഗ്.....

മലയാളത്തിൽ ബ്ലോഗുതുടങ്ങുന്നതിന്
www.howtostartmalayalamblog.blogspot.com

ശ്രദ്ധേയമായ ചില മലയാളം ബ്ലോഗുകളും വെബ്സൈറ്റുകളും

www.puzha.com
www.chintha.com
www.malayalam-blogs.blogspot.com
www.nilavathekozhi.blogspot.com
www.visvaasyatha.blogspot.com
www.greensmalayalam.blogspot.com
www.kariveppila.blogspot.com ■

ആധുനികകാലത്തെ മലയാളം

ഡോ. രാമന്തളി രവി

# സാമൂഹിക യാഥാർത്ഥ്യത്തിന്റെ സൂക്ഷ്മരൂപം

**ഭാഷ മാത്രമായി ഒരു വെല്ലുവിളിയും നേരിടുന്നില്ല. അത് സമൂഹം മൊത്തത്തിൽ നേരിടുന്ന വെല്ലുവിളികളുടെ ഭാഗം മാത്രമാണെന്ന് ലേഖകൻ.**

ഭാഷ കേവലം ഒരു ജനതയുടെ ആശയവിനിമയത്തിനുള്ള ഉപാധി മാത്രമല്ലെന്നും ചരിത്ര വികസനത്തിന്റെയും സ്വത്വബോധത്തിന്റെയും മൂർത്തരൂപമാണെന്നുമുള്ള രാഷ്ട്രീയധാരണ ഉയർത്തിക്കൊണ്ടു വന്നത് ബനഡിക്റ്റ് ആൻഡേഴ്സൺ എന്ന ചിന്തകനാണ്. ഭാഷയുടെ വികസ്വരക്ഷമത സ്വാഭാവികമായും അത് സംസാരിക്കുന്ന ജനതയുടെ സാമൂഹികവും സാമ്പത്തികവുമായ ചുറ്റുപാടുകളെ ആശ്രയിച്ചിരിക്കുന്നു. കോളനിവത്ക്കരണത്തിനെതിരെ നടത്തിയ പോരാട്ടങ്ങൾക്ക് ആവേശം പകരുന്നതിൽ ദേശീയബോധം വഹിച്ച പങ്ക് നിസ്തുലമാണ്. ദേശീയ ബോധത്തിന്റെ അടിത്തറയായി വർത്തിച്ചത് ഭാഷയും സംസ്കാരവുമായിരുന്നു. ഓരോ ജനതയും ലോകത്ത് ആദ്യമറിയപ്പെട്ടത് ഭാഷയുടെ പേരിൽ തന്നെയാണ്.

ഏറ്റവും അനായാസമായി ആശയവിനിമയം നടത്തുവാൻ കഴിയുക മാതൃഭാഷയിലൂടെയാണെന്നതിൽ ആർക്കും തർക്കമില്ല. വിദ്യാഭ്യാസ പരിഷ്കരണങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച എല്ലാ കമ്മീഷനുകളും സമർപ്പിച്ച ശുപാർശകളിൽ മാതൃഭാഷാ പഠനത്തിന്റെ പ്രധാന്യം എടുത്തു പറയുന്നുണ്ട്. ഏഴു വയസ്സു വരെ മാതൃഭാഷയിലല്ലാതെ മറ്റൊരു ഭാഷയിലും വിദ്യാഭ്യാസം ചെയ്യിക്കരുതെന്ന് സൂചിപ്പിച്ച ഗാന്ധിജിയും അടിസ്ഥാന വിദ്യാഭ്യാസത്തിനു ശേഷമേ മറ്റൊരു ഭാഷ പഠിപ്പിക്കേണ്ടതുള്ളൂവെന്ന് അഭിപ്രായപ്പെട്ട ഇ.എം.എസ്സും മാതൃഭാഷ ഒരു സംസ്കാരമാണെന്ന് തിരിച്ചറിഞ്ഞവരാണ്. പ്രശസ്ത ബംഗാളി എഴുത്തുകാരനായ ബുദ്ധദേവ് ബോസ്, ഐറിഷ് കവി ഡബ്ല്യൂ. ബി. യേറ്റ്സിനെ ഉദ്ധരിച്ചു കൊണ്ട് മാതൃഭാഷയിലൂടെ മാത്രമേ സഹജാവബോധത്തോടെ ഒരെഴുത്തുകാരന് ആത്മാവിഷ്കാരം നടത്താനാവൂയെന്ന് പറഞ്ഞപ്പോൾ മാതൃഭാഷയുടെ പ്രസക്തിയെയാണ് സ്പർശിച്ചിരിക്കുന്നത്. കോളനി വാഴ്ചയുടെ നാലു നൂറ്റാണ്ടിൽ ഭൂമുഖത്തു നിന്ന് ആയിരത്തിലേറെ ഭാഷകളാണ് തിരോഭവിച്ചത്. അറുനൂറ് കോടി ജനങ്ങൾ

ആറായിരം ഭാഷകൾ ഇപ്പോഴും കൈകാര്യം ചെയ്തു വരുന്നു. ഭാഷകളുടെ തിരോധാനത്തെക്കുറിച്ച് പഠിച്ച ഡേവിഡ് ക്രിസ്റ്റൽ ഭാഷ മരിക്കുന്നതിന്റെ കാരണങ്ങളെ മൂന്നായി തിരിക്കുന്നു.

ഒന്ന്: ഒരു ഭാഷ സംസാരിക്കുന്ന സകലരും കൂട്ടത്തോടെ മരിച്ചു പോകുമ്പോൾ

രണ്ട്: ഒരു ജനതയുടെ മേൽ അധീശത്വം സ്ഥാപിച്ച് മറ്റൊരു ഭാഷ അധികാര കേന്ദ്രമായി മാറുമ്പോൾ


മൂന്ന്: പുതിയ തലമുറ മാതൃഭാഷ ജീവിതോപാധിക്ക് ഗുണപ്പെടില്ലെന്ന് തോന്നി അത് കൈയൊഴിയുമ്പോൾ

അധികാര കൈമാറ്റം, കുടിയേറ്റം, യുദ്ധം, അധിനിവേശം, വ്യവസായ വത്ക്കരണം, നഗര വത്ക്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് പൊടുന്നനെ ഉയർന്നു വരുന്ന സാമൂഹിക പ്രശ്നങ്ങൾ ജീവിത യാഥാർത്ഥ്യങ്ങളുടെ അലകും പിടിയും മാറ്റും. ഈ മാറ്റം ആദ്യം ദൃശ്യമാകുക ഭാഷയിലും സംസ്കാരത്തിലുമാണ്. ദാരിദ്ര്യവും പട്ടിണിയുംമൂലം ആദിവാസി ഗോത്രങ്ങൾ വംശനാശം നേരിടുമ്പോൾ അവരുടെ സംസ്കാരത്തോടൊപ്പം ഭാഷയും മണ്ണടിയുന്നു. ആദിവാസിഭാഷകളിൽ പലതും ഭൂമുഖത്തു നിന്ന് തുടച്ചു നീക്കപ്പെടും വിധം അപകടാവസ്ഥയിലാണെന്ന നിരീക്ഷണം ലോകത്തെല്ലായിടത്തും ഒരു പോലെ ബാധകമാണ്. കസാബേ എന്ന ആഫ്രിക്കൻ ഭാഷ മരിച്ചു മണ്ണടിഞ്ഞത് 1995 നവംബർ അഞ്ചിന് പകൽ പതിനൊന്ന് മണിക്കാണ്. കസാബേയുടെ അവസാനത്തെ ഭാഷകനായ ബെഗോണെ അന്ത്യശ്വാസം വലിച്ചത് ആ സമയത്തായിരുന്നു. അദ്ദേഹത്തിന്റെ മാതൃഭാഷയിൽ അന്ത്യോപചാരമർപ്പിക്കുവാൻ അരികത്ത് ഒരാൾ പോലും ശേഷിച്ചിരുന്നില്ലെന്നർത്ഥം. 1992 ഒക്ടോബർ എട്ടിന് പുലർച്ചെ ഉബൂഹ് ഭാഷ അതിന്റെ അന്ത്യ ഭാഷകനോടൊപ്പം അന്ത്യശ്വാസം വലിച്ചതായി പ്രമുഖ പത്രങ്ങൾ വലിയ പ്രാധാന്യത്തോടെ അക്കാലത്ത് റിപ്പോർട്ട് ചെയ്യുകയുണ്ടായി. പതിനെട്ടാം നൂറ്റാണ്ടിൽ ഇരുനൂറ്റിഅറുപത് ഭാഷകളുണ്ടായിരുന്ന ആസ്ട്രേലിയയിൽ ഇന്ന് നൂറിനോടടുത്തേ അവശേഷിക്കുന്നുള്ളൂ. ആഫ്രിക്കയിലെയും ഏഷ്യയിലെയും ഭാഷകളുടെ എണ്ണം നേർപകുതിയായി കുറഞ്ഞു. അമേരിക്കയിലെ ആദിവാസിഭാഷകളിൽ ഭൂരിപക്ഷവും മണ്ണടിഞ്ഞു കഴിഞ്ഞു. ശാന്തസമുദ്ര ദ്വീപുകളിൽ കാണുന്ന എണ്ണൂറിലധികം ഭാഷകളും ആസന്നമൃത്യു കാത്തിരിക്കുന്നതായി ഓക്സ്ഫോർഡ് ഭാഷാ ശാസ്ത്രജ്ഞർ മുന്നറിയിപ്പു നൽകുന്നു.

കേവലം പത്തു നൂറ്റാണ്ടിന്റെ ചരിത്രമേ മലയാളത്തിന് പണ്ഡിതന്മാർ കല്പിച്ചിട്ടുള്ളൂ. ദ്രാവിഡ ഗോത്രത്തിൽ അടയാളപ്പെടുത്തിയ മലയാളം തമിഴിന്റെ തായ്‌വഴിയായി പിറന്ന് സംസ്കൃതത്തിന്റെ തഴുകലിലൂടെ പുഷ്ടി പ്രാപിച്ചുവെന്ന് വ്യാഖ്യാനിക്കുവാനാണ് എല്ലാവർക്കും താത്പര്യം. 1956-ൽ ഐക്യ കേരളം ഉടലെടുത്തതു മുതൽ മലയാളം ഒരു ഭാഷ മാത്രമല്ല, ഒരു ദേശവും സംസ്കാരവുമാണെന്ന് നമ്മുടെ ഭരണകർത്താക്കൾ തിരിച്ചറിഞ്ഞിരുന്നു. ഔദ്യോഗിക ആവശ്യങ്ങൾക്ക് മലയാളം ഉപയോഗിക്കുന്നതിനുള്ള സാധ്യതകളെ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോമാട്ടിൽ അച്യുതമേനോൻ അധ്യക്ഷനായുള്ള ഒരു സമിതിയെ നിയോഗിച്ചു. സമിതി ഒരു വർഷത്തിനുള്ളിൽ കാര്യങ്ങൾ പഠിച്ചു റിപ്പോർട്ട് നൽകി. റിപ്പോർട്ടിലെ വസ്തുതകൾ നടപ്പാക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനായി സർക്കാർ സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുകയും ചെയ്തു. റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും അത് സംബന്ധിച്ച പ്രയോഗിക നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഉത്തരവ് 1965 ഒക്ടോബർ 19 ന് പുറപ്പെടുവിക്കുകയുമുണ്ടായി.


ജനങ്ങൾക്ക് വേണ്ടിയുള്ള ഭരണം ജനങ്ങളുടെ ഭാഷയിൽ തന്നെയായിരിക്കണമെന്ന് ഇ.എം.എസ്സിന്റെ നേതൃത്വത്തിലുണ്ടായിരുന്ന അന്നത്തെ ഗവൺമെന്റിന് നിർബന്ധമുണ്ടായിരുന്നു. 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്റ്റാണ് ഔദ്യോഗിക ഭാഷ സംബന്ധിച്ച വ്യവസ്ഥകൾ അടങ്ങിയ നിയമം. 1973-ലെ ഭേദഗതി പ്രകാരം പ്രസ്തുത ആക്റ്റിൽ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി "ഇൻഡ്യൻ ഭരണഘടനയുടെ 346, 347 അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ സംസ്ഥാനത്തെ എല്ലാമോ, അല്ലെങ്കിൽ ഏതെങ്കിലുമോ ഔദ്യോഗിക ആവശ്യത്തിന് ഉപയോഗിക്കേണ്ട ഭാഷകൾ മലയാളവും ഇംഗ്ലീഷും ആയിരിക്കണം". കന്നട, തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അവരുടെ ഭാഷാ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി വ്യക്തമായ വ്യവസ്ഥകൾ ആക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനം രൂപം കൊണ്ടിട്ട് അമ്പതാണ്ടുകൾ പിന്നിടുമ്പോഴും ഒട്ടുമിക്ക നിയമങ്ങളും ചട്ടങ്ങളും ബ്രിട്ടീഷുകാരന്റെ ഭാഷയിൽ തന്നെ നിലകൊള്ളുകയാണ്. വിദ്യാഭ്യാസം-നീതിന്യായം-വാർത്താവിതരണം-ആരോഗ്യം-വാണിജ്യം-വ്യവസായം-ആസൂത്രണം-ഗവേഷണം എന്നിവയുമായി ബന്ധപ്പെടുന്ന വ്യവഹാരങ്ങളെല്ലാം ഇപ്പോഴും ഇംഗ്ലീഷിൽ തന്നെയാണ് നടക്കുന്നത്. എന്നാൽ അറുപത്തെട്ടോളം വകുപ്പുകളിൽ മലയാളം ഭരണഭാഷയാക്കി കൊണ്ടുള്ള അറിയിപ്പുകൾ സർക്കാരിൽ നിന്ന് ഇറങ്ങിയിട്ടുണ്ട്. അവിടത്തെ ഭരണകാര്യങ്ങൾ ഇപ്പോഴും പൂർണ്ണമായി മലയാളത്തിലായെന്ന് ആരും വിശ്വസിക്കുന്നില്ല. കോളനി രാജ്യങ്ങൾ സ്വാതന്ത്ര്യം നേടിയെങ്കിലും അധികാരത്തിന്റെ ഭാഷയായ ഇംഗ്ലീഷിൽ നിന്ന് മോചനം നേടാൻ ഭരണയന്ത്രങ്ങൾ ബുദ്ധിമുട്ടുന്നുവെന്നതാണ് യാഥാർത്ഥ്യം. ഭാഷ നേരിടുന്ന വെല്ലുവിളി കേരളീയ സമൂഹം മൊത്തം നേരിടുന്ന വെല്ലുവിളിയുടെ ഭാഗമാണ്. അല്ലാതെ ഭാഷ മാത്രമായി യാതൊരു വെല്ലുവിളിയും നേരിടുന്നില്ല. അഭിമാനമുള്ള ഒരു മനുഷ്യനും സ്വന്തം ഭാഷയെയും സംസ്കാരത്തെയും തള്ളിപ്പറയുവാൻ മെനക്കെടുകയില്ല. ജനങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന ഏതൊരു സർക്കാരും മാതൃഭാഷയെ അവഗണിച്ചു കൊണ്ട് മുന്നോട്ടു പോകുകയുമില്ല.■



**അറുപത്തെട്ടോളം വകുപ്പുകളിൽ മലയാളം ഭരണഭാഷ ആക്കിയിട്ടുണ്ട്. അവിടത്തെ കാര്യങ്ങൾ ഇപ്പോഴും മലയാളത്തിലായെന്ന് ആരും വിശ്വസിക്കുന്നില്ല.**

ഡോ. എസ്.മോഹനചന്ദ്രൻ



ലൂളിഅ്അഞ്ഞം???

## മനസ്സിലാകുന്ന ഭാഷപോലെ മനസ്സിലാകാത്ത ഭാഷ!

# ഗൂഢഭാഷ അഥവാ മൂലഭദ്രഭാഷ

ഭാഷ മനുഷ്യന്റെ മികച്ച നേട്ടമാണ്. അത് സമ്പർക്കത്തിന്റെ മാധ്യമം കൂടിയാണ്. ഭാഷാരൂപേണ പ്രകാശിപ്പിക്കുന്നതാണ് സാഹിത്യം. അത് വായ്മൊഴി രൂപത്തിലോ വരമൊഴി രൂപത്തിലോ ആകാം. നമ്മുടെ മനസ്സിലുള്ള പലവിധ വിചാരങ്ങളെയും വികാരങ്ങളെയും ബഹിർഭാഗത്തേക്ക് പ്രകാശിപ്പിക്കുന്നത് വായ്മൊഴിരൂപത്തിലാണ്. 'ദേശം തോറും ഭാഷമാറ്റം' എന്ന് ചില മുത്തശ്ശിമാർ പറഞ്ഞുവരാറുണ്ട്. ഓരോ ദേശത്തുമുള്ള ജനങ്ങളുടെ സംസാരഭാഷകൾക്ക് വളരെ അന്തരം ഉള്ളതായി കണ്ടുവരുന്നു. പഴയ കാലത്ത് രഹസ്യസംഭാഷണത്തിനായി പല ഭാഷണരീതികൾ നിലവിലുണ്ടായിരുന്നു. അതിന് 'മൂലഭദ്രഭാഷ' എന്ന പേര് ഉപയോഗിച്ചിരുന്നു. ആ ഭാഷയ്ക്ക് 'രഹസ്യഭാഷ', 'ഗൂഢഭാഷ' 'ചാരഭാഷ' 'തച്ചുഭാഷ' (കമ്മാളരുടേത്) എന്നീ അപരനാമധേയങ്ങളുണ്ട്. ഇതിനെക്കുറിച്ചുള്ള പഠനമാണ് പ്രസ്തുത ലേഖനം.

മാങ്കോയിക്കൽ കുറുപ്പിന്റെ അറയ്ക്കുള്ളിൽ മാർത്താണ്ഡവർമ്മയും പരമേശ്വരൻപിള്ളയും 'മൂലഭദ്രഭാഷ'യിൽ സംസാരിച്ചിരുന്നതായി സി.വി. രാമൻപിള്ള തന്റെ ആഖ്യായികയായ 'മാർത്താണ്ഡവർമ്മ'യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഭാഷ സ്വകാര്യസംഭാഷണങ്ങൾക്ക് യോജിച്ചതാണ്. മലയാളത്തിലെതന്നെ ഒരക്ഷരത്തിനു പകരം നിയതമായ മറ്റൊരക്ഷരം വിന്യസിച്ചു പറയുന്ന രീതിയാണ് മൂലഭദ്രഭാഷ. ഉദാഹരണമായി ചതിക്കുമോ എന്നതിന് 'ടപിള്ളനൊ'എന്ന് ചോദിക്കും. അതുപോലെ സൂക്ഷിക്കണം എന്നതിന് 'ലൂളിഅ്അഞ്ഞം' എന്നാണ് നിർദേശിക്കുന്നത്. പത്മനാഭപുരത്ത് ഇത്ര ധൃതിയിൽ ആളയച്ചതെന്തിന് എന്ന ചോദ്യത്തിന് 'തസ്നറ്റാധതുഷപ്പ് കിപ്രഭൃപിശിസ്കാക്ഷ് കശട്ടപു് കെമ്പിറ്റ് 'എന്നാണ്. ഈ മൂലഭദ്രഭാഷ ഉപയോഗിയ്ക്കുന്നതിന് ചില നിയമങ്ങളുണ്ട്. ഇതിൽ സ്വരങ്ങൾക്ക് കകാരവും കകാരത്തിന് സ്വരവും എന്നാണ് പൊതുനിയമം. അ യ്ക്ക് 'ക, ഇ യ്ക്ക് 'കി'ഉ ന് 'കു'വും ആണ് ഉപയോഗിക്കുന്നത്. അത് തിരിച്ചും ഉപയോഗിക്കും. അതുപോലെ ചവർഗത്തിന് ടവർഗവും തവർഗതിന് പവർഗവും ഉപയോഗിക്കുന്നു. അത് തിരിച്ചും ഉപയോഗിക്കാറുണ്ട്. അതായത് ട യ്ക്ക് 'ച'യും പ യ്ക്ക് 'ത'യും എന്നിങ്ങനെയാണ് അതിന്റെ രീതി. യ,ര,ല,വ എന്നീ മദ്ധ്യമങ്ങൾക്ക് പകരം ശ,ഷ,സ,ഹ എന്നീ ഊഷ്മാക്കളും അത് തിരിച്ചും ഉപയോഗിക്കുന്നു. ഇ യ്ക്ക് 'ക്ഷ'യും റ യ്ക്ക് 'ഴ'യും റ്റ യ്ക്ക് 'ന'യും അത് തിരിച്ചും പ്രയോഗിക്കുന്നു. ഇങ്ങനെ വരുന്ന ഭാഷാരീതിയിൽ എല്ലാം രഹസ്യമാക്കി ആശയവിനിമയം നടത്തിയിരുന്നു. ഉദാഹരണത്തിന് പനയ്ക്ക് 'തറ്റ'എന്നും വാഴയ്ക്ക് 'ഹാറ'എന്നു പറയണം. ഇതിനൊരു സംസ്കൃതശ്ലോകംതന്നെ നിലവിലുണ്ടായിരുന്നു.

"അകോ ഖഗോ ഘങ ചെയ്വഃ<br>
ചടോ ഞണോ തപോ നമഃ<br>
ജഡോ ഡഢോ ഭധ ശ്ശൈവ<br>
ബദോ ഥഫ ഛഠേ തിച<br>
യശോ രഷോ ലസച്ചെയ്വഃ<br>
വഹ ക്ഷള റഴ റ്റന് "

ഒരക്ഷരം കഴിഞ്ഞോ ഒന്നിലധികം അക്ഷരങ്ങൾ ഇടവിട്ടോ പദമദ്ധ്യേ ഏതെങ്കിലും ഒരക്ഷരം ചേർത്ത് പദങ്ങൾക്ക് വ്യത്യസ്തത നൽകിപ്പറയുന്ന ഒരു ഗൂഢഭാഷാരീതിയും നിലവിലുണ്ടായിരുന്നു. ഒരുദാഹരണം ചൂണ്ടിക്കാണിക്കാം. 'കാപ്പിയുണ്ടോ?' എന്നതിന് *സകസാപ്പി സഉസണ്ടോ?* എന്നാണ് ചോദിക്കാറ്. ഇവിടെ 'സ' എന്നുള്ള അക്ഷരം രണ്ട് വാക്കിലും രണ്ടിടത്ത് വീതം ആവർത്തിച്ചിരിക്കുന്നു. ആലങ്കാരിക ശൈലിയിലൂടെയുള്ള ഗൂഢഭാഷാരീതി മലയാളഭാഷയിൽ ഉണ്ട്. മദ്ധ്യാഹ്നവേളയിൽ എണ്ണക്കിണ്ണവുമായി തേച്ചുകുളിക്ക് ഒരുങ്ങി നിൽക്കുന്ന ഒരാളുമായുള്ള സംഭാഷണം ഇവിടെ ഉദാഹരണമായി എടുക്കാം. 'എണ്ണക്കിണ്ണത്തിൽ കണ്ണാടൊ?' എന്ന ചോദ്യത്തിന് 'വെട്ടിത്താളിതേക്കും' എന്നാണ് ഉത്തരം. 'അത്താഴം കഞ്ഞി



**‘മോപ്പ കൊളർത്താൻ കെറ്റ്പ്പടാക്കും നോക്ക അള്ളം ചാക്കിയതാ’ എന്ന് പരിഹാസരൂപേണ ഗൂഢഭാഷയിൽ ചോദിക്കാറുണ്ട്. മുഖം കണ്ടാൽ അടിക്കാൻ തോന്നും, നായ പെറ്റതാണോ? എന്നാണ് അതിന്റെ അർത്ഥം.**

യാണോ?’ എന്ന ചോദ്യത്തിന് ‘പൂവാങ്കുറുന്തൽ ചൂടും’ എന്ന ഉത്തരം കിട്ടും. ‘പടിപ്പുര പൊന്നാണോ’ എന്ന ചോദ്യത്തിന് ‘പകൽ അല്പം ഉറങ്ങും’ എന്ന മറുപടിയാണ് കിട്ടുന്നത്. പ്രസ്തുത ഗൂഢഭാഷാരീതിയുടെ താത്പര്യം വ്യക്തമാക്കാം. മദ്ധ്യാഹ്നത്തിലെ എണ്ണതേച്ചുകുളി കണ്ണിന് നാശം വരുത്തും. വെട്ടിത്താളി കണ്ണിന് നന്നാണ്, പക്ഷേ ദാരിദ്ര്യം ക്ഷണിച്ചു വരുത്തും. പൂവാങ്കുറുന്തൽ ദിവസവും ചൂടുന്നവർ ധനവാനാകും. പകൽ സ്വപ്നം കാണുന്നതിന് സമ്പത്ക്ഷയകരത്വമുണ്ട്. കേരളീയരുടെ ഈ വിശ്വാസങ്ങളെല്ലാം ശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ളതുമാണ്.

ഗൂഢഭാഷയ്ക്ക് ഭാഷയോളംതന്നെ പഴക്കമുണ്ട്. പുരാതന ഈജിപ്റ്റുകാർ അവരുടെ ‘ഹെയറോഗ്ലിഫിക്സ്’ എന്ന ലിപികൾകൊണ്ട് ഗൂഢഭാഷകളുടെ അടിസ്ഥാനം ഒരക്ഷരത്തിനുപകരം മറ്റൊരക്ഷരം ഉപയോഗിയ്ക്കുന്ന രീതിയാണ്. ‘അ’യ്ക്കുപകരം ‘ച’ യോ ‘ക’ യോ സ്വീകരിയ്ക്കുന്നു. ‘മറുപ്പു’ എന്നാണ് ഇതിനു പേര്, ഇംഗ്ലീഷിലാണെങ്കിൽ ‘A’ യുടെ സ്ഥാനത്ത് ‘Z’. ‘B’ യുടെ സ്ഥാനത്ത് ‘Y’എന്നെഴുതുന്നു.

‘മൈകുരുട്’ എന്നത് മുസ്ലീങ്ങളുടെ ഇടയിലുള്ള ഒരു ഗൂഢഭാഷയാണ്. മലയാളത്തിലെ പദാവലിയിൽ നിന്ന് ചില അക്ഷരങ്ങൾ മാറ്റിയാണ് ഇത് ഉണ്ടാക്കുന്നത്. ‘അ’ യ്ക്ക്പകരം ‘സാ’, ‘ല’ യ്ക്ക്പകരം ‘ഞ’, ‘ന’ യ്ക്ക്പകരം ‘പ’ എന്നിങ്ങനെ. മാപ്പിളപ്പാട്ടിൽ ‘മൈകുരുട്’ പ്രത്യക്ഷപ്പെടാറുണ്ട്. മൈകുരുടിനുപുറമെ ‘അക്കക്കെട്ട്’ എന്ന പേരിലൊരു ഗൂഢഭാഷയും മുസ്ലീങ്ങളുടെ ഇടയിലുണ്ട്. അറബിയിലുള്ള അബ്ജദിനു തുല്യമാണിത്. മലയാള അക്ഷരങ്ങൾക്ക് സംഖ്യാമൂല്യകല്പന നടത്തുകയാണ് ഇതിൽ ചെയ്യുന്നത്.

രഹസ്യസ്വഭാവം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ഗൂഢഭാഷ ഉണ്ടാക്കിയതും ഉപയോഗിക്കപ്പെടുന്നതും. കാളക്കച്ചവടം നടത്തുമ്പോൾ തങ്ങൾക്കു മാത്രം മനസ്സിലാകുന്ന തരത്തിൽ ബ്രോക്കർമാർ ഗൂഢഭാഷയിൽ വിലപേശുകയും കച്ചവടം ഉറപ്പിക്കുകയും ചെയ്യാറുണ്ട്. ഒന്നു മുതൽ പത്തുവരെ അക്കങ്ങൾക്കു പകരം പ്രത്യേകപദങ്ങൾ ഉപയോഗിക്കുന്നതാണ് അവരുടെ രീതി. ഒന്ന് എന്നതിന് ‘ചാവ്’ എന്നും രണ്ട് എന്നതിന് ‘തോവ്’ എന്നും മൂന്നിന് ‘തിലു’ എന്നും നാലിന് ‘പാത്ത്’ എന്നും അഞ്ചിന് ‘തട്ടല്’ ആറിന് ‘തടവല്’, ഏഴിന് ‘നൊളയ്ക്കല്’ എട്ടിന് ‘വലു’ ഒൻപതിന് ‘തായം’, പത്തിന് ‘പുലു’ എന്നിങ്ങനെയാണ് അവരുടെ ഗൂഢഭാഷ. പതിനൊന്നിന് ‘പുലുചാവ്’ എന്നും ഇരുപതിന് ‘തോപുലു’ എന്നും മൂവായിരത്തിന് ‘തിലുപുലു’ എന്നും നാലായിരത്തിന് ‘പാത്ത്പുലു’ എന്നുമുള്ള രീതികളിൽ വിലപറഞ്ഞാണ് ബ്രോക്കർമാർ കാളക്കച്ചവടം ഉറപ്പിക്കുന്നത്.

ഗൂഢഭാഷയിൽ തലയാട്ടം കളിക്കുള്ള പാട്ടുപാടി സ്വന്തം ഭർത്താവിനെ സന്ദർഭോചിതമായി രക്ഷിച്ച ധീരസംഭവം ഏറെ രസകരമാണ്.

“തെമ്മാറു കിഴമാറുകുടി നീലിക്കാറു പൊന്നുപാളുവനെ! വടമാറുപടി മാറുകുടി നീലിക്കാറുപൊന്നുപാളുവനേ!”

ഇതിന്റെ അർത്ഥം ഇപ്രകാരമാണ്: പ്രിയപ്പെട്ട ഭർത്താവേ, തെക്കുകിഴക്കുകൂടി തമ്പുരാനും പൊലീസും വരുന്നു. വടക്കുപടിഞ്ഞാറുകൂടി പെട്ടെന്ന് രക്ഷപ്പെട്ടു കൊളളുക.

കമ്മാളന്മാർക്ക് ഗൂഢഭാഷയുണ്ട്. അതിന് തച്ചുഭാഷയെന്നാണ് പറയാറ്. അതായത് തച്ചന്മാർ തമ്മിൽ സംസാരിക്കുന്ന ഭാഷ. ഈ ഭാഷയിൽ നിന്ന് അവരുടെ ഫലിതങ്ങളെക്കുറിച്ച് മനസ്സിലാക്കാം. മരാശാരിമാരു (തച്ചന്മാർ)ടെ ജോലിയെ പരിശോധിക്കുന്നവർ മനസ്സിലാക്കാതിരിയ്ക്കാൻ വേണ്ടി ഉപയോഗിക്കുന്നതാണ്

തച്ചുഭാഷ. ഒരിക്കൽ അവരുടെ ജോലി പരിശോധിച്ചുകൊണ്ടു നിന്ന ക്രിസ്ത്യാനിയെപ്പറ്റി തച്ചന്മാർ തമ്മിൽ പറഞ്ഞ ഗൂഢഭാഷ രസകരമാണ്. "ത്രാസ്സുമുറി കുഴിയൻ പതിക്കുന്നതു കണ്ടോടാ?" ഇതു കേൾക്കുമ്പോൾ എന്തോ പണിയായുധം നഷ്ടപ്പെട്ടത് കിട്ടിയോ എന്ന് ചോദിക്കുന്നതായേ ആർക്കും തോന്നുകയുള്ളൂ. അവർ ഉദ്ദേശിക്കുന്നത് അവർക്കു മാത്രമേ അറിയൂ. യഥാർത്ഥത്തിൽ "ത്രാസ്സുമുറി" യെന്നത് ക്രിസ്ത്യാനിയുടെ പര്യായമായിട്ടാണ് പ്രയോഗം. ഒരു ത്രാസ്സിന്റെ തട്ടുകളും ചരടുകളും മാറ്റിയാൽ ശേഷിയ്ക്കുന്നത് ഒരു കുരിശിന്റെ ആകൃതിയുള്ളതുകൊണ്ടാണ് ആ പദത്തെ കുരിശിനെ ആരാധിയ്ക്കുന്ന ക്രിസ്ത്യാനിയുടെ പേരായി പ്രയോഗിച്ചത്. 'കുഴിയൻ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് തലമണ്ടയിലെ രണ്ടുകുഴികളിൽ പെരുന്തച്ചനായ ബ്രഹ്മാവ് പണിചെയ്ത് വച്ചിട്ടുള്ള കണ്ണുകളെന്നാണ്. ആ ക്രിസ്ത്യാനി നമ്മുടെ ജോലിയെ ശ്രദ്ധാപൂർവ്വം നോക്കുന്നുണ്ടെന്ന് മനസ്സിലായോ? അതുകൊണ്ട് നല്ലവണ്ണം ജോലി ചെയ്തോ എന്നുള്ള ഗൂഢഭാഷയാണ് ഇവിടെ പ്രയോഗിച്ചിട്ടുള്ളത്.

"നേരം സന്ധ്യയായി, നമുക്കിനി പോകാറായില്ലേ" എന്ന് തച്ചന്മാർ തമ്മിൽ ഗൂഢഭാഷയിൽ പറയുന്നത് ഇപ്രകാരമാണ്. "കൂടം കരിമ്പടത്തിൽ പൊതിഞ്ഞു. നീളം വലിക്കാറായില്ലേ" എന്നാണ്. അസ്തമനസൂര്യനെയാണ് കൂടം എന്നു പറയുന്നത്. ഇരുട്ടു വ്യാപിക്കുന്നു എന്നതിനെയാണ് കരിമ്പടത്തിൽ പൊതിയുക എന്നു പറയുന്നത്. നീളം വലിക്കുക എന്നു പറയുന്നത് ചില പുഴുക്കളുടെ സഞ്ചാരക്രമത്തെ അനുസരിച്ചാണ്. നാം കൈകൊണ്ട് ചാൺ വയ്ക്കുന്നതുപോലെയാണ് പുഴുക്കൾ അവയുടെ ശരീരത്തിന്റെ നീളത്തെ വലിച്ചുകൊണ്ടുപോകുന്നത്. കഴുക്കോൽ മുതലായ ഉരുപ്പടികളുടെ നീളം വലിക്കുക എന്നു പറയാറുള്ളതുപോലെ ഏതോ ഒരു പണ്ടത്തെപ്പറ്റി പറയുകയാണെന്നു മാത്രമേ കേൾക്കുന്നവർക്ക് തോന്നുകയുള്ളൂ.

തങ്ങളുടെ വർഗത്തിന്റെ സംരക്ഷണത്തിനുള്ള ഉപാധിയെന്ന നിലയിൽ പാണന്മാർ ഗൂഢഭാഷ ഉപയോഗിക്കാറുണ്ട്. മറ്റുള്ളവരുമായി ഇടപഴകുമ്പോൾ അവർക്കു മാത്രം മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ ഗൂഢഭാഷ ഉപയോഗിയ്ക്കാറുണ്ട്. ചെയ്ത ജോലിക്ക് വീട്ടുടമ കൂലി കുറച്ചു കൊടുക്കുന്ന അവസരത്തിൽ പാണൻ മറ്റ് പാണനോട് ഇപ്രകാരം ചോദിക്കും. 'ചിറ്റണം മേട്ടുന്നത് കിഴിമ്പിലാണ്, മമ്മിക്കണോ' എന്ന്. പൈസ തരുന്നത് കുറവാണ് വാങ്ങിക്കണോ എന്നാണ് ആ ചോദ്യത്തിന്റെ അർത്ഥം. മറുപടിയായി 'മമ്മിച്ചോ' എന്നു പറയും. അതായത് വാങ്ങിച്ചോളൂ എന്നാണ്. പരസ്പരം കളിയാക്കാനും പാണന്മാർ ഈ ഭാഷ ഉപയോഗിക്കാറുണ്ട്. 'മോപ്പകൊളർത്താൻ കെറ്റ്യടാക്കും നോക്ക അള്ളം ചാക്കിയതാ' എന്ന് പരിഹാസരൂപേണ ഗൂഢഭാഷയിൽ ചോദിക്കാറുണ്ട്. മുഖം കണ്ടാൽ അടിക്കാൻ തോന്നും, നായ പെറ്റതാണോ? എന്നാണ് അതിന്റെ അർത്ഥം.

തിരുവനന്തപുരം ജില്ലയിലെ തെക്കൻ മലയോരഗ്രാമപ്രദേശങ്ങളിൽ താമസിയ്ക്കുന്ന തൊഴിലാളികൾ അരിയ്ക്ക ഭാഷ എന്ന പേരിൽ ഗൂഢഭാഷ ഉപയോഗിക്കാറുണ്ട്. 'അരിയ്ക്ക താമാറ് വഴീക്ക്ന്' എന്ന ഗൂഢഭാഷയ്ക്ക് പൊലീസ് വരുന്നു എന്നാണ് അർത്ഥം മനസ്സിലാക്കേണ്ടത്. 'മേപ്പാടി മേന്ന് ' എന്നതിന് ആഹാരം കഴിയ്ക്കുന്നു എന്നർത്ഥം.


കണ്ണൂർ ജില്ലയിലെ മലയൻ വിഭാഗത്തിൽപെട്ട ജാതിക്കാർക്ക് രഹസ്യഭാഷയുണ്ട്. അരിപ്പാക്ക്? എന്ന് ചോദിച്ചാൽ മനസ്സിലായോ എന്നും കൊത്തുക എന്നതിന് കുടിക്കുക എന്നും നായർ മുതൽക്കുള്ള മേൽജാതിക്കാർക്ക് 'ചുരുട്ടിച്ചാലയൻ' എന്നും ആശാരിക്ക് 'മിനുക്കൻ' എന്നും സ്ത്രീക്ക് 'വലച്ചി' എന്നുമുള്ള പദങ്ങളാണ് രഹസ്യഭാഷയിൽ ഉള്ളത്. 'കണിച്ചില് കൊത്താൻ നീളാന്ന്' എന്ന രഹസ്യഭാഷയ്ക്ക് കള്ളുകുടിക്കാൻ പോവുകയാണ് എന്നും 'കുമരൻ എന്തോ മട്ടുന്നു' എന്നതിന് നമ്പ്യാർ എന്തോ പറയുന്നു എന്നുമാണ് അർത്ഥം.

'ഗൂഢലേഖനം' എന്ന പേരിലറിയപ്പെടുന്ന ഒരു ശാസ്ത്രംതന്നെ നിലവിലുണ്ട്. ഇതിനെ ഇംഗ്ലീഷിൽ ക്രിപ്റ്റോഗ്രാഫി എന്നാണ് പറയുന്നത്. ഇതിൽ രണ്ട് ഗൂഢരീതികളുണ്ട്. ഒന്ന് ക്രമം മാറ്റലും രണ്ടാമത്തേത് പകരം ചേർക്കലുമാണ്. ഈ ശാസ്ത്രം വിശദമായ പഠനത്തിന് വകയുള്ളതുകൊണ്ട് വിവരിക്കാൻ മുതിരുന്നില്ല.

ഭാഷയോളംതന്നെ പഴക്കമുള്ളതാണ് ഗൂഢഭാഷാരീതി. രഹസ്യസ്വഭാവം സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. രഹസ്യമാക്കി സൂക്ഷിക്കേണ്ട കാര്യം രഹസ്യമായിത്തന്നെ നിലനിൽക്കണം എന്ന തത്ത്വത്തിന് താങ്ങായി ഗൂഢഭാഷ നിലകൊള്ളുന്നു. പഴയകാലത്ത് ഓരോജാതിക്കാരനും ഓരോ ഗൂഢഭാഷയുണ്ടായിരുന്നു. അവരുടെ വർഗത്തിന്റെ സംരക്ഷണത്തിന്റെ ഉപാധിയായിട്ടായിരിയ്ക്കാം അത് ഉപയോഗിച്ചു വന്നിരുന്നത്. ഒരുകാലത്ത് പല ആപത്തുകളിൽ നിന്നും വഞ്ചനകളിൽ നിന്നും മനുഷ്യവർഗ്ഗത്തെ ഗൂഢഭാഷയിലൂടെയുള്ള സംഭാഷണം രക്ഷിച്ചുകാണും എന്നുള്ള കാര്യത്തിൽ സംശയമില്ല.■

## ഔദ്യോഗികമലയാളം സോഫ്ട്‌വെയർ

മലയാളഭാഷയെ ആധുനിക സാങ്കേതികവിദ്യയുമായി കൂട്ടിയിണക്കി ഭരണഭാഷയുടെ വ്യാപനത്തിന് ഉതകുന്ന വിധത്തിൽ ഔദ്യോഗിക ഭാഷാ വകുപ്പിന്റെ നേതൃത്വത്തിൽ വിവരസാങ്കേതിക വകുപ്പിന്റെയും സി.ഡിറ്റിന്റെയും സഹായ സഹകരണങ്ങളോടെ സർക്കാർ തയ്യാറാക്കിയ ഔദ്യോഗിക മലയാളം സോഫ്ട്‌വെയർ "കാവേരി" നിലവിലുണ്ട്. www.clickeralam.org. എന്ന വെബ്സൈറ്റിൽ നിന്ന് ഇത് സൗജന്യമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. നിലവിലുള്ള മലയാളം സോഫ്ട്‌വെയറുകളിലെ ലിപി വിന്യാസ പ്രശ്നങ്ങളെല്ലാം ഇതിൽ പരിഹരിച്ചിട്ടുണ്ട്. ഇൻസ്ക്രിപ്റ്റ് കീബോർഡും മംഗ്ലീഷ് കീബോർഡും ഉപയോഗിക്കാമെന്നതിനുപുറമേ മൗസ് ഉപയോഗിച്ച് കീബോർഡ് ലേ ഔട്ടിൽ നിന്ന് അക്ഷരങ്ങൾ എടുത്ത് ടൈപ്പ് ചെയ്യാനുള്ള സംവിധാനവും ഇതിലുണ്ട്. അഞ്ച് ഭാഷകളിൽ ടൈപ്പുചെയ്യാം. ഇംഗ്ലീഷ്-മലയാളം ഭരണഭാഷാനിഘണ്ടു ഇതിൽ ചേർത്തിട്ടുണ്ട്. കത്തിടപാടുകളുടെ മാതൃകകളും മലയാളത്തിൽ ഇ-മെയിൽ അയയ്ക്കാനുള്ള സൗകര്യവും ഈ സോഫ്ട്‌വെയറിലുണ്ട്.



**വി.എസ്. അച്യുതാനന്ദൻ**, *മുഖ്യമന്ത്രി*



# കേരളം ഒന്നാം നിരയിലേക്ക്

ബംഗ്ലൂരിൽ ഐ.ടി. പാർക്ക് സി.ഇ.ഒ.മാരുമായുള്ള കൂടിക്കാഴ്ചയിലെ അനുഭവങ്ങൾ പങ്കുവയ്ക്കുകയാണ് മുഖ്യമന്ത്രി. അടുത്ത മൂന്നു വർഷത്തിനുള്ളിൽ ഐ.ടി. ഭൂപടത്തിൽ കേരളം കൈവരിക്കാൻ പോകുന്ന സ്ഥാനം അദ്ദേഹം ഇവിടെ അടയാളപ്പെടുത്തുന്നു.

ഐടി രംഗത്ത് കേരളം വമ്പിച്ച പുരോഗതിയുടെ പാതയിലാണ്. അഞ്ച് വർഷംകൊണ്ട് രണ്ട് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ഇപ്പോഴത്തെ ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് സർക്കാരിനുവേണ്ടി ഗവർണർ അവതരിപ്പിച്ച ആദ്യ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കിയതാണ്. ഇടതുപക്ഷ ജനാധിപത്യ മുണിയുടെ പ്രകടനപത്രികയിലെ പ്രധാന വാഗ്ദാനങ്ങളിലൊന്നും അതായിരുന്നു. കൊച്ചിയിൽ സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി നീണ്ട ഒരു വർഷക്കാലം നടത്തിയ മാരത്തോൺ ചർച്ചകൾ അതിന്റെ ഭാഗമായിരുന്നു. മുൻ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാന താത്പര്യങ്ങൾ അടിയറവുവച്ചുകൊണ്ട് നടപ്പാക്കാൻ നീക്കം നടത്തിയതാണ് സ്മാർട്ട്സിറ്റി പദ്ധതി. എന്നാൽ സംസ്ഥാനത്തിന്റെ ഉത്തമതാത്പര്യങ്ങൾ എല്ലാം സംരക്ഷിച്ചുകൊണ്ട് വേണം പദ്ധതി നടപ്പാക്കാനെന്ന് അന്ന് പ്രതിപക്ഷത്തായിരുന്ന ഞങ്ങൾ ശഠിച്ചു. അതിനെ വികസനവിരുദ്ധതയായി ദുർവ്യാഖ്യാനം ചെയ്ത് തിരഞ്ഞെടുപ്പ് പ്രചാരണമഴിച്ചുവിടുകയായിരുന്നു അന്നത്തെ സർക്കാർ.

ഇപ്പോൾ കാര്യങ്ങളെല്ലാം പകൽവെളിച്ചം പോലെ വ്യക്തമായിക്കഴിഞ്ഞു. മുൻഗവൺമെന്റ് ദുബായ് ഇന്റർനെറ്റ്സിറ്റിക്ക് അടിയറവയ്ക്കാൻ നിശ്ചയിച്ച ഇൻഫോപാർക്ക് പൂർണമായും സർക്കാർ ഉടമസ്ഥതയിൽ നിലനിർത്തിക്കൊണ്ടും എറണാകുളത്ത് വേറെ ഐ.ടി. പാർക്കുകൾ വരുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടും സ്മാർട്ട് സിറ്റി പദ്ധതിയുടെ കരാറായി. മാത്രമല്ല, മുൻ സർക്കാരിന്റെ കാലത്ത് പറഞ്ഞ മുപ്പത്തിമൂവായിരം തൊഴിലവസരത്തിനു പകരം തൊണ്ണൂറായിരം തൊഴിലവസരം ഉറപ്പാക്കി. അന്ന് സ്ഥലവിലയായി നിശ്ചയിച്ച 36 കോടിക്ക് പകരം അതിന്റെ മൂന്നിരട്ടി, അതായത് 104 കോടി രൂപ ലീസ് റെന്റായി ലഭ്യമാക്കി. അന്ന് ഒമ്പത് ശതമാനമായിരുന്നു സർക്കാരിന് നിശ്ചയിച്ച ഓഹരിയെങ്കിൽ ആദ്യം

16 ഉം തുടർന്ന് 26 ഉം ശതമാനം ഓഹരി ഉറപ്പാക്കി. അങ്ങനെ മഹത്തായ ഒരു പദ്ധതിയാക്കി പരിവർത്തിപ്പിക്കപ്പെട്ട സ്മാർട്ട്സിറ്റി പദ്ധതിക്ക് ഏതാനും ദിവസത്തിനകം തറക്കല്ലിടാൻ പോകുന്നു. അതിനു പുറമെ, നമുക്ക് നഷ്ടപ്പെടുമായിരുന്ന ഇൻഫോപാർക്കിനെ പുതിയ കുതിപ്പിലെത്തിച്ചിരിക്കുകയാണ് എൽ.ഡി.എഫ് സർക്കാർ. മൂന്നു കൊല്ലത്തിനകം നാല്പതിനായിരം തൊഴിലവസരം അവിടെ മാത്രം ഉണ്ടാക്കാൻ പോകുന്നു. സ്മാർട്ട് സിറ്റിക്കും ഇൻഫോപാർക്കിനും വിളിപ്പാടകലെ നെടുമ്പാശ്ശേരിയിൽ സിയാലിന്റെ നേതൃത്വത്തിൽ വേറെയും ഐ.ടി പാർക്ക് വരാൻ പോകുന്നു. തിരുവനന്തപുരത്താകട്ടെ, ടെക്നോപാർക്കിനോടനുബന്ധിച്ച് 507 ഏക്കർ സ്ഥലത്ത് ടെക്നോസിറ്റി എന്ന പേരിൽ ബൃഹത്തായ മറ്റൊരു ഐ.ടി പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങളും തുടങ്ങി. പാലക്കാട്, ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഐ.ടി പാർക്ക് സ്ഥാപിക്കാൻ പ്രാരംഭ നടപടികൾ തുടങ്ങുകയും ജില്ലകൾതോറും സാറ്റലൈറ്റ് ഐ.ടി പാർക്കിന് ശ്രമം തുടങ്ങുകയും ചെയ്തു. ഇങ്ങനെ സംസ്ഥാനത്ത് ഐ.ടി രംഗത്ത് ഉജ്ജ്വലമായ മുന്നേറ്റത്തിന് അടിത്തറയൊരുക്കിക്കഴിഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിലാണ് കഴിഞ്ഞ ദിവസം ബംഗ്ലൂരിൽ അവിടത്തെ ഐ.ടി പാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുമായി ഞാൻ ഒരു കൂടിക്കാഴ്ച നടത്തിയത്. ഇന്ത്യയുടെ ഐ.ടി വ്യവസായ മേഖലയിൽ ബംഗ്ലൂർ ഇന്ന് പ്രധാനപ്പെട്ട സ്ഥാനമലങ്കരിക്കുന്നു. പതിനായിരക്കണക്കിന് മലയാളികൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. നൂറുകണക്കിന് മലയാളി സംരംഭകരും അവിടെയുണ്ട്. ഐ.ടി രംഗത്ത് കേരളത്തിനാണ് ഇനി ഏറ്റവും ഭാവിയുള്ളത് എന്ന് ഏവർക്കും അറിവുള്ളതാണ്. പുതുതായി ഒരുങ്ങുന്ന പശ്ചാത്തലസൗകര്യവും മെച്ചപ്പെട്ട അന്തരീക്ഷവും വിശദീകരിച്ച് സംരംഭകരെ ക്ഷണിക്കുകയും വർധിച്ച നിക്ഷേപത്തിന് പ്രേരണ നൽകുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഒക്ടോബർ 14 ന് ഞാൻ ബംഗ്ലൂരിൽ പോയത്.

ലോകത്തിലെ തന്നെ പ്രശസ്തമായ ഐ.ടി. സ്ഥാപനമായ ഇൻഫോസിസിന്റെ സ്ഥാപക ചെയർമാൻ നാരായണ മൂർത്തി തിരുവനന്തപുരത്ത് എന്നെ സന്ദർശിച്ചപ്പോൾ ബംഗ്ലൂരിലേക്ക് ക്ഷണിച്ചിരുന്നു. ഇൻഫോസിസ് ക്യാമ്പസ് സന്ദർശിക്കാനായിരുന്നു ക്ഷണം. സി.ഇ.ഒ. മീറ്റിനു പോയ ഞാനും കേരളത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരും വിശാലമായ ഇൻഫോസിസ് ക്യാമ്പസ് വിശദമായി കണ്ടറിഞ്ഞു. ഏതാനും ഐ.ടി. വിദഗ്ധർ ചേർന്ന് എളിയ നിലയിൽ തുടങ്ങിയ ഇൻഫോസിസ് ഇന്ന് വളർന്നു പന്തലിച്ച് മഹാസ്ഥാപനമായിരിക്കുന്നു. പതിനെണ്ണായിരത്തോളം പേരാണവിടെ ഇപ്പോൾ പ്രവർത്തിക്കുന്നത്. സ്ഥാപനത്തിന്റെ ഇപ്പോഴത്തെ ചെയർമാനും മലയാളിയുമായ ക്രിസ് ഗോപാലകൃഷ്ണനും മറ്റും എല്ലാ കാര്യങ്ങളും വിശദീകരിച്ചു തന്നു. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ എങ്ങനെ വ്യവസായശാല നടത്താമെന്നതിന് ഉത്തമോദാഹരണമാണ് ഇൻഫോസിസ് ക്യാമ്പസ്. ക്യാമ്പസിനകത്ത് മോട്ടോർ വാഹനങ്ങൾ ഓടിക്കാൻ അനുമതിയില്ല. സൈക്കിളാണ് വാഹനം. അതിഥികൾ വാൽ ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രത്യേക തരം വാഹനം ഉപയോഗിക്കുന്നു. അതിലാണ് ഞാൻ ചുറ്റി സഞ്ചരിച്ചത്. ക്യാമ്പസിനകത്ത് ഉപയോഗിച്ച ജലം വീണ്ടും ശുദ്ധീകരിക്കുന്നതടക്കമുള്ള സംവിധാനങ്ങളെല്ലാമുണ്ട്.

ഇൻഫോസിസ് അവരുടെ ഭാവിപരിപാടിയിൽ കേരളത്തെയാണ് ഊന്നുന്നത്. ടെക്നോപാർക്കിൽ അമ്പതേക്കറോളം സ്ഥലം സംസ്ഥാന സർക്കാർ ഇൻഫോസിസിന് നൽകിയിട്ടുണ്ട്. അവിടെ അവർ സ്ഥാപിക്കുന്ന കൂറ്റൻ ഐ.ടി പാർക്കിന് ഈയിടെ ഞാൻ തറക്കല്ലിടുകയുണ്ടായി. ഐ.ടി. രംഗത്ത് തൊഴിൽ ചെയ്യാൻ പതിനായിരക്കണക്കിന് ആളുകൾ വേണ്ടതുണ്ട്. ഐ.ടി. യിൽ ഡിപ്ലോമയും ബിരുദവും നേടിയിറങ്ങുന്ന ചെറുപ്പക്കാരെ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കേണ്ടതുണ്ട്. അതിനായി ഒരു ഫിനിഷിങ് സ്കൂൾ തുടങ്ങാൻ സർക്കാരുമായി സഹകരിക്കാമെന്ന് നാരായണമൂർത്തി ഉറപ്പ് നൽകുകയുണ്ടായി.

ഇൻഫോസിസിലെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കിയതിന്റെയും വെളിച്ചത്തിലാണ് ഐ.ടി കമ്പനി ചീഫ് എക്സിക്യൂട്ടീവുകളുമായി ഞാൻ കൂടിക്കാഴ്ച നടത്തിയത്. നാല്പതോളം കമ്പനികളുടെ അധികൃതരാണ് കൂടിക്കാഴ്ചയിൽ പങ്കെടുത്തത്. ഐ.ടി രംഗത്ത് കേരളത്തിൽ ഉണ്ടായിരിക്കുന്ന പുതിയ അന്തരീക്ഷം അവരെയെല്ലാം ആഹ്ലാദിപ്പിക്കുന്നതായി പ്രതികരണത്തിൽനിന്നും വ്യക്തമായി. വ്യവസായത്തിനോ വ്യവസായ നിക്ഷേപത്തിനോ പറ്റിയ അന്തരീക്ഷമല്ല കേരളത്തിൽ എന്ന പ്രചാരണം മുമ്പ് ശക്തമായിരുന്നു. എന്നാൽ തികച്ചും അവാസ്തവമാണെന്ന് വ്യക്തമായിക്കഴിഞ്ഞു.

മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ അനുഭവം മെച്ചപ്പെട്ടതാണെന്ന് ഇൻഫോസിസ്, ഐ.ബി.എസ്, വിപ്രോ, യു.എസ്. ടെക്നോളജി തുടങ്ങിയ കമ്പനികളുടെ സി.ഇ.ഒ മാർ പറയുകയുണ്ടായി. ഐ.ടി. രംഗത്ത് ഒരു ദിവസം പോലും തൊഴിൽനഷ്ടമുണ്ടായിട്ടില്ല. ക്രമസമാധാനം ഏറ്റവും ഭദ്രം, വിദ്യാസമ്പന്നരായ ജനത, തൊഴിൽ ചെയ്യാൻ പ്രാപ്തരായവരുടെ ലഭ്യത, കുറഞ്ഞ നടത്തിപ്പു ചെലവ്, മനോഹരമായ പ്രകൃതി, ഏറ്റവും നല്ല കാലാവസ്ഥ എന്നിങ്ങനെ സംരംഭകരെ മാടിവിളിക്കുന്ന അവസ്ഥയാണിന്ന് കേരളത്തിൽ എന്ന് സി.ഇ.ഒ മാർ തന്നെ അഭിപ്രായപ്പെട്ടു. സംസ്ഥാനഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം ടെക്നോപാർക്കാണ് രാജ്യത്തെ ഏറ്റവും നല്ല നിലയിൽ പരിപാലിക്കപ്പെടുന്ന ഐ.ടി. പാർക്കെന്ന് നാരായണമൂർത്തി പ്രകടിപ്പിച്ച അഭിപ്രായം സി.ഇ.ഒ. മീറ്റിൽ പൊതുവെ അംഗീകരിക്കപ്പെട്ടു. എന്നാൽ ഇംഗ്ലീഷിലെ വൈദഗ്ധ്യമില്ലായ്മ, ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ ഇനിയും വർധിക്കേണ്ടത്, ഗതാഗതസൗകര്യം വർധിക്കേണ്ടത് തുടങ്ങിയ ചില കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് അവർ നിർദേശിക്കുകയുണ്ടായി.



**ആന്ധ്രയിലും കർണാടകത്തിലും ഒരു നഗരത്തിൽ കേന്ദ്രീകരിച്ച ഐ.ടി വികസനമാണെങ്കിൽ കേരളത്തിലേത് വികേന്ദ്രീകൃതമാണ്. തിരുവനന്തപുരത്തും കൊച്ചിയിലും മെഗാപാർക്കുകൾ, എല്ലാ ജില്ലയിലും ഐ.ടി പാർക്കുകൾ – ഇതാണ് കേരളത്തിൽ വരുന്നത്.**

കേരളത്തിലെ നിലവിലുള്ള ഐ.ടി പാർക്കുകളിലും പുതുതായി വരാൻ പോകുന്ന പാർക്കുകളിലും തങ്ങളുടെ സംരംഭങ്ങൾ തുടങ്ങാൻ മുന്നോട്ടുവരണമെന്നും അതിന് എല്ലാവിധ സഹായങ്ങളും സർക്കാർ നൽകുമെന്നും ഞാൻ വ്യക്തമാക്കി. വളരെ അനുകൂലമായ പ്രതികരണമാണ് എല്ലാവരിൽ നിന്നും ഉണ്ടായത്.

ഹൈദരാബാദിനും ബംഗ്ലൂരിനും ശേഷം ഐ.ടി.യിൽ ഭാവികേരളത്തിനാണ്. ആന്ധ്രയിലും കർണാടകത്തിലും ഒരു നഗരത്തിൽ കേന്ദ്രീകരിച്ച ഐ.ടി വികസനമാണെങ്കിൽ കേരളത്തിലേത് വികേന്ദ്രീകൃതമായ ഐ.ടി. വികസനമാണ്. തിരുവനന്തപുരത്തും കൊച്ചിയിലും മെഗാപാർക്കുകൾ, എല്ലാ ജില്ലയിലും ഐ.ടി പാർക്കുകൾ -ഇതാണ് കേരളത്തിൽ വരുന്നത്. ഈ വികേന്ദ്രീകൃത വികസനലക്ഷ്യം തന്നെ ഐ.ടി കമ്പനികളിൽ നല്ല മതിപ്പുണ്ടാക്കിയിട്ടുണ്ട്. അടുത്ത മൂന്നു വർഷംകൊണ്ട് രാജ്യത്തെ ഐ.ടി മേഖലയിൽ കേരളത്തെ ഒന്നാം നിരയിലെത്തിക്കുക എന്ന നമ്മുടെ ലക്ഷ്യം സഫലമാകാൻ പോവുകയാണ്. അതിന് പശ്ചാത്തലം പൂർണമായി ഒരുക്കിക്കഴിഞ്ഞു. ബംഗ്ലൂർ സന്ദർശനവും അവിടെ നടത്തിയ ചർച്ചകളും അതിന് ഏറെ സഹായകമായെന്നതാണനുഭവം.■

**ജി. സുധാകരൻ,** *സഹകരണ മന്ത്രി*

# വിപണിയിൽ ഒരു ജനകീയ ബദൽ



**വിലക്കയറ്റം തടയാൻ സഹകരണ വകുപ്പിന്റെ മാതൃകാസംരംഭം:** ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചുനിർത്തിയ ഓണച്ചന്തകളും വിൽപന ശാലകളും

വിലക്കയറ്റം ഒരു ദുർഭൂതം പോലെ കേരളജനതയെ പിടികൂടിയ നാളുകളായിരുന്നു രണ്ടുമാസങ്ങൾക്ക് മുമ്പ്. വിലക്കയറ്റം കേരളത്തിലെ മാത്രം പ്രതിഭാസമല്ലെന്നും അഖിലേന്ത്യാതലത്തിൽ യു.പി.എ സർക്കാർ സ്വീകരിച്ചുവരുന്ന ജനവിരുദ്ധവും മുതലാളിത്ത അനുകൂലവുമായ ആഗോളവത്കരണനയങ്ങളുടെ ഉത്പന്നമാണെന്നും തിരിച്ചറിയേണ്ടതുണ്ട്. ആഗോളവത്കരണത്തിന്റെയും സ്വകാര്യവത്കരണത്തിന്റെയും മറവിൽ വാൾമാർട്ട് പോലെയുള്ള അമേരിക്കൻ കുത്തകകൾക്കും റിലയൻസ് - ഭാരതി പോലെയുള്ള ഇന്ത്യൻ കുത്തകകൾക്കും യഥേഷ്ടം ചില്ലറ വ്യാപാരമേഖലയിൽ കടന്നുകയറാൻ അവസരം സൃഷ്ടിച്ച ചിദംബരത്തിന്റെയും മൻമോഹൻസിങ്ങിന്റെയും നയങ്ങൾ പ്രതിസന്ധി രൂക്ഷമാക്കി. കേന്ദ്രഭരണാധികാരികളുടെ ദുർനയങ്ങളുടെ ഭാഗമായി കാർഷിക വളർച്ചാനിരക്ക് 2.5 ശതമാനമായി കുറഞ്ഞതും പ്രതിസന്ധി രൂക്ഷമാക്കിയിട്ടുണ്ട്.

കേരളത്തിലും വിലവർദ്ധന ദൃശ്യമായെങ്കിലും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വിലവർദ്ധനനിരക്ക് കുറവാണ് എന്നാണ് പഠനങ്ങൾ തെളിയിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച് വിലവർദ്ധനവിന്റെ കാര്യത്തിൽ കേരളം ഏഴാം സ്ഥാനത്താണ്. ഭക്ഷ്യധാന്യ ഉത്പാദനകേന്ദ്രങ്ങളായ ആന്ധ്ര, പഞ്ചാബ് പോലെയുള്ള സംസ്ഥാനങ്ങളെക്കാളും നിത്യോപയോഗ സാധനങ്ങളുടെ വിലക്കുറവ് കേരളത്തിലാണ്.



**സഹകരണ വകുപ്പിന്റെ ഇടപെടലുകൾ പൊതുവിപണിയിലും നിത്യോപയോഗ സാധനങ്ങളുടെ വിലയിലും വരുത്തിയ മാറ്റങ്ങളെക്കുറിച്ച്.**

യു.പി.എ ഗവൺമെന്റിന്റെ ജനവിരുദ്ധനയങ്ങൾക്കെതിരെ ശക്തമായ സമ്മർദങ്ങളും സമരതന്ത്രങ്ങളും ഇടതുപക്ഷവും അതിന് നേതൃത്വം നൽകുന്ന സി.പി.ഐ(എം)യും തുടർച്ചയായി സ്വീകരിച്ചുവരുന്നുണ്ട്. ജനവിരുദ്ധനയങ്ങളുടെ കാര്യത്തിൽ തങ്ങളുടെ മുൻഗാമികളായ എൻ.ഡി.എയെക്കാളും ഒട്ടും പിന്നിലല്ല തങ്ങളെന്ന് ബോധ്യപ്പെടുത്താനുള്ള തിരക്കിലാണ് യു.പി.എയും അതിന് നേതൃത്വം നൽകുന്ന കോൺഗ്രസും. സമൂഹത്തിലെ ന്യൂനപക്ഷ തൃഷ്ണകളെ മാത്രം പരിഗണിക്കുകയും പാവപ്പെട്ടവന്റെ പ്രശ്നങ്ങളെ അവഗണിക്കുകയും ചെയ്യുന്നത് കോൺഗ്രസിന്റെ കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ഭരണാധികാരികളുടെ പതിവ് ശൈലിയുമാണ്. കഴിഞ്ഞ കാല തിരഞ്ഞെടുപ്പുകളിൽ ജനങ്ങൾ നൽകിയ കനത്ത തോൽവിയും മൂലയ്ക്കിരുത്തലുകളും കൊണ്ട് ഒരു പാഠവും പഠിക്കില്ലെന്ന വാശി

യിലാണ് കോൺഗ്രസ്.

കഴിഞ്ഞ 11 മാസം മുമ്പ് കേരളത്തിൽ അധികാരമേറ്റ വി.എസ്. അച്യുതാനന്ദന്റെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വിലക്കയറ്റത്തിന് കേന്ദ്ര ഗവൺമെന്റിനെ പഴിപറഞ്ഞ് കൈയുംകെട്ടി നോക്കിയിരിക്കുവാനല്ല തീരുമാനിച്ചത്. മറിച്ച് സന്ദർഭത്തിനൊത്ത് ഉയർന്ന് ജനങ്ങൾക്ക് പരമാവധി ആശ്വാസം എത്തിക്കണം എന്നാണ് വി.എസിന്റെ നേതൃത്വത്തിലുള്ള കാബിനറ്റ് തീരുമാനിച്ചത്. മുൻസർക്കാരിന്റെ കാലത്ത് വിലക്കയറ്റം മന്ത്രിസഭായോഗത്തിന്റെ പരിഗണനയിൽപ്പോലും വരാത്ത ഒരു വിഷയമായിരുന്നു. വിലക്കയറ്റത്തെ പ്രതിരോധിക്കാൻ ശക്തമായ സംവിധാനങ്ങൾ ആവിഷ്കരിക്കണമെന്നും അതിന്റെ ഭാഗമായി സഹകരണവകുപ്പിന്റെ കീഴിലുള്ള കൺസ്യൂമർഫെഡും ഇതര സഹകരണ സ്ഥാപനങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷനും ചേർന്ന് സംസ്ഥാനത്തുടനീളം വ്യാപകമായി ന്യായവില സ്റ്റോറുകൾ തുടങ്ങണമെന്ന് കാബിനറ്റ് തീരുമാനിച്ചു. വിലനിയന്ത്രണത്തിന്റെ ഭാഗമായി ഈ സ്ഥാപനങ്ങൾക്ക് നഷ്ടം വരുന്ന തുക സർക്കാർ ഖജനാവിൽ നിന്നും നൽകുന്നതിന് ധനവകുപ്പിനെ ചുമതലപ്പെടുത്തി.

> ആഗോളീകരണത്തിന്റെ
> കെടുതികൾക്കെതിരെ
> ഫലപ്രദമായ
> ഒരു ജനകീയ ബദലായി
> സഹകരണമേഖലയെ
> ഉയർത്തിക്കൊണ്ടുവരുന്ന
> തിനുള്ള ശക്തമായ
> ഇടപെടലുകളാണ്
> സർക്കാർ നടത്തിവരുന്നത്.

കാബിനറ്റ് തീരുമാനത്തെ തുടർന്ന് ഒരു മണിക്കൂറിനകം സഹകരണ മന്ത്രി ജി. സുധാകരൻ നേരിട്ട് സഹകരണവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും കൺസ്യൂമർ ഫെഡ് ഭാരവാഹികളുടെയും യോഗം വിളിച്ചുചേർത്ത് സംസ്ഥാനത്തുടനീളം സഹകരണ വിപണനം കേരളീയം എന്ന പേരിൽ ന്യായവില സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. ഫെബ്രുവരി 15 മുതൽ രണ്ടുമാസക്കാലമാണ് ഈ സ്റ്റോറുകൾ നടത്താൻ തീരുമാനിച്ചത്. സംസ്ഥാനത്തെ 1601 പ്രാഥമിക വായ്പാസംഘങ്ങളും 48 കാർഷിക വികസന ബാങ്കുകളും എംപ്ലോയീസ് സഹകരണസംഘങ്ങൾ, മാർക്കറ്റിങ് സഹകരണസംഘങ്ങൾ, കൺസ്യൂമർഫെഡിന്റെ റീട്ടെയിൽ ഔട്ട്ലെറ്റുകൾ എല്ലാം ചേർന്ന് 3800-ലധികം വിൽപ്പനശാലകൾ, ഒരു പഞ്ചായത്തിൽ ശരാശരി 3-4 എന്ന കണക്കിൽ ആരംഭിച്ചു. അരി മുതൽ മല്ലി വരെയുള്ള 21 ഇനം നിത്യോപയോഗസാധനങ്ങൾ വിപണി വിലയെക്കാൾ 15 മുതൽ 39 ശതമാനം വരെ വില കുറച്ച് വിതരണം ചെയ്യാൻ ആരംഭിച്ചു. പൊതുവിപണിയിൽ 14 രൂപ 50 പൈസ ഉണ്ടായിരുന്ന അരി 12.50 രൂപയ്ക്കും 83 രൂപ വിലയുണ്ടായിരുന്ന മുളക് 47 രൂപയ്ക്കും വിതരണം ചെയ്യാൻ കഴിഞ്ഞത് വിലക്കുറവിന്റെ ഗണ്യമായ ഉദാഹരണമാണ്. ശരാശരി എല്ലാ ഉത്പന്നങ്ങളുടെയും വിലവ്യത്യാസം കണക്കാക്കിയാൽ ഇത് പൊതുവിപണിയെക്കാളും 25 ശതമാനം കുറവാണ്. കൺസ്യൂമർഫെഡിന്റെ ഭാരവാഹികൾ നിത്യോപയോഗ സാധനങ്ങൾ അവയുടെ ഉത്പാദനകേന്ദ്രങ്ങളിൽ പോയി നേരിട്ട് മൊത്തമായി വാങ്ങി കൺസ്യൂമർ ഫെഡിന്റെ സംഭരണകേന്ദ്രങ്ങളിൽ എത്തിക്കുകയും അവിടെ നിന്ന് ചില്ലറവിൽപ്പനശാലകളിലേക്ക് എത്തിക്കുകയുമാണ് ചെയ്തത്.

സഹകരണവകുപ്പ് ഇത്തരത്തിൽ ശക്തമായി വിപണിയിൽ ഇടപെട്ടതിനെ തുടർന്ന് പൊതുവിപണിയിലും നിത്യോപയോഗ സാധനങ്ങളുടെ വിലയിടിവ് പ്രകടമാകാൻ തുടങ്ങി. വിലക്കയറ്റത്തിനെതിരെ വമ്പൻ സമരങ്ങൾക്ക് തയ്യാറെടുത്ത യു.ഡി.എഫിന്റെ സമരായുധങ്ങൾ നനഞ്ഞ വെടിപ്പുര പോലെ ഉപയോഗശൂന്യമായി.

വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹകരണവകുപ്പ് നേടിയ വിജയങ്ങൾ വിലയിരുത്തി തിരുവോണക്കാലത്തും വിപുലമായ വിപണനശൃംഖലകൾ ആരംഭിക്കുന്നതിന് കസ്യൂമർഫെഡറേഷന് സർക്കാർ നിർദ്ദേശം നൽകി. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം രണ്ടായിത്തിലേറെ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനും സാധാരണയായി വലിയതോതിൽ വിലക്കയറ്റം അനുഭവപ്പെടുന്ന തിരുവോണക്കാലത്ത് രണ്ടായിരത്തോളം വിൽപ്പനശാലകൾ കസ്യൂമർഫെഡ് പ്രവർത്തിപ്പിച്ചു. തിരുവോണക്കാലത്ത് സാധാരണയായി വിലക്കയറ്റം ഉണ്ടാവുന്നുവെന്ന ജനങ്ങളുടെ പരാതി ഇത്തവണ ഉണ്ടായതേയില്ല എന്നത് ശ്രദ്ധേയമാണ്. ഇതിന്റെ തുടർച്ചയായി റംസാൻ നോമ്പ് മാസത്തിൽ 600/- ഓളം റംസാൻ വിൽപ്പനശാലകൾ സഹകരണവകുപ്പ് സംഘടിപ്പിക്കുകയുണ്ടായി.


വിലക്കയറ്റം പിടിച്ചുനിർത്തുന്ന കാര്യത്തിൽ സഹകരണവകുപ്പ് നടത്തിയ ഇടപെടലുകളെ കേരള ജനത രാഷ്ട്രീയ ഭേദമെന്യേ ശ്ലാഘിക്കുന്നുണ്ട്. ആഗോളീകരണത്തിന്റെ കെടുതികൾക്കെതിരെ ഫലപ്രദമായ ഒരു ജനകീയബദലായി സഹകരണമേഖലയെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ശക്തമായ ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്. ■

വടക്കൻ
കേരളത്തിലെ
സർപ്പക്കാവുക
ളിൽ കെട്ടിയാടുന്ന
നാഗത്തെയ്യങ്ങളെ
ക്കുറിച്ച്



മിനി. പി.വി.

# സർപ്പക്കാവുകളിലെ നാഗത്തെയ്യങ്ങൾ



വണ്ണാൻ, മലയൻ, മുന്നൂറ്റോൻ, അഞ്ഞൂറ്റോൻ, വേലൻ,കോപ്പാളൻ, ചിങ്ങത്താൻ തുടങ്ങിയ ജാതിവിഭാഗങ്ങളാണ് തെയ്യക്കോലങ്ങൾ കെട്ടിയാടി വരുന്നത്.

## നാഗാരാധന

പ്രാക്തന കാലം മുതൽ കേരളത്തിൽ നാഗാരാധന പ്രബലമായിരുന്നു. പെരുമ്പണാറ്റുപട, മണിമേഖല തുടങ്ങിയ സംഘം കൃതികളിൽ കേരളത്തെ നാഗലോകമായി പരാമർശിക്കുന്നുണ്ട്. ഇവിടുത്തെ പ്രാചീന ജനവിഭാഗം സർപ്പാരാധകരായ നാഗന്മാരായിരുന്നുവെന്ന് കരുതപ്പെടുന്നു. ഒരു കാലത്ത് കേരളത്തിലെ മിക്ക കാവുകളിലും വീടുകളിലും സർപ്പാരാധനയുണ്ടായിരുന്നു. നാഗക്കാവുകളിലെ മരത്തിനു കീഴിൽ നാഗങ്ങൾക്കു അധിവസിക്കാൻ ചിത്രകൂടം ഉണ്ടാക്കിവച്ചിരിക്കുന്നതു കാണാം. കാവുകളിൽ തെയ്യം നടക്കുന്ന ദിവസങ്ങളിൽ സർപ്പബലിയും നടത്താറുണ്ട്.

കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കാവുകളിൽ വണ്ണാൻമാർ നടത്തുന്ന കുറന്തിനിപ്പാട്ട്, നാഗത്തെയ്യങ്ങൾ, തെയ്യംപാടികളുടെ നാഗത്തോറ്റം, പുള്ളുവരുടെ സർപ്പപ്പാട്ട്, തിരിയുഴിച്ചിൽ, പാമ്പിൻ തുള്ളൽ തുടങ്ങിയവയാണ് നാഗാരാധനയുമായി ബന്ധപ്പെട്ട ചില അനുഷ്ഠാന കലാരൂപങ്ങൾ.

## നാഗങ്ങൾ-തെയ്യങ്ങളിലൂടെ

നാഗരാജാവ് (നാഗകണ്ഠൻ), നാഗകന്നി, നാഗകാളി, നാഗപ്പോതി, നാഗഭഗവതി, നാഗത്താൻ, നാഗകന്യക തുടങ്ങിയ തെയ്യങ്ങളാണ് നാഗാരാധനയുമായി ബന്ധപ്പെട്ട് കെട്ടിയാടുന്ന പ്രധാന നാഗത്തെയ്യങ്ങൾ. നാഗക്കാവുകളിൽ ആയില്യംനാളിൽ നടക്കുന്ന സവിശേഷമായ ബലികർമങ്ങളോടനുബന്ധിച്ചാണ് ഈ നാഗദേവതകളെ കെട്ടിയാടുന്നത്. ഉത്തരകേരളത്തിൽ നാഗത്തെയ്യങ്ങൾ കെട്ടിയാടുന്ന കാവുകളിൽ പ്രധാനമായവ കയ്യത്ത് നാഗം, മുയ്യത്ത് നാഗം, ഏറും പാല നാഗം, കരിപ്പാൽ നാഗം, എടാട്ട് നാഗം തുടങ്ങിയവയാണ്.

നാഗത്തെയ്യങ്ങളുടെ ചമയങ്ങളിൽ നാഗരൂപങ്ങൾ ഉണ്ടായിരിക്കും. 'നാഗപ്പോതി' എന്ന തെയ്യത്തിന്റെ മുടിക്ക് 'നാഗമുടി' എന്നാണ് പറയുന്നത്. തെയ്യങ്ങളുടെ ആടയാഭരണങ്ങളിലും മുടികളിലും നാഗരൂപങ്ങൾ കാണാം. മുഖപ്പാളികളിലും കുരുത്തോലമുടികളിലും നാഗരൂപങ്ങൾ കാണാം. മുഖപ്പാളികളിലും കുരുത്തോലമുടികളിലും നാഗങ്ങളെ വരച്ചു വയ്ക്കുന്നു. നാഗം 'താത്തെഴുത്ത്' എന്ന പേരിൽ ഒരു മുഖത്തെഴുത്ത് തന്നെയുണ്ട്. സർപ്പദോഷമകറ്റുന്നതിനും സന്താനലബ്ധിക്കും മംഗല്യസൗഭാഗ്യം, സമ്പത്തുവർദ്ധന, വീടിന്റെ ഐശ്വര്യം തുടങ്ങിയ ഇഷ്ടകാര്യസിദ്ധികൾക്കും വേണ്ടിയാണ് നാഗത്തെയ്യങ്ങൾ കെട്ടിയാടിക്കുന്നത്.

നാഗകാളി:- നാഗത്തിറ കെട്ടിയാടുമ്പോൾ നാഗത്തെ നാഗകാളിയായി സങ്കല്പിക്കുന്നു. നാഗത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന വിധത്തിലാണ് നാഗകാളിയുടെ വേഷം. ശരീരത്തിലും ഉയരമുള്ള മുടിയിലും വിവിധതരം ചായങ്ങൾ കൊണ്ട് നാഗരൂപങ്ങൾ വരഞ്ഞിരിക്കും. പൊതുവെ നാഗത്തിറ കെട്ടിയാടുന്നത് കുംഭമാസത്തിലെ ആയില്യം ദിവസമാണ്.

തൂവക്കാളി:- കാസർഗോഡ് ജില്ലയിലെ കാലിക്കടവിനടുത്തെ കരക്കക്കാവിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള 'തൂവക്കാളി' ഒരു നാഗദേവതയാണ്. കുഷ്ഠം, സോറിയാസിസ്, പാണ്ഡ് തുടങ്ങിയ ത്വഗ്രോഗങ്ങൾക്ക് തൂവക്കാളി തെയ്യം പ്രസാദമായി നല്കുന്ന ഭസ്മം ദേഹത്തു തൂകിയാൽ മാറുമെന്നാണ് വിശ്വാസം.

നാഗരാജാവ്-നാഗകന്നി:- ശ്രീപാൽക്കടലിന്റെ നടുവിലുള്ള വെള്ളിമാൻകല്ലിലെ മണിനാഗപ്പവിഴത്തിന്റെ സമീപത്തുള്ള നാഗപ്പുറ്റിൽ നിന്നാണ് ഈ ദേവതകൾ ഉടലെടുത്തതെന്ന് വിശ്വസിക്കപ്പെടുന്നു.

നാഗകന്യക:- കാളിയന്റെ വിഷജ്വാലയേറ്റ് മനുഷ്യരും പക്ഷിമൃഗാദികളും വൃക്ഷലതാദികളും നശിച്ചു തുടങ്ങിയപ്പോൾ മുനിമാരും ദേവതകളും കൂടി വിഷ്ണുഭഗവാനെ സ്തുതിച്ചു പ്രത്യക്ഷപ്പെടുത്തി. തത്ഫലമായി ഭഗവാൻ നാഗരൂപത്തിലുള്ള ഒരു കന്യകയുടെ രൂപം ധരിച്ച് കാളിയനോട് യുദ്ധം ചെയ്ത് കീഴടക്കി, കാളിന്ദീതീരത്ത് ഒരു സങ്കേതം നൽകി കുടിയിരുത്തി. പാലാഴിയിൽ തിരികെയെത്തിയ വിഷ്ണുഭഗവാനിൽ നിന്ന് വിവരങ്ങളറിഞ്ഞ അനന്തൻ സർപ്പം ആ കന്യകാരൂപമൊന്ന് കാണണമെന്ന് ആവശ്യപ്പെട്ടു. ഭഗവാന്റെ കന്യകാരൂപം കണ്ട് അനുരാഗ വിവശനായ അനന്തൻ അവളെ പുണർന്നു. ഈ വേഴ്ചയിൽ പിറന്ന കന്യകയ്ക്ക് നാഗകന്യക എന്ന് നാമകരണം ചെയ്ത് ഭൂലോകത്തേയ്ക്ക് പറഞ്ഞയച്ചു. ഭൂലോകത്തെത്തിയ നാഗകന്യകയെ ഭൂലോകവാസികൾ തറവാടുകളിൽ കോട്ടയുണ്ടാക്കി ആരാധിച്ചു വന്നു.

വിഷകണ്ഠൻ:- വിഷവൈദ്യത്തിൽ സമർത്ഥരായ ചില വ്യക്തികളും മരണശേഷം തെയ്യമായി ആരാധിക്കപ്പെടുന്നുണ്ട്. ഇത്തരത്തിലൊരു തെയ്യമാണ് തളിപ്പറമ്പ് ഭാഗങ്ങളിൽ കെട്ടിയാടി വരുന്ന വിഷകണ്ഠൻ തെയ്യം. വിഷചികിത്സയ്ക്ക് പേര് കേട്ട കരുമാരില്ലത്തെ വിഷഹാരിയായ ഒരു തന്ത്രി കൈയൊഴിഞ്ഞ, പാമ്പുകടിയേറ്റ ഒരു സ്ത്രീയെ കണ്ടൻ എന്ന തിയ്യൻ തന്റെ മന്ത്രപ്രയോഗത്താൽ രക്ഷപ്പെടുത്തി. ഇതിൽ അസൂയാലുവായ തന്ത്രി കണ്ടൻ തിയ്യനെ ചതിയിൽ കൊന്നു. ഈ കണ്ടനാണ് മരണശേഷം ദേവത്വത്തിലേയ്ക്ക് ഉയർന്ന് വിഷകണ്ഠൻ എന്ന തെയ്യമായി തീർന്നത്. ഈ തെയ്യത്തിന്റേത് പാമ്പുമായി ബന്ധപ്പെട്ട വീരാരാധനയാണ്. ■

പി.കെ. ജയശ്രീ

# ഗിരിനിരകളെ പരിപാലിക്കാൻ

ഇന്ത്യയിലെ പ്രധാന മലനിരകളും സമീപപ്രദേശങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ തിരഞ്ഞെടുത്തിട്ടുള്ള മേഖലയാണ് പശ്ചിമഘട്ടങ്ങൾ. ഇത് മഹാരാഷ്ട്ര, ഗോവ, കർണാടകം, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലായി ഏകദേശം 1600 കിമീ നീളത്തിൽ വ്യാപിച്ചിരിക്കുന്നു. ഇവയുടെ സമഗ്രവും ശാസ്ത്രീയവുമായ പരിപാലനം ഉറപ്പാക്കുകയാണ് പശ്ചിമഘട്ട വികസന പദ്ധതിയുടെ പ്രധാന ലക്ഷ്യം. പരിസ്ഥിതി സന്തുലനം ഉറപ്പുവരുത്തി വികസന പരിപാടികളാവിഷ്കരിച്ച് പ്രകൃതിക്കനുയോജ്യമായ രീതിയിൽ പശ്ചിമഘട്ടത്തെ വികസിപ്പിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തോടുകൂടി സംസ്ഥാന ആസൂത്രണ വകുപ്പാണ് പദ്ധതിക്കാവശ്യമായ നയവും പരിപാടികളും രൂപപ്പെടുത്തുന്നത്. പത്താം പഞ്ചവത്സര പദ്ധതി മുതൽ കേരളത്തിലെ പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ കൂടി പങ്കെടുപ്പിച്ച് പശ്ചിമഘട്ട വികസന പദ്ധതി നടത്തിപ്പിൽ കാതലായ മാറ്റം വരുത്തിയിരിക്കുകയാണ്.

അടിസ്ഥാന വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ സംയോജിപ്പിച്ച് പ്രകൃതിക്കനുയോജ്യമായ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ അനുയോജ്യമാണ് നീർത്തടങ്ങൾ. മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, വെള്ളക്കെട്ട് തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുവാൻ നീർത്തടാധിഷ്ഠിത വികസന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിലൂടെ കഴിയും.

ഇതിൽ നീർത്തടം ഒരു വികസന യൂണിറ്റായി അംഗീകരിക്കുന്നതു വഴി അടിസ്ഥാന വിഭവങ്ങളുടെ പരസ്പര ബന്ധം ഉറപ്പാക്കുന്നു. കൂടാതെ സുസ്ഥിര വികസനം ലക്ഷ്യമാക്കി വിഭവങ്ങളെ പ്രകൃതിദത്ത യൂണിറ്റിൽ സംരക്ഷിക്കുവാനും പരിപാലിക്കുവാനും സമഗ്രവും ശാസ്ത്രീയവുമായ ഉത്പാദന വർദ്ധനവുണ്ടാക്കുവാനും ആ പ്രദേശത്തിന്റെ വികസനം സാധ്യമാക്കാനും കഴിയും.

## പ്രത്യേകതകൾ

1. വികസനത്തിന്റെ അടിസ്ഥാന പ്രവർത്തനതലം പ്രകൃതിദത്ത യൂണിറ്റുകളായ നീർത്തടങ്ങൾ.
2. അടിസ്ഥാന വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ പരസ്പര ബന്ധവും വികസനവും തമ്മിലുള്ള സംയോജന സാദ്ധ്യത.
3. ശാസ്ത്രീയ വിഭവ പരിപാലനത്തിനുള്ള സമഗ്ര പരിപാടികൾ.
4. വിഭവപരിപാലനത്തിന് സമൂഹത്തിന് കൂടുതൽ വ്യക്തതയും ഉത്തരവാദിത്വവും.
5. സുസ്ഥിരതയും സുതാര്യതയും ഉറപ്പുവരുത്തുന്ന സംഘടനാ സംവിധാനങ്ങൾ.
6. ജനപങ്കാളിത്തത്തിന്റെ വിപുലസാദ്ധ്യതകൾ.



7. പരിസ്ഥിതിയും വികസനവും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കൽ.
8. പങ്കെടുക്കുന്ന എല്ലാ ഏജൻസികൾക്കും കൂട്ടായ്മയ്ക്കുള്ള സാധ്യതകൾ.

### അടിസ്ഥാനതത്ത്വങ്ങൾ

ഒരു പ്രദേശത്തിന്റെ ജൈവ-ഭൗതിക-സാമ്പത്തിക വ്യവസ്ഥിതിക്ക് അനുയോജ്യമായ ഉത്പാദന പ്രക്രിയ, ഉത്തരവാദിത്വമുള്ള സമൂഹസൃഷ്ടി തുടങ്ങിയ ബഹുമുഖതലങ്ങളാണ് പ്രധാനമായും നീർത്തടാധിഷ്ഠിത വികസനം ലക്ഷ്യമിടുന്നത്.

ഭാവിതലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സാഹചര്യങ്ങൾക്കു കോട്ടം വരുത്താതെയുള്ളതാണ് സുസ്ഥിര വികസനം.

**സാമൂഹികനീതിയും തുല്യതയും**

നീർത്തടമെന്ന പ്രാദേശിക പരിസ്ഥിതി വ്യവസ്ഥയിലെ വിഭവങ്ങൾ തുല്യമായി പങ്കുവയ്ക്കുന്നതിലുപരി, കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഉത്പാദനവും വിഭവസംരക്ഷണവും കൂടുതലായി നടക്കുന്നതിനാൽ തുല്യത ഉറപ്പാക്കാൻ കഴിയും.

**ജനപങ്കാളിത്തം**


എല്ലാ ഘട്ടങ്ങളിലും പദ്ധതികളുടെ രൂപീകരണം, നടത്തിപ്പ്, വിലയിരുത്തൽ, തുടർസംരക്ഷണം എന്നിങ്ങനെ ജനപങ്കാളിത്തം ആവശ്യമാണ്. ഓരോ പ്രവർത്തനവും സ്വയം ഏറ്റെടുക്കുന്ന ക്രിയാത്മക സമൂഹമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. പി.ആർ.എ പദ്ധതി നടത്തിപ്പിനായി രൂപീകരിക്കുന്ന വിവിധ കമ്മിറ്റികൾ (നീർത്തടക്കമ്മിറ്റികൾ, സ്വയം സഹായ സംഘങ്ങൾ, ഗുണഭോക്തൃ സമിതികൾ) എന്നിവയിലൂടെ ജനങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കാം. സ്ത്രീകൾ, ദുർബല വിഭാഗങ്ങൾ, പട്ടികജാതി പട്ടികവർഗം, പ്രത്യേക പരിരക്ഷ അർഹിക്കുന്നവർ എന്നിവരുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും അവർക്കാവശ്യമായ ക്ഷേമപരിപാടികൾ ഉണ്ടാക്കുകയും വേണം.

**പങ്കാളിത്തവികസന സമീപനം**

വികസനത്തിന്റെയും ആസൂത്രണത്തിന്റെയും എല്ലാ മേഖലകളിലും സമൂഹത്തിന്റെ വ്യത്യസ്ത തലങ്ങളിലുള്ളവർക്ക് പങ്കാളിത്തം നൽകുന്ന സമീപനമാണ് ഇത്. നീർത്തടാധിഷ്ഠിത ആസൂത്രണത്തിൽ ഇതിന് വളരെ പ്രാധാന്യമുണ്ട്. ഗ്രാമസഭ ചേരൽ മുതൽ പദ്ധതി നടത്തിപ്പ്, സംരക്ഷണച്ചുമതല വരെ പങ്കാളിത്തസ്വഭാവത്തിൽ നടത്താനുള്ള സാധ്യതയുണ്ട്. ആസൂത്രണത്തിലും വികസനത്തിലും താത്പര്യവും സന്നദ്ധതയുമുള്ള ഏതൊരാൾക്കും (ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സേവകർ, സാങ്കേതിക വിദഗ്ധർ, തൊഴിലാളികൾ, ശാസ്ത്രജ്ഞർ, കർഷകർ, വീട്ടമ്മമാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, മറ്റുള്ളവർ) പങ്കെടുക്കാനുള്ള സാഹചര്യം നീർത്തടാധിഷ്ഠിത വികസനത്തിലുണ്ട്.

**സുതാര്യത**

സുസ്ഥിരത, ജനപങ്കാളിത്തം, തുല്യത എന്നിവയൊക്കെ ഉറപ്പാക്കണമെങ്കിൽ നടപ്പിലാക്കുന്ന പരിപാടികളിൽ സുതാര്യത ആവശ്യമാണ്. നീർത്തടാധിഷ്ഠിത വികസന പരിപാടികളിൽ പ്രാദേശിക സമൂഹത്തിന് കൂടുതൽ അവസരവും അർത്ഥവത്തായ ഇടപെടലിനുള്ള സാഹചര്യവുമുണ്ട്. ആയതിനാൽ തീരുമാനമെടുക്കുന്നതിലും പദ്ധതി നടപ്പാക്കുന്നതിലും സുതാര്യത അനിവാര്യമാണ്.



ചിത്രം 1

### എന്തുകൊണ്ട് നീർത്തടാധിഷ്ഠിത വികസനം?

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ പരസ്പര ബന്ധിതവും പൂരകവുമായി കാണക്കാക്കുന്ന ചലനാത്മകമായ യൂണിറ്റാണ് നീർത്തടം. ഒരു പ്രദേശത്ത് നടക്കുന്ന വികസനപ്രവർത്തനങ്ങളുടെ സ്വാധീനം നീർത്തടത്തെ ഒന്നാകെയാണ് ബാധിക്കുന്നത്. നീർത്തടത്തിലെ പ്രകൃതി വിഭവങ്ങളെ സമഗ്രമായി കാണാൻ കഴിയുന്നതോടൊപ്പം ഗുണദോഷങ്ങൾ എളുപ്പത്തിൽ വേർതിരിച്ചറിയാനും കഴിയും. ഓരോ പ്രദേശത്തെയും സൂക്ഷ്മവിഭവങ്ങൾ സംരക്ഷിച്ചില്ലെങ്കിൽ സമൂഹത്തിനുണ്ടാകുന്ന നാശം വളരെ വലുതായിരിക്കും.

> ഒരു പ്രദേശത്തിന്റെ ജൈവ-ഭൗതിക-സാമ്പത്തിക വ്യവസ്ഥിതിക്ക് അനുയോജ്യമായ ഉത്പാദന പ്രക്രിയ, ഉത്തരവാദിത്വമുള്ള സമൂഹസൃഷ്ടി തുടങ്ങിയ ബഹുമുഖതലങ്ങളാണ് പ്രധാനമായും നീർത്തടാധിഷ്ഠിത വികസനം ലക്ഷ്യമിടുന്നത്.

### പ്രകൃതി വിഭവങ്ങളുടെ വിനിയോഗവും സംരക്ഷണവും

പ്രകൃതിവിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ ലഭ്യതയാൽ സമ്പന്നമായ കേരളത്തിൽ ശാസ്ത്രീയമായ വിഭവപരിപാലനവും പരിസ്ഥിതി സംരക്ഷണവും സാധ്യമാണ്. ഇതിനായി പ്രകൃതി തന്നെ നിർണയിച്ചിട്ടുള്ള യൂണിറ്റ് വികസനത്തിന്റെ അടിസ്ഥാനമാക്കി മാറ്റുവാൻ ശ്രമിക്കേണ്ടതുണ്ട്.

മൂവായിരം മില്ലീ മീറ്ററിലധികം മഴ ലഭിക്കുന്ന കേരളത്തിൽ ജലദൗർലഭ്യം രൂക്ഷമാണ്. ഭൂഗർഭജലസ്രോതസ് ക്രമാതീതമായി കുറയുന്നതോടൊപ്പം പരിരക്ഷിക്കപ്പെടുന്നുമില്ല. മണ്ണിന്റെ ജൈവാംശം കുറഞ്ഞുവരുകയും മണ്ണൊലിപ്പിന്റെ തോത് വർദ്ധിച്ചുവരുകയും ചെയ്യുന്നു. സമഗ്രമായ സ്ഥല-ജലപരിപാലനം അത്യാവശ്യമാണ്. സസ്യാവരണം കൂട്ടി ജലം ഭൂമിയിൽ കിനിഞ്ഞിറങ്ങുവാനുള്ള സാഹചര്യം ഒരുക്കുന്നതിനായി നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിനെക്കുറിച്ച് ബോധവത്കരണം നടത്തേണ്ടതുണ്ട്. കൃഷി, ജലസേചനം,

മണ്ണുസംരക്ഷണം, മത്സ്യക്കൃഷി, വന വത്കരണം എന്നിവയെല്ലാം പരസ്പരം ബന്ധപ്പെട്ടതും സമാന്തരമായി നടപ്പിലാക്കേണ്ടതുമാണ്.

## നീർത്തടങ്ങൾ

വിഭജനരേഖ എന്നർത്ഥം വരുന്ന Wassershiede (വാസർഷിറ്റ്) എന്ന ജർമ്മൻ പദത്തിൽ നിന്നാണ് Watershed (വാട്ടർഷെഡ്) എന്ന പ്രയോഗത്തിന്റെ ഉത്ഭവം. പെയ്ത്തുവെള്ളം പ്രദേശങ്ങളുടെ പ്രത്യേകതകൾക്കനുസരിച്ച് ഒഴുകി വ്യാപിക്കാറുണ്ട്. ഭൂമിയുടെ തരം, സ്വഭാവം, നിമ്നോന്നതങ്ങൾ, ഉയരം, പാറയുടെ ഘടന, ഭൂഗർഭ പ്രത്യേകതകൾ, ഭൂവിനിയോഗം എന്നിവയാണ് പ്രധാനമായും നീരൊഴുക്കിനെ ബാധിക്കുന്നത്. ജലം ഒഴുകാനാരംഭിക്കുന്ന ഉയർന്നസ്ഥലം മുതൽ അവസാനം എത്തിച്ചേരുന്ന ഭൂഭാഗത്തെ (നദികൾ, തോടുകൾ) ഒന്നാകെയാണ് നീർത്തടം (നീര്= വെള്ളം, തടം=വ്യാപിതപ്രദേശം) എന്ന് പറയപ്പെടുന്നത്. വിവിധ പ്രദേശങ്ങളിലേക്ക് നീരൊഴുകി പോകുന്നതിന്റെ അതിർത്തി മനസിലാക്കാനായി വരയ്ക്കുന്ന രേഖകളെ നീർമറിരേഖ എന്ന് പറയാവുന്നതാണ്. ഉദാഹരണത്തിനായി ഒരു കുന്നിൻപ്രദേശത്ത് മഴ പെയ്താൽ ജലം വിവിധ ചരിവുകളിലൂടെ താഴ്‌വരയിലെത്തും. കുന്നിന്റെ മുകൾഭാഗത്തു കൂടിയായിരിക്കും നീർമറിരേഖ വരക്കുവാൻ കഴിയുന്നത്. നീർമറിരേഖ മുതൽ ജലം എത്തിചേരുന്ന തോടിന്റെ സ്ഥാനം വരെയുള്ള ഭൂഭാഗത്തെ ഒന്നാകെയാണ് നീർത്തടം എന്ന് പറയുന്നത്. (ചിത്രം1)

ഒരു നീർത്തടത്തിന് താഴെപ്പറയുന്ന പ്രധാന ഭാഗങ്ങളുണ്ടായിരിക്കും.

**പ്രകൃതിദത്ത നീർച്ചാലുകൾ**

വ്യത്യസ്തപ്രദേശങ്ങളിൽ നിന്ന് ജലത്തിന് പൊതുവായ നിർഗമന സ്ഥാനത്ത് എത്തുന്നതിനുള്ള കൈവഴികൾ.

**അതിർത്തിരേഖ**

ഉയർന്നഭാഗത്ത് രേഖപ്പെടുത്തുന്ന നീർത്തടത്തിന്റെ അതിർത്തിയുടെ ആരംഭ ഭാഗം. രണ്ടു നീർത്തടങ്ങളെ തമ്മിൽ വേർതിരിച്ചറിയുന്നത് Ridgeline ഉപയോഗിച്ചായിരിക്കും.

**ജലവ്യാപ്തപ്രദേശം**

ഇത് ഉയർന്ന പ്രദേശങ്ങളിൽ തുടങ്ങി സമതലം വരെയാകും.

**ജലനിർഗമനസ്ഥാനം**

ഉയർന്ന പ്രദേശങ്ങളിൽ നിന്ന് വരുന്ന ജലമെല്ലാം ചേർന്ന് ചാലായി മാറി പ്രധാനപുഴയുമായി ചേരുന്ന സ്ഥലമാണ് നിർഗമനസ്ഥാനം.

പശ്ചിമഘട്ടവികസനത്തിനായി നീർത്തടങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ താഴെ പറയുന്നു:

1. പശ്ചിമഘട്ടമേഖലയിൽ മുൻഗണനകൾ (സോയിൽസർവേ പ്രകാരം) നിശ്ചയിച്ചിട്ടുള്ളവയിൽ 500 മുതൽ 1000 ഹെക്ടർ വരെ വരുന്ന നീർത്തടപ്രദേശം.
2. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളുൾപ്പെടുന്ന നീർത്തടങ്ങൾ.
3. പട്ടികവർഗ ജനസംഖ്യ കൂടുതൽ കാണപ്പെടുന്ന പ്രദേശങ്ങൾ.
4. പരിസ്ഥിതിനാശം സംഭവിച്ച പ്രദേശങ്ങൾ.
5. കർഷകത്തൊഴിലാളി കേന്ദ്രീകരണമുള്ള പ്രദേശങ്ങൾ.
6. കന്നുകാലിസമ്പത്ത് വികസന സാദ്ധ്യതാ പ്രദേശങ്ങൾ.
7. തൊഴിലവസരങ്ങൾ കുറവായ പ്രദേശങ്ങൾ.
8. മുൻപ് നീർത്തടവികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ തുടർച്ചയായ സ്ഥലങ്ങൾ.
9. പദ്ധതിവിഹിതത്തോടൊപ്പം സന്നദ്ധസേവനം, സംഭാവന എന്നിവ നൽകുന്നതിന് തയ്യാറാകുന്ന പ്രാദേശിക ജനങ്ങളുള്ള പ്രദേശങ്ങൾ.

പശ്ചിമഘട്ടവികസന പദ്ധതിയിൻകീഴിൽ നടപ്പാക്കിവരുന്ന നീർത്തടാധിഷ്ഠിത വികസനത്തിൽ സ്വീകരിച്ചിരിക്കുന്ന അടിസ്ഥാന തത്ത്വങ്ങൾ, വികസന രൂപരേഖ, സാമ്പത്തിക നടപടിക്രമങ്ങൾ എന്നിവയെപ്പറ്റിയുള്ള വ്യക്തമായ അറിവ് ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ടത് ഈ പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്.■



വിഭജനരേഖ എന്നർത്ഥം വരുന്ന Wassershiede എന്ന ജർമ്മൻ പദത്തിൽ നിന്നാണ് Watershed എന്ന പ്രയോഗത്തിന്റെ ഉത്ഭവം.

## സവിശേഷതകൾ

1. നീർത്തടങ്ങളുടെ അതിർത്തി പ്രകൃതിയാണ് നിർണയിച്ചിരിക്കുന്നത്.
2. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ പരസ്പരബന്ധിതമായി നിലനിൽക്കുന്ന അടിസ്ഥാന പ്രകൃതിദത്തയൂണിറ്റ്.
3. ഓരോ നീർത്തടവും പ്രാദേശികവും വ്യത്യസ്ത സ്വഭാവസവിശേഷതകൾ ഉള്ളതുമായിരിക്കും.
4. ഓരോ നീർത്തടത്തിനും തനതായ താളവും ക്രമവും വിഭവങ്ങളുടെ പരസ്പരബന്ധവും വിധേയത്വവും ഉണ്ട്.

നീർച്ചാലിന്റെ നീളം, ചുറ്റുമുള്ള പ്രദേശം എന്നിവയുടെ അടിസ്ഥാനത്തിൽ നീർത്തടത്തിന്റെ വലുപ്പം നിർണയിക്കാവുന്നതാണ്. ഓരോ പ്രദേശവും ഏത് നീരൊഴുക്കിന്റെ ഭാഗമായിട്ടാണ് വരുന്നതെന്ന് കണ്ടെത്തി അവിടത്തെ ചാലിന്റെ / തോടിന്റെ/ നദിയുടെ നീർത്തടമേഖല കണ്ടെത്താവുന്നതാണ്.

രാധാകൃഷ്ണൻ പട്ടാന്നൂർ



# കാണാതിരിക്കരുത്

ച ചരിത്രാന്വേഷികളുടെയും പരിസ്ഥിതി സ്നേഹികളുടെയും നിത്യവിസ്മയമാണ് കവായി കായൽ. കണ്ണൂർ-കാസർഗോഡ് ജില്ലകളിലൂടെ ഒഴുകുന്നതും കേരളത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ കായലുമായ കവായി ജൈവ വൈവിധ്യവും ചരിത്ര പ്രാധാന്യവും കൊണ്ടാണ് ജനശ്രദ്ധയിലേക്ക് വന്നത്. പ്രകൃതിമനോഹരമായ ഈ കായലും തീരങ്ങളും സഞ്ചാരികളുടെയും അപൂർവങ്ങളായ ദേശാടനപ്പക്ഷികളുടെയും പ്രധാന ആകർഷണകേന്ദ്രമാണ്. ചരിത്രത്തിലും പുരാണകഥകളിലും മാത്രമല്ല, ഇന്ത്യയുടെ സൈനികഭൂപടത്തിലും ഇടം കണ്ടെത്തിയ ഏഴിമലയുടെ വടക്കൻ ചെരിവു മുതൽ നീലേശ്വരം കോട്ടപ്പുറം വരെ 21.92 ചതുരശ്ര കിലോ മീറ്ററുകളിലായി വ്യാപിച്ചുകിടക്കുന്ന ഈ കായലിന്റെ സംരക്ഷണത്തിനും കായലിലെയും തീരങ്ങളെയും ജൈവസമ്പത്തുകളെക്കുറിച്ചുള്ള പഠനത്തിനും ഔദ്യോഗികതലത്തിൽ വലിയ പരിശ്രമങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ലെന്നു തന്നെ പറയാം.

ഉത്തര മലബാറിലെ അര ഡസൻ പുഴകളുടെ സംഗമകേന്ദ്രം കൂടിയാണ് കവായി കായൽ. നീലേശ്വരം പുഴ, കാര്യങ്കോട്, മൈച്ചത്തോട്, ഏർപ്പുപ്പുഴ, കവായിപ്പുഴ, പെരുമ്പപ്പുഴ എന്നിവ ഈ കായലിൽ സംഗമിച്ചതിനു ശേഷമാണ് തൈക്കടപ്പുറത്ത് വച്ച് അറബിക്കടലിൽ ലയിക്കുന്നത്. ഇവയിൽ കാര്യങ്കോട്പുഴ മാത്രമാണ് പശ്ചിമഘട്ട നിരയിൽ നിന്ന് ഉത്ഭവിക്കുന്നത്.

കേരളത്തിലെ 29 കായലുകളിൽ വലുപ്പം കൊണ്ട് മൂന്നാം സ്ഥാനത്താണ് കവായി എങ്കിലും ജൈവ വൈവിധ്യങ്ങളിൽ ഏറെ മുന്നിലാണ്. വലുപ്പത്തിൽ ഒന്നാം സ്ഥാനത്ത് വേമ്പനാട്ട് കായലാണ്. (179.25 ച.കി.മി). രണ്ടാം സ്ഥാനത്ത് അഷ്ടമുടിയും (44.70.ച.കി). പയ്യന്നൂർ നഗരസഭയും ഗ്രാമപഞ്ചായത്തുകളായ രാമന്തളി, തൃക്കരിപ്പൂർ, വലിയപറമ്പ്, പീലിക്കോട്, ചെറുവത്തൂർ, പടന്ന, നീലേശ്വരം, കരിവെള്ളൂർ എന്നിവയും കവായിയെ സ്പർശിച്ച് നിലകൊള്ളുന്നു. അറബിക്കടലിന് സമാന്തരമായാണ് കവായിയുടെ കിടപ്പ്. മണൽത്തിട്ടയാണ് കായലിനെയും കടലിനെയും വേർത്തിരിക്കുന്നത്. ചില ഭാഗങ്ങളിൽ അമ്പത് മീറ്റർ മാത്രമാണ് ഈ മണൽത്തിട്ടയുടെ വീതി. ഏറെ ജൈവവൈവിധ്യമുള്ളതും അപൂർവം കണ്ടലുകൾ ഉൾപ്പെടെ സസ്യജാലങ്ങൾ ഉള്ളതുമായ ഏതാനും ദ്വീപുകൾ കായലിലുണ്ട്. കൂരിപ്പാട്, തെക്കേപ്പാട്, വടക്കേപ്പാട്, എടയിലേക്കാട് തുടങ്ങിയ ദ്വീപുകൾ ഇതിൽ പ്രധാനം. സന്നദ്ധ സംഘടനയായ സീക്ക് (സൊസൈറ്റി ഫോർ എൻവയേൺമെന്റൽ എഡ്യൂക്കേഷൻ ഓഫ് കേരള) ഈ ദ്വീപുകളിലെ ജൈവ വൈവിധ്യങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. 42 ഇനങ്ങളിൽപ്പെട്ട കണ്ടൽച്ചെടികൾ ഇവിടെയുണ്ടെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവയിൽ പലതും അപൂർവ ഇനങ്ങളാണ്.

വിവിധതരം മത്സ്യങ്ങൾ ഉൾപ്പടെ ജലജീവികളുടെ വൻസമ്പത്തും കായലിന്റെ





ഇന്റൻസീവ് കെയർ യൂണിറ്റിൽ മരണത്തിനും ജീവിതത്തിനുമിടയിൽ കഴിയുന്ന അവസ്ഥയിലാണ് നിത്യസുന്ദരിയായ കവായിക്കായൽ. വിദഗ്ധ ചികിത്സ കൂടിയേ തീരൂ, ഈ സുന്ദരിയുടെ ജീവൻ നിലനിർത്താൻ...

# കവായിക്കായലിനെ

പ്രത്യേകതയാണ്. ചെമ്മീൻ, കക്ക, കല്ലുമ്മക്കായ, മുരു എന്നിവ ഇവയിൽ പ്രധാനം. കായലിന്റെ വിവിധ ഭാഗങ്ങളിൽ കല്ലുമ്മക്കായ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തു വരുന്നുണ്ട്.

കരിമീൻ, ചൂട്ടാച്ചി, മാലാൻ, തിരുത, കണമ്പ്, പൂമീൻ, നരിമീൻ, കലഞ്ചി. പാളൻകണ്ണി, ചെമ്പല്ലി, പയത്തൻ, കുരുടൻ, നോങ്ങൽ, മുള്ളൻ, കച്ചായി, കാക്കുമാൻ, തളയൻ, നങ്ക്, മാന്തൽ, ഏട്ട, ചൂര, ആരാൽ, നേതൽ, പ്രാച്ചി, കൊയ്‌ല, കോലൻ, കടു, മുല്ലവല, ആകോലി, തിലോപ്പി, കയിച്ചൽ, വരാൽ, കല്ലങ്കീരൻ, കോര, ഏറിയൽ, ഏരി, പുല്ലൻ എന്നീയിനം മത്സ്യങ്ങളാണ് കായലിൽ വളരുന്നതെന്ന് പഠന റിപ്പോർട്ടുണ്ട്.

കായലും തീരങ്ങളും അന്താരാഷ്ട്ര തണ്ണീർത്തടമാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ പയ്യന്നൂർ നഗരസഭ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നഗരത്തിന്റെ വടക്കും തെക്കും കവായിപ്പുഴയും പെരുമ്പപ്പുഴയും അതിരുകൾ നിശ്ചയിക്കുന്ന കായലിലെ ദ്വീപുകളിൽ കുരുപ്പാട്, അഞ്ചിമങ്ങാട്, കല്ലുംമോത്ത എന്നിവ നഗരസഭയുടെ അധികാര പരിധിയിലാണ്.

നിർദിഷ്ട സാഹചര്യങ്ങളെല്ലാം ഒത്തിണങ്ങിയിട്ടും ഈ കായലിന് രാംസർ സൈറ്റ് പദവി ലഭിച്ചിട്ടില്ല. കേരളത്തിൽ വേമ്പനാടും അഷ്ടമുടിയും ശാസ്താംകോട്ടയും ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള പരിസ്ഥിതി വിഭാഗം ഏറെ പ്രധാന്യമുള്ള തണ്ണീർത്തടമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മൂന്ന് കായലുകൾക്കുമുള്ള പ്രധാന്യം കാവായിയ്ക്ക് ഉണ്ട്.

കായലിന്റെ പ്രധാന ഭാഗമായ ചെമ്പല്ലിക്കുണ്ടിൽ മാത്രം ഇതിലധികം പക്ഷികൾ ചേക്കേറുന്നുണ്ടെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് മലബാർ കളക്ടറായിരുന്ന വില്യം ലോഗന്റെ മലബാർ മാന്വലിൽ ചെമ്പല്ലിക്കുണ്ടിന്റെ പരിസ്ഥിതി പ്രധാന്യം വിവരിക്കുന്നുണ്ട്. ഇവിടെ ചേക്കേറുന്ന പക്ഷികളിൽ വർഷത്തിൽ നിശ്ചിത സമയത്ത് കൃത്യമായി എത്തുന്ന ദേശാടനക്കാരും സ്വദേശികളുമുണ്ട്.

ചൂളൻ എരണ്ട, വരി എരണ്ട, പച്ച എരണ്ട, പനക്കാക്ക, ചെറിയ മീൻകൊത്തി, മീൻകൊത്തിച്ചാത്തൻ, കാക്കമീൻകൊത്തി, പുള്ളിവാൻകൊത്തി, നാട്ടുവേലിതത്ത, വലിയ വേലിതത്ത, ചെമ്പോത്ത്(ഉപ്പൻ), അരിപ്രാവ്, കുളക്കോഴി, പട്ടക്കോഴി, നീലക്കോഴി, വിശറിവാലൻ ചുണ്ടൻകാട, പുള്ളിക്കാടകൊക്ക, നീർക്കാട, പച്ചക്കാലി, കരിമ്പൻകാടക്കൊക്ക, ചോരകാലി, നാടൻ താമരക്കോഴി വാലൻ, താമരക്കോഴി, ചെറുമണൽക്കോഴി, ചോരകണ്ണി തിത്തിരി, വലിയ വിമൽക്കാട, തവിട്ടുതലയൻ കടൽക്കാക്ക, കരി ആള, പുഴ ആള, കരിതപ്പി, വെള്ള വയറൽ കടൽ(പരുന്ത്), കൃഷ്ണപ്പരുന്ത്, ചക്കിപ്പരുന്ത്, താലിപ്പരുന്ത്, മൂണ്ടാംകോഴി, ചെറിയ നീർകാക്ക, ചാരമുണ്ടി, ചായമുണ്ടി, കുളക്കൊക്ക്, കാലിമുണ്ടി, ചണക്കൊക്ക, പെരുമുണ്ടി, പാതിരാകൊക്ക്, കരുവാരുക്കുര, വരയൻ കത്രിക,

വയൽക്കോതി കത്രിക, കറുപ്പൻ തേൻകിളി, മഞ്ഞത്തേൻക്കിളി, ചുട്ടിയാറ്റ, ആറ്റച്ചെമ്പൻ, ആറ്റക്കറുപ്പൻ എന്നിവയാണ് ഇവിടെ കണ്ടെത്തിയ പക്ഷിയിനങ്ങളിൽ പ്രധാനപ്പെട്ടവ.

ഈ കായലിന്റെ സഞ്ചാര പ്രാധാന്യവും നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ തിരിച്ചറിഞ്ഞിരുന്നു. 18-ാം നൂററാണ്ടിൽ അറയ്ക്കൽ രാജാവായ ആലിക്കോയ കവായി കായലിനെയും പഴയങ്ങാടിപ്പുഴയെയും ബന്ധിപ്പിച്ച് പ്രത്യേകം തോട് നിർമിച്ചിരുന്നു. 13.47 കി.മീ നീളമുള്ള ഈ തോട് സുൽത്താൻതോട് എന്ന പേരിലാണ് അറിയപ്പെടുന്നത്. വാണിജ്യം ലക്ഷ്യമാക്കി നിർമിച്ച ഈ തോട് കാലക്രമത്തിൽ ചെളിയും മണ്ണും വന്നു നിറഞ്ഞ് കുറെ ഭാഗം നികന്നു പോയി. ഈ തോടിനെ പുനരുദ്ധരിക്കാനും പഴയ യാത്രാ പ്രാധാന്യത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടു വരാനും വൻതുക ചെലവഴിച്ച് മുൻ ഇടതുപക്ഷ മുന്നണി സർക്കാർ പദ്ധതി ആവിഷ്കരിച്ചിരുന്നു. അന്നത്തെ മുഖ്യമന്ത്രി ഇ.കെ. നായനാർ താത്പര്യമെടുത്താണ് സുൽത്താൻതോട് നവീകരിച്ചത്. എന്നാൽ തിരക്കേറിയ ജനങ്ങൾ ജലയാത്രാപരിപാടി വേണ്ടത്ര വിജയിച്ചില്ല.

വിനോദ സഞ്ചാരികളെയും പരിസ്ഥിതി പ്രവർത്തകരെയും ഏറെ ആകർഷിക്കുന്ന പ്രകൃതിരമണീയമായ



കവായിക്കായലും തീരവും ഗുരുതരമായ പാരിസ്ഥിതിക ഭീഷണിയെ നേരിടുകയാണ്. കായൽത്തീരങ്ങളിലെ കണ്ടൽക്കാടുകൾ വ്യാപകമായി നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. മണൽ ഖനനവും വൻഭീഷണിയായിട്ടുണ്ട്. പയ്യന്നൂർ നഗരത്തിലും മറ്റുമുള്ള മാലിന്യങ്ങൾ മുഴുവൻ അവസാനമായി എത്തുന്നത് കായലിലാണ്. ടൺകണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങളാണ് കായലിൽ നിക്ഷേപിക്കപ്പെടുന്നത്. കായലിന്റെ ജൈവഘടന നിലനിർത്താൻ പരിസ്ഥിതിസംരക്ഷണം അത്യന്താപേക്ഷിതമാണ്. രാംസർ പദവി ലഭിക്കുകയാണെങ്കിൽ കായലിന് അന്താരാഷ്ട്ര പദവി ലഭിക്കുന്നതോടൊപ്പം തന്നെ സംരക്ഷണത്തിനുള്ള നടപടികൾ ഐക്യരാഷ്ട്ര സംഘടന ഏറ്റെടുക്കുകയും ചെയ്യും.■

കാരയ്ക്കാമണ്ഡപം വിജയകുമാർ



# സജീവമാകുന്ന സസ്യചിത്രരചന

**ഫോട്ടോഗ്രഫിയുടെ വരവിനുമുൻപ് പഠനങ്ങൾക്ക് അവശ്യഘടകമായിരുന്ന സസ്യചിത്രരചന ഇന്ന് പുതിയ മാനങ്ങൾ തേടുകയാണ്.**

ചിത്രകലാരംഗത്ത് പല സങ്കേതങ്ങളും പല മാദ്ധ്യമങ്ങളും പല പരീക്ഷണങ്ങളുമൊക്കെ സജീവമാകുകയും സസ്യചിത്രങ്ങൾ രചിക്കുന്ന ബൊട്ടോണിക്കൽ ആർട്ടിസ്റ്റുകൾക്ക് അന്തർദേശീയതലത്തിൽ സംഘടന ഉണ്ടാകുകയും അവരുടെ ഒത്തുകൂടലും മറ്റും നടക്കുകയും ചെയ്യുന്ന ചിത്രകലയുടെ വർണാഭമായ കാലഘട്ടമാണിപ്പോൾ. യഥാതഥ ചിത്രണ സമ്പ്രദായത്തിലധിഷ്ഠിതമായ ചിത്രകലാചരിത്രത്തിന്റെ പിന്നിലേക്ക് പോകുമ്പോഴും സസ്യചിത്രങ്ങളുടെ രചനകൾ അന്നും മുന്തിയ സ്ഥാനം നേടിയിരുന്നതായി ചരിത്രരേഖകളിൽ കാണാം. ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഒരു സാങ്കേതിക ജ്ഞാനം സ്വരൂപിക്കുക എന്നതിലപ്പുറം ഇന്ന് സസ്യചിത്രരചന പുതിയ മാനങ്ങൾ കീഴടക്കിയിരിക്കുകയാണ്.

ഫോട്ടോഗ്രാഫിയുടെ വരവിന് മുമ്പ് സസ്യശാസ്ത്ര പഠനത്തിന് ഒരത്യാവശ്യ ഘടകമായിരുന്നു സസ്യങ്ങളുടെ രേഖാചിത്രങ്ങളും വർണചിത്രങ്ങളും. സസ്യങ്ങളുടെ ഇലകളുടെ സ്വഭാവം, ഘടന, പ്രത്യേകതകൾ ഇവ പ്രകടമാക്കുന്ന രേഖാചിത്രങ്ങൾ കറുത്തനിറം കൊണ്ട് (ഇൻഡ്യൻ ഇങ്കിൽ തയ്യാറാക്കിയത്) വരച്ചുണ്ടാക്കുകയായിരുന്നു ആദ്യകാലത്ത്. പിന്നീട് സസ്യങ്ങളുടെ ഇലകളും പൂക്കളും ചേർന്ന വർണ ചിത്രങ്ങൾ ജലച്ചായത്തിൽ തയ്യാറാക്കി വന്നു. ഫോട്ടോഗ്രഫി നിലവിൽ വന്ന ശേഷവും ജലച്ചായത്തിലുള്ള വർണചിത്രങ്ങൾ ഈ വിഷയത്തിൽ താത്പര്യമുള്ള ചിത്രകാരന്മാരും ചിത്രകാരികളും തയ്യാറാക്കിയിരുന്നു. പിന്നീട് ഫോട്ടോഗ്രഫിയിലും കംപ്യൂട്ടറിലും ആധുനിക സങ്കേതങ്ങൾ രൂപപ്പെട്ടുവെങ്കിലും ചിത്രങ്ങൾ വരച്ചുണ്ടാക്കുന്നതിന്റെ സൗന്ദര്യമായി സസ്യങ്ങളുടെയും പൂക്കളുടെയും സൂക്ഷ്മമായ പ്രത്യേകതകൾ വരച്ച ചിത്രങ്ങളാണ് സസ്യശാസ്ത്രകാരന്മാർ ഇപ്പോഴും സ്വീകരിച്ചു വരുന്നത്.

ഈ വിഭാഗം ചിത്രങ്ങളുടെ രചനയിലെ പ്രത്യേകതകൾ ഏറെയാണ്. യഥാതഥമായ രചനാശൈലി എന്നതിനെക്കാൾ കുറെക്കൂടി വ്യക്തവും സൂക്ഷ്മവുമായ ചിത്രണരീതി ഈ ചിത്രങ്ങളുടെ പ്രത്യേകതയാണ്. പച്ചനിറത്തിലുള്ള ഇലകളിൽ വെളിച്ചവും നിഴലും വീഴുമ്പോഴുള്ള പച്ചയുടെ നിരവധി ഷേഡുകൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ചിത്രങ്ങൾ ഒരു ക്രിയേറ്റീവ് പെയിന്റിങ്ങിന്റെ കാഴ്ചയാണ് ആസ്വാദകർക്ക് സമ്മാനിക്കുന്നത്. ചിത്രണത്തിലെ കോമ്പോസിഷനും, വർണമേളനരീതിയുമൊക്കെ ഇവിടെ കൂടുതൽ ശ്രദ്ധിക്കപ്പെടുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത്, പ്രത്യേകിച്ച് കലാസങ്കേതങ്ങൾ സങ്കീർണമായിരുന്ന കാലത്ത്, സസ്യചിത്രങ്ങൾ ശൈലീസങ്കേതങ്ങളിൽപ്പെടാതെ ചിത്രകലയുടെ അടിസ്ഥാന പ്രമാണമായ രേഖ, രൂപം, വർണം എന്നിവയിൽ കേന്ദ്രീകരിച്ച് യഥാതഥമായി ചിത്രീകരിച്ചിരുന്നു. ചിത്രണ സമ്പ്രദായത്തിലെ യഥാതഥമായ അവസ്ഥ ദൃശ്യഭാഷയിലെ സസ്യത്തിന്റെ സ്വഭാവം അനുഭവപ്പെടുത്തുന്ന രീതിയിൽ അവതരിപ്പിക്കുകയായിരുന്നു അക്കാല വിദേശ ചിത്രകാരന്മാർ. ബ്രിട്ടീഷ് ഭരണ കാലത്തെ വസ്തുനിഷ്ഠശൈലിയുടെ പിൻബലത്തിൽ ഭാരതീയരായ സസ്യചിത്രകാരന്മാർ ധാരാളം ചിത്രങ്ങൾ വരച്ചിരുന്നു. ഭാരതീയ ചിത്രകലയിൽ വിഖ്യാത ചിത്രകാരൻ രാജാരവിവർമ ഉയർത്തിയ അക്കാദമിക് റിയലിസം എന്ന ധാര സജീവമായിരുന്ന കാലത്ത് ഭാരതത്തിലും, പ്രത്യേകിച്ച് കേരളത്തിലുമുള്ള സസ്യചിത്രകാരന്മാർ തങ്ങളുടെ രചനകളുമായി/ പഠന പദ്ധതിയുമായി ഒതുങ്ങിക്കൂടുകയായിരുന്നു. ചില ബൊട്ടാണിക്കൽ മ്യൂസിയങ്ങളിലും ലൈബ്രറികളിലും അത്തരം പഠനാർഹമായ സസ്യചിത്രങ്ങൾ സൂക്ഷിച്ചിട്ടുണ്ട് എന്ന് കാണാം.

ചിത്രകലയിലുണ്ടായ വിപ്ലവകരമായ വ്യതിയാനങ്ങൾക്കൊപ്പം ചിത്രങ്ങളുടെ വിപണിയും സജീവമായിരിക്കുകയാണിന്ന്.

സാധാരണ ചിത്രകാരന്മാരൊക്കെ വരച്ചിരുന്ന യഥാതഥമായ ചിത്രങ്ങളിലെ പ്രകൃതി ദൃശ്യങ്ങളിലൊക്കെ കാണാനുള്ള സസ്യങ്ങൾ വർണത്തേപ്പുകൾ കൊണ്ട് നിഴലും വെളിച്ചവും ദൃശ്യവത്കരിക്കുമ്പോൾ നിഴലിലും വെളിച്ചത്തിലും ഒളിഞ്ഞിരിക്കുന്ന സസ്യത്തിന്റെ സ്വഭാവം വിശദമായി ചിത്രീകരിക്കുകയായിരുന്നു ബൊട്ടാണിക്കൽ ആർട്ടിസ്റ്റുകൾ ചെയ്തു വന്നത്. സൂക്ഷ്മമായ രചനാരീതിയും ക്ഷമയോടെയുള്ള രചനാകൗശലവുമാണ് ഇവിടെ ശ്രദ്ധേയമാകുന്നത്.

ചിത്രകലയിലുണ്ടായ വിപ്ലവകരമായ വ്യതിയാനങ്ങൾക്കൊപ്പം ചിത്രങ്ങളുടെ വിപണിയും സജീവമായിരിക്കുകയാണിന്ന്. തയ്യാറാക്കുന്ന ചിത്രത്തിന്റെ കലാസൗന്ദര്യം കലാവിപണിയിലെ മുഖ്യഘടകമായി മാറുന്നു. ചിത്രങ്ങളുടെ വില്പനയിൽ സസ്യ ചിത്രങ്ങൾക്ക് ആവശ്യക്കാർ ഉണ്ടായിരിക്കുന്നു. ഇത്തരം ചിത്രങ്ങൾ വിപണിയിൽ ശ്രദ്ധേയമാകുന്നതുവഴി നമുക്കുചുറ്റുമുള്ള പ്രകൃതിയെ, സസ്യങ്ങളെ പ്രത്യേകിച്ച് ഔഷധസസ്യങ്ങളെ പരിചയപ്പെടുവാനും കൂടുതലറിയുവാനും കഴിയുന്നു. പൂക്കളുള്ള സസ്യങ്ങൾ തിരഞ്ഞെടുത്ത് പൂക്കൾക്ക് പ്രധാന്യം കൊടുത്തുകൊണ്ടുള്ള രചനകൾ ആസ്വാദകരെ ഏറെ ആകർഷിക്കുകയും ചെയ്യുന്നു. സസ്യങ്ങളെ ഇഷ്ടപ്പെടുന്നവർ നല്ല വിലയ്ക്കുതന്നെ ചിത്രങ്ങൾ സ്വന്തമാക്കുന്ന കാഴ്ച ഈ വിഭാഗം ചിത്രകാരന്മാർക്ക് ഏറെ പ്രതീക്ഷ നൽകുന്നു. അതോടൊപ്പം ചെടികളുടെയും പൂക്കളുടെയും രേഖാചിത്രങ്ങളും വർണചിത്രങ്ങളും വരയ്ക്കുന്ന ചിത്രകാരൻമാരുടെയും ചിത്രകാരികളുടെയും ഒരു ഏഷ്യൻ സംഘടന രൂപീകരിക്കപ്പെട്ടിരിക്കുന്നു. 'ഗാബ' (Gaba -guild Of Asian Botonical Artists). സംഘടനയുടെ ആദ്യസമ്മേളനം തായ്‌ലാന്റിൽ കഴിഞ്ഞ വർഷം സംഘടിപ്പിച്ചു. അമേരിക്കയിലും യൂറോപ്പിലും സമാന സംഘടനകളിലെ സാരഥികളും ചിത്രകാരന്മാരുമടക്കം 18 രാജ്യങ്ങളിൽ നിന്ന് മുന്നൂറോളം കലാകാരന്മാർ ഈ ത്രിദിന സമ്മേളനത്തിൽ പങ്കെടുത്ത് ചിത്രരചന നടത്തുകയുണ്ടായി. വിവിധ രാജ്യങ്ങളിൽ നിന്ന് കൊണ്ടുവന്ന സസ്യചിത്രങ്ങളുടെ പ്രദർശനം ഒരു മാസം നീണ്ടുനിന്നു. ഗാബയുടെ കോ - ഓർഡിനേറ്റർമാരിലൊരാൾ കേരളത്തിൽ നിന്നുള്ള സസ്യശാസ്ത്രജ്ഞനും കലാകാരനുമായ ഡോ. സി. സതീഷ് കുമാറാണ്. (ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) സസ്യചിത്രകാരന്മാരെ സംഘടിപ്പിക്കുന്നതോടൊപ്പം അവരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കാനും വിൽക്കാനും അവസരമുണ്ടാക്കുക, ഈ മേഖലയിലെ ആധുനിക പ്രവണതകളെ കുറിച്ച് ബോധവത്കരിക്കുക, സസ്യസംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുക! ഇവയൊക്കെയാണ് 'ഗാബ'യുടെ ലക്ഷ്യങ്ങളെന്ന് ഗാബയുടെ ഔദ്യോഗികമുഖപത്രമായ 'വാൻഡ'യുടെ എഡിറ്റർ കൂടിയായ ഡോ. സതീഷ് കുമാർ പറയുന്നു. അടുത്ത സസ്യചിത്രകാരന്മാരുടെയും ചിത്രകാരികളുടെയും സമ്മേളനം ചൈനയിൽ 2008-ൽ നടക്കുമ്പോൾ അതിലേക്കുള്ള പണിപ്പുരയിലാണ് ഈ ശാസ്ത്രജ്ഞർ. ■









ഡോ. കവടിയാർ രാമചന്ദ്രൻ



മലയാളിയുടെ പൊയ്മുഖങ്ങളെ മുറിച്ചെറിയുന്ന ചിരിവരം നൽകിയ വില്വാദ്രിനാഥന്റെ ഗിരിമസ്തിഷ്കത്തിലേക്ക് ഒരു സഞ്ചാരം.

# വി.കെ. എന്ന

*'പൂശകനാം നീ പൂശകനിനിമേൽ*
*മൂഷികനാം ഞാൻ മൂഷികനിനിമേൽ–'*

ഈ വരികൾക്ക് ചെവികൊടുത്ത നമ്പൂരി നമ്പ്യാരോട് ചോദിച്ചത്രെ: 'എന്താടോ ഈ പൂശകൻ?' നമ്പൂരി മനസ്സിൽ അത് എന്തർത്ഥമുളവാക്കിയെന്നായി നമ്പ്യാരുടെ മറുചോദ്യം. 'പൂച്ചയാണോ അത്?' അതെ എന്ന ഉത്തരവും ഒപ്പം പുഞ്ചിരിയും കുഞ്ചന്റെ ചുണ്ടിൽ വിളയാടി എന്നാണ് പഴങ്കഥ. കവിമനസ്സിൽ ഉദിച്ച പുതുഞ്ചൻപദത്തിന് അങ്ങനെ ശബ്ദതാരാവലിയിൽ സ്ഥാനം കൈവരികമാത്രല്ല, രു.സ്വ.തു. (രുക്മിണീ സ്വയംവരം തുള്ളൽ) എന്ന് ഒപ്പം രേഖപ്പെടുത്തേണ്ടിയും വന്നു. ഇങ്ങനെ എത്രയോ പുതുപദങ്ങളും പുത്തൻചൊല്ലുകളും സമ്മാനിച്ച പ്രതിഭയാണ് കുഞ്ചൻനമ്പ്യാരെന്ന വസ്തുത സുവിദിതം. ഈ നമ്പ്യാരാണ് വി.കെ.എന്റെ അക്ഷരദൈവം. എഴുത്തച്ഛനെക്കാൾ പദസ്വാധീനമുള്ള ഗംഭീരൻ നമ്പ്യാരാണെന്ന് വി.കെ.എൻ. പറയും, സമർത്ഥിക്കും. കുഞ്ചൻ നമ്പ്യാരുടെ പദക്കസർത്ത് വി.കെ. എന്നിനെ നന്നായി സ്വാധീനിച്ചിട്ടുണ്ട്. നമ്പ്യാരുടെ പുറംകഥകൾ പോലെ കപടസദാചാരത്തെ അപഹസിക്കുന്ന നിരവധി നാടോടിക്കഥകൾ വി.കെ.എൻ.ന്റെ ഭാവനയിലൂടെ പുനർജനിക്കുകയും ചെയ്തു.

അധികാരകേന്ദ്രങ്ങളും മാടമ്പിത്തണ്ടുകളും നടത്തുന്ന അടിച്ചമർത്തലുകൾക്കെതിരെ കലാപകാരിയുടെ ശബ്ദം ഉയർത്താൻ ഒരു ധിക്കാരിയെ സമൂഹത്തിന് ആവശ്യമായിവരും. പഞ്ചസാരയുടെ കയ്പ് അടിയനിഷ്ടമാണെന്ന പ്രതികരണത്തിൽ, പ്രമാണിമാരുടെ വൃത്തികെട്ട ഫ്യൂഡൽമാമൂലുകൾക്കും അടിയാളന്മാരുടെ അടിമത്തമനോഭാവങ്ങൾക്കുമെതിരേയുള്ള നിഷേധത്തിന്റെ സ്വരമാണ് നാം കേട്ടത്. സമകാലികസമൂഹത്തിന്റെ അനീതിക്കെതിരെ തുള്ളൽക്കവിതയിലൂടെ കുഞ്ചൻ നമ്പ്യാർ പ്രതികരിച്ചെങ്കിൽ അതേപോലെ ആക്ഷേപാസ്ത്രങ്ങൾ നിറഞ്ഞ കഥകളിലൂടെ ശകാരിക്കുകയാണ് വി.കെ.എൻ. ചെയ്തത്. രണ്ടും തീക്ഷ്ണമായ സാമൂഹികവിമർശനമായിരുന്നു. രണ്ടുപേരും ഉപയോഗിച്ചത് ആക്ഷേപഹാസ്യത്തിന്റെ ചാട്ടവാറായിരുന്നു. എന്നാൽ, കുഞ്ചനേയും വെല്ലുന്ന ജീനിയസ്സായിട്ടാണ് വി.കെ. എന്നിനെ പരിഗണിക്കുന്നത് ('സഞ്ജയനെയും കുഞ്ച

# എൻ
# നിശിതജിഹ്വ

നെയും ഈ മനുഷ്യൻ കടത്തിവെട്ടുന്നു'- ഒ.വി. വിജയൻ). അനുകരിക്കാത്തവനും അനുകരിക്കപ്പെടാനാവാത്തവനുമായ ഒരു പ്രതിഭാധനനെ, ഒരു നിശിതജിഹ്വയെ, അത്തരത്തിലേ നിരൂപിക്കാനാവൂ.

## കഥയുടെ പിതാമഹൻ

മലയാളത്തിൽ വി.കെ.എന്നിനു സമം വി.കെ.എൻ അല്ലാതെ മറ്റാരുമില്ല. കേവലമായ ചിരിയുടെ കൊച്ചുക്യാൻവാസിൽ ഒതുങ്ങുന്ന പിതാമഹനല്ല വി.കെ.എൻ. ചിരിയുടെയും ചിന്തയുടെയും ആകാശതുല്യമായ ക്യാൻവാസിൽ നിറയുന്ന അതുല്യനായ പിതാമഹനാണ് അദ്ദേഹം. ചിരിയുടെ ഗൗരവതലങ്ങൾ, ദാർശനികമായ ചിരികൾ, അനായാസം ആവിഷ്കരിച്ച കോമിക്ജീനിയസ്സ്! കഥയുടെയും നോവലിന്റെയും ശൈലിയിലും ഭാഷയിലും സർഗാത്മകമായ തോന്ന്യാസം കാട്ടി അമ്പരപ്പിച്ച കലാകാരനായ കഥാകാരനാണ് വി.കെ.എൻ. എന്ന ഒരത്ഭുത പ്രതിഭ! അതുകൊണ്ടാണ് വി.കെ. എൻ. രചനകളിലേക്കൊന്നിറങ്ങിച്ചെന്ന് നിരൂപിക്കാൻ, അതിന്റെ പിറവിക്കുശേഷം മുപ്പതോളം സംവത്സരം നമുക്ക് കാത്തിരിക്കേണ്ടി വന്നത്. ആ ഇറങ്ങിച്ചെല്ലൽ ഒട്ടും എളുപ്പമല്ല തന്നെ.

അൻപതുകളിൽ രചന ആരംഭിച്ചെങ്കിലും എൺപതുകളിലാണ് തിരുവില്വാമലയിലെ ആ വലിയ നാണ്വാരുടെ സാഹിത്യത്തെ നിരൂപകർ പഠിച്ചറിയാൻ തുടങ്ങിയത്. കെ.പി.അപ്പന്റെ 'കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ' എന്ന പഠനം വി.കെ. എൻ.ഭാവനയെ പ്രകാശഗോപുരമായി ചൂണ്ടിക്കാണിച്ചു. മലയാള നിരൂപണത്തിലെ രണ്ടാമത്തെ കാന്താരതാരകമെന്ന് അതിനെ വിശേഷിപ്പിച്ചത് അർത്ഥവത്തായി ('ചിരിയുടെ പിതാമഹൻ'-ആമുഖം-ഡോ.പി.സി. റോയി).

വടക്കേക്കൂട്ടാല നാരായണൻകുട്ടി നായർ 1932-ലാണ് ജനിച്ചത്. പത്താംക്ലാസ്സ് പാസ്സായശേഷം ഒമ്പതുവർഷത്തോളം മലബാർ ദേവസ്വത്തിൽ ഗുമസ്തനായിരുന്നു. പഠനകാലത്ത് എഴുതിത്തുടങ്ങിയത് കവിതകളാണ്. 1950-ലാണ് ആദ്യത്തെ കഥ പ്രസിദ്ധപ്പെടുത്തിയത്; ശങ്കേഴ്സ് വീക്ക്‌ലിയിൽ വന്ന 'ബുഷ്ഷർട്ട്' എന്ന കഥ. ഇംഗ്ലീഷിലെഴുതിയ ഈ ഹാസ്യകഥയുടെ മലയാളം 1952-ൽ ദേവന്റെ ഇല്ലസ്ട്രേഷനോടു കൂടി മാതൃഭൂമിയിൽ വന്നു. അപ്പോൾ വി.കെ.എൻ ഇരുപത് വയസ്സുള്ള വെറും പയ്യൻസ്!

ബുഷ്ഷർട്ടിനു ശേഷം വി.കെ.എന്നിന്റെ ഹിറ്റ്സ്റ്റോറിയായ 'വിവാഹപ്പിറ്റേന്ന്' പ്രസിദ്ധീകൃതമായി. ഇതോടെ വി.കെ. എന്നിന്റെ ഒരു ഹാസ്യപ്രതിഭയാണെന്നുള്ള വസ്തുത പ്രകടമായി. ജീവിതപാരമ്പര്യങ്ങളിലെ ചില ബാലിശവൃത്തികളുടെയും പൊങ്ങച്ചങ്ങളുടെയും വിമർശനത്തിലാണ് വി.കെ.എന്നിന്റെ കാഥികജീവിതം ആരംഭിക്കുന്നത്. അൻപതുകളിലെ കേരളീയ ജീവിതത്തിന്റെ സവിശേഷസാഹചര്യമാണ് 'വിവാഹപ്പിറ്റേന്ന്' എന്ന കഥയുടെ പൊതുപശ്ചാത്തലം. പുരുഷന്മാരുടെ പാരമ്പര്യാധികാരമെല്ലാം ഒടുങ്ങിവരുന്നതാണ് കാലം. ആധുനിക ഗാർഹസ്ഥ്യത്തിലേക്ക് ഒതുക്കപ്പെടുന്ന പുരുഷന് പുത്തൻസങ്കല്പങ്ങളോടുണ്ടാകുന്ന കലഹം ഇക്കഥയിൽ വ്യക്തമാകുന്നു. മലയാളത്തിലെ ആഖ്യാനരീതി പ്രകാരം ഒന്നാം തലമുറക്കഥകളുടെ തുടർച്ചയിലാണ് ഇക്കഥയുടെ നില. അതായത്, അനുഭവവിവരണത്തിന്റെ കഥനരീതി. അതേസമയം, ആധുനികമായ ആഖ്യാനതന്ത്രത്തിന്റെ പ്രാരംഭവും ഇതിൽ കാണാം. 'ഒരൊറ്റക്കഥകൊണ്ട് അവൻ മലയാളസാഹിത്യത്തിൽ സ്ഥാനമുറപ്പിച്ചു'വെന്ന് ഉറൂബ് പറഞ്ഞത് ഈ കഥ കണ്ടിട്ടാണ്.

വി.കെ.എന്റെ സർഗാത്മകമായ നിയന്ത്രണമില്ലായ്മ കഥകളെ പലപ്പോഴും രൂപരഹിതമാക്കിക്കൊണ്ട് അവയെ ചിത്രകലയിലെ കൊളാഷിനോട് അടുപ്പിക്കുന്നത് കാണാം. ഹാസ്യാനുകരണത്തെയും പൊരുത്തക്കേടുകളെയും വൈരുദ്ധ്യാഭാസങ്ങളെയും കാലപ്പൊരുത്തമില്ലായ്മയെയും വേതാളപ്രയോഗങ്ങളെയും മര്യാദകെട്ട ചിഹ്നങ്ങളെയും ഭാവചിത്രങ്ങളുടെ കഷണങ്ങൾ പോലെ ഒട്ടിച്ചുചേർത്ത് ഒരു കൗതുകചിത്രത്തിന്റെ രൂപത്തിൽ അവതരിപ്പിക്കുമ്പോൾ വി.കെ.എന്നിന്റെ കഥ കൊളാഷ് ആയി മാറുന്നു. കെ.പി.അപ്പന്റെ ഈ അഭിപ്രായം ഹാസ്യകഥകളെ സംബന്ധിച്ചിടത്തോളം പലപ്പോഴും ശരിയാകും. എന്നാൽ, പതിവുള്ള ഘോഷങ്ങളൊന്നുമില്ലാത്ത, ഗൗരവമുള്ളതും മുറുക്കമുള്ളതുമായ, ഈടേറുംകഥകളുടെ കാര്യം വ്യത്യസ്തമെന്ന് കാണണം. ചരിത്രം, ശാസ്ത്രം, സാമ്പത്തികശാസ്ത്രം, മതം, ആത്മീയം, ഇതിഹാസം, കൃഷി, രാഷ്ട്രീയം, ലൈംഗികത-ഇങ്ങനെ പലപല വിഷയങ്ങൾ ഇഴപിരിഞ്ഞ് സവിശേഷരൂപം പൂണ്ടതാണ് വി.കെ.എൻ.സാഹിത്യം. അതിനാലാണീ കഥാകാരനെ സമസ്തവിജ്ഞാനങ്ങളുടെയും ഭണ്ഡാഗാരമായ ഗിരിമസ്തിഷ്കമെന്ന് അതിശയോക്തി കൂടാതെ വിശേഷിപ്പിക്കാൻ കഴിയുന്നത്. ഒരു ദുരന്തചരിത്രസംഭവത്തെ വ്യക്തവും ശക്തവുമായ ഒരു കഥാരൂപമാക്കി അവതരിപ്പിച്ചിട്ടുള്ളത് കാണുക.

> പീഡിതമായ സമകാലിക സാമൂഹിക ജീവിതത്തെ കോമാളിച്ചിരിക്ക് വിധേയമാക്കിയ വി.കെ.എന്നിൽ തുഞ്ചന്റെയും കുഞ്ചന്റെയും ധാരകൾ സംയോജിക്കുന്നു.

## ബൊളീവിയ

ഷെഗുവരയുടെ ജീവിതാന്ത്യമാണ് ബൊളീവിയ എന്ന ചരിത്രകഥയ്ക്ക് വിഷയം. ഗറില്ലാനേതാവും ക്യൂബയിലെ സാമ്പത്തികസംവിധായകനുമായ ഷെഗുവര ലാറ്റിനമേരിക്ക മുഴുവൻ സോഷ്യലിസത്തിന്റെ മൂശയിൽ വാർത്തെടുക്കാൻ വേണ്ടി പുറപ്പെടുന്ന ചരിത്രസന്ദർഭത്തിലാണ് കഥ തുടങ്ങുന്നത്. സന്നാഹത്തിന്റെ തുടക്കം 1960-ലും അവസാനം 1967-ൽ ബൊളീവിയയിലും. കൂട്ടത്തിലുള്ള ഒരു ഗറില്ല ഒറ്റിക്കൊടുത്തതിന്റെ ഫലമായി ഷെഗുവര എന്ന സിംഹത്തിന്റെ മട ബൊളീവിയൻ കൂലിപ്പട്ടാളം വളയുന്നതും സിംഹായുസ്സിനെ ചുട്ടെരിക്കുന്നതുമാണ് ഇതിലെ പ്രമേയം. കൊല്ലുന്നതിനിടയ്ക്കുള്ള പിടയ്ക്കുന്ന ചില നിമിഷങ്ങളിൽ വായനക്കാരന്റെ ജിജ്ഞാസ തിരയടിച്ചുയരുന്നു

മറ്റെല്ലാക്കഥയിലുമെന്നപോലെ ഈ ചരിത്രകഥയിലും നമ്മെ ഏറെ ആകർഷിക്കുന്ന ഘടകം ഭാഷാശൈലിയിലെ വി.കെ. എൻ സ്റ്റൈൽ തന്നെ. ശില്പതന്ത്രവും ശ്രദ്ധേയമായിരിക്കുന്നു. ഗറില്ലാത്താവളത്തിൽ വച്ച് ഷെഗുവര എന്ന സിംഹത്തിന് വാലിൽ മുറിവേൽക്കുന്നതും ബൊളീവിയൻ വനാന്തരങ്ങളിലൂടെ ഊർന്നിറങ്ങുന്ന നിലാവിന്റെ ഇരുണ്ടുവെളുത്ത മൊസെയ്ക്കും, കൂലിപ്പട്ടാളത്തെ വേരറുത്തു വീഴ്ത്താൻ ഷെ ദിനങ്ങളെ രാത്രിയിലേക്കു

ഗണിച്ചു വീഴ്ത്തുന്നതും, ജർമ്മനിയിലെ താടിക്കാരന്റെ പ്രവചനവും, കൂട്ടിക്കൊടുക്കലിന്റെ നാണംകെട്ട ചരിത്രവും, പിംപിങ്ങിന്റെ വിഷം നിറഞ്ഞ ശുക്ലത്തിന്റെ ദുർഗ്ഗന്ധവും, ഗറില്ലയുടെ പാമ്പുറയണിഞ്ഞ അണലിപ്പാമ്പും, കമാണ്ടർ കൊടുത്ത ചൂടു രക്തം (മദ്യം) ഭടൻ ഒറ്റവീർപ്പിന് അകത്താക്കുന്നതും, വിറയ്ക്കുന്ന കൈകളിൽ കിടന്നു തുളുമ്പുന്ന റൈഫിളിൽനിന്ന് ഭടൻ ഷേയുടെ നെഞ്ചിനു നേരെ നിറയൊഴിക്കുന്നതും, മരണം ഒരു കൊടുങ്കാറ്റായി ആഞ്ഞടിച്ചു വരുന്നതും, കാച്ചിയെടുത്ത ഇരുമ്പിന്റെ തിളക്കമുള്ള കണ്ണുകൾ തന്റെ കാൽക്കീഴിൽ കിടക്കുന്ന ഭടനിലേക്ക് കമാണ്ടർ തിരിച്ചുനിർത്തുന്നതും–എല്ലാമെല്ലാം, മൃതിരണനം മുഴങ്ങി നിൽക്കുന്ന ഗൗരവമേറിയ സന്ദർഭത്തെ ദീപ്തമാക്കുന്ന മട്ടിലുള്ള, പിരിമുറുക്കമുള്ള, ഒരു ഭാഷാശൈലിയുടെ ആവിഷ്കാര വൈദഗ്ദ്ധ്യത്തെയാണ് പ്രകടമാക്കുന്നത്. രൂക്ഷമായ ചിരിയോ കോമാളിച്ചിരിയോ വന്യമായ ഹാസ്യമോ ഒന്നുമല്ലിവിടെ കഥാകൃത്ത് ഉയർത്തി വിടുന്നത്. മറിച്ച്, ലോകചരിത്രത്തിലെ ധീരനായ ഒരു ധിക്കാരി മരണത്തിനു മുന്നിൽ നെഞ്ചു വിരിച്ചു നിൽക്കുകയും, വെടിയുണ്ട നെഞ്ചിനെ തുളച്ചിട്ടും തന്റെ വിപ്ലവസ്വപ്നം സഫലമാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്ത ഉജ്ജ്വലമുഹൂർത്തത്തെ അതർഹിക്കുന്ന ഗൗരവത്തോടെ കഥയുടെ കാതലാക്കുകയാണ് വി.കെ.എൻ. ചെയ്തത്. ഇമ്മട്ടിലൊരു രചനാമുഖവും വി.കെ.എൻ കഥകൾക്കുണ്ട് എന്ന് കാണാൻ ബൊളീവിയ ഒന്നാംതരം ദൃഷ്ടാന്തമായിരിക്കുന്നു. സ്വയം ചിരിക്കാതെയും നമ്മെ ചിരിപ്പിക്കാതെയും അപൂർവഭാവസൗന്ദര്യത്തോടെ രുധിരസത്യം സൃഷ്ടിച്ച കരുത്തുറ്റ രചന!

## വി.കെ.എന്നും വിദൂഷകനും

കൂടിയാട്ടത്തിലെ വിദൂഷകനും വി.കെ. എന്നും തമ്മിലുള്ള അതിസമാനത പഠനങ്ങളിൽ വെളിവായിട്ടുള്ള വസ്തുതയാണ്. സമകാലികസമൂഹത്തിന്റെ ജീർണമായ അവസ്ഥകൾ കണ്ടുണ്ടായ ദുഃഖമാണ് വാസ്തവത്തിൽ വിദൂഷകന്റെ പുരുഷാർത്ഥപ്രപഞ്ചനത്തിനടിസ്ഥാനം. ദുരിത പൂർണ്ണങ്ങളായ ജീവിതസങ്കടങ്ങളാണ് വിദൂഷകൻ ആവിഷ്കരിച്ചത്. ദുരന്താനുഭവങ്ങളെ അതിജീവിക്കാനുള്ള ആയുധമായിരുന്നു വിദൂഷകന്റെ ചിരി. ആ ചിരിയുടെ അന്തർധാര അടക്കാനാവാത്ത നിലവിളിയായിരുന്നു. അതായത് അതിന്റെ അടിസ്ഥാനഭാവം ശോകമാണ്. വി.കെ.എൻ എന്ന വിദൂഷകന്റെ പ്രതിഭയെ നിയന്ത്രിച്ചിരുന്ന അടിസ്ഥാന ഭാവവും ഇതുതന്നെയാണ്. സമകാലിക ദുരന്തങ്ങളുണ്ടാക്കുന്ന ദുഃഖം ആദ്യം ക്രോധമായി മാറുകയും ഈ ക്രോധത്തിൽ നിന്നുണ്ടാകുന്ന ഹാസ്യം ആവിഷ്കൃതമാക്കുകയും ചെയ്യുന്നു. സൂക്ഷ്മമായ അപഗ്രഥനത്തിൽ മാത്രം വെളിവായി വരുന്നതാണിത്. (കെ.പി. അപ്പന്റെ കോമാളിയുഗത്തിലെ പുരുഷ ഗോപുരങ്ങൾ, ഡോ.ലിസി മാത്യൂവിന്റെ വി.കെ.എൻ. പുതിയ പുരുഷാർത്ഥങ്ങളുടെ ചക്രവർത്തി പഠനങ്ങൾ.)

കണ്ണീർ പുറത്തു വരാതിരിക്കുവാൻ വേണ്ടി പയ്യൻ ചിരിച്ചു എന്നെഴുതിയപ്പോൾ അത് വി.കെ.എൻ. സ്വത്വത്തിന്റെ വെളിപാട് തന്നെയായിരുന്നു. ആ ദുഃഖം, ആ രോഷം, രൂക്ഷമായ ചിരിയും വന്യമായ ഹാസ്യവും ഫലിതവുമൊക്കെയായി രൂപാന്തരപ്പെട്ടു. പീഡിതമായ സമകാലികസാമൂഹിക ജീവിതത്തെ തികച്ചും സ്വന്തമായ ഭാഷാശൈലിയിൽ കോമാളിച്ചിരിക്ക് വിധേയമാക്കി, വി.കെ.എൻ. തുഞ്ചന്റെയും കുഞ്ചന്റെയും രണ്ടു ധാരകൾ ഈ എഴുത്തുകാരനിൽ സംയോജിക്കുന്നു എന്ന നിരൂപണം സാധുവാകുന്നു.

വി.കെ.എന്നിന് വിദൂഷകനുമായുള്ള ബന്ധം സാധുവാക്കാൻ അല്പംകൂടി വിശദീകരിക്കേണ്ടതുണ്ട്. ഫ്യൂഡൽ ജീവിത സാഹചര്യങ്ങളെ വിശ്വാസയോഗ്യമായി അവതരിപ്പിക്കുവാൻ കൂടിയാട്ടത്തിലെ പുരുഷാർത്ഥ പ്രതിപാദകമായ വിദൂഷകന്റെ ജീവിതചിത്രണത്തിനു സാധിച്ചു. ഇതിനു സമാനമായ ചിത്രീകരണവും ജീവിതവീക്ഷണവും വി.കെ.എൻ. സ്വീകരിക്കുന്നുണ്ട്. വിദൂഷകപുരുഷാർത്ഥത്തിന്റെ വിവിധ വിശദീകരണങ്ങൾ വി.കെ.എൻ.രചനകളിലുണ്ടെന്ന വസ്തുത കണ്ടെത്തുക പ്രയാസമുള്ളതല്ല. അശനം, രാജസേവ, വേശ്യാവിനോദം, വേശ്യാവഞ്ചനം എന്നീ പുരുഷാർത്ഥങ്ങൾക്ക് വി.കെ.എൻ സാഹിത്യത്തിൽ നിന്ന് തെളിവ് ശേഖരിക്കുക ക്ഷിപ്രസാദ്ധ്യമാണ്. അശനപ്രിയരായ വി.കെ. എൻ കഥാപാത്രങ്ങളുടെ ഭക്ഷണക്കാര്യം പരിശോധിക്കാം; ഇത്തുക്കുട്ടിയമ്മ ചക്കച്ചുള വറുത്തുവയ്ക്കാത്തതിൽ പ്രതിഷേധിച്ച് പ്ലാവിൽ കയറി പത്തുപന്ത്രണ്ടു ചക്ക അടത്തിട്ട കുഞ്ഞൻമേനോൻ പാതിരാവോളമിരുന്ന് അത് വറുത്ത് ഒരു ചുളപോലും ബാക്കി വയ്ക്കാതെ തിന്നുന്നതാണ് രൗദ്രഭീമനിലെ പ്രതിപാദ്യം. ഒരു പൂവൻകോഴിയെ പാകം ചെയ്തു ഭക്ഷിക്കുന്നതു മാത്രമാണ് കുക്കുടപാകം എന്ന കഥയുടെ പ്രമേയം. വിദൂഷകൻ അവതരിപ്പിക്കുന്ന കഥാപാത്രങ്ങളെപ്പോലെ വി.കെ.എന്നിന്റെ കഥാപാത്രങ്ങളും ഭക്ഷണത്തോട് ആർത്തിയും ആക്രമണസ്വഭാവവും പുലർത്തുന്നവരാണ്. അതിശയോക്തിപരമായ വർണ്ണനകളാണ് ഇരുവരും നടത്തുന്നത്. ആനയ്ക്കു പാകത്തിൽ ഒരുരുള പിടിച്ചു. കുറുക്കു കാളനിൽ അവനെ ഒപ്പി ഉന്നം പിഴയ്ക്കാതെ വായിൽ എറിഞ്ഞു. കണ്ഠനാളമികെ അവനെ വിഴുങ്ങി (മഞ്ചൽ) ഇഷ്ടംപോലെ തിന്നും വേണ്ടുവോളം ഉറങ്ങിയും സംതൃപ്തിയോടെ മരിച്ച പയ്യൻ ശവമഞ്ചത്തിൽ എഴുന്നേറ്റിരുന്ന് ശവവാഹകരോട് ചോദിച്ച ചോദ്യം കേട്ട് ഏതു ഗൗരവക്കാരനും പൊട്ടിച്ചിരിച്ചുപോകും. ചോദ്യമിതാണ്: അവിടെയും രാവിലെ ഇഡ്ഡലി തന്നെയല്ലേ? (നിലനില്പിയം). ശ്ലോകങ്ങളിലൂടെ വിദൂഷകൻ പാചകവിധികൾ അവതരിപ്പിക്കുന്നതുപോലെ വി.കെ. എൻ. നിരവധി പാചകക്കുറിപ്പുകൾ കഥകളിലവതരിപ്പിക്കുന്നുണ്ട്.

കാലത്തിന്റെ മാറ്റമനുസരിച്ച് രാജാവിനെ സേവിക്കുന്നതിനുപകരം ജനാധിപത്യത്തിലെ ഉന്നതഭരണ പദവികളിലുള്ളവരെ സേവിക്കുന്നതാണ് വി.കെ.എന്നിന്റെ വിവിധ ചിത്രീകരണങ്ങൾ. ഉന്നതരെ സ്വാധീനിച്ച് ഉയരങ്ങളിലെത്തുന്ന കഥാപാത്രമാണ് പയ്യൻ. മന്ദബുദ്ധികളായ മന്ത്രിമാർക്ക് ബുദ്ധിമാന്മാരായ സെക്രട്ടറിമാർ ഉണ്ടാകുന്നതുകൊണ്ടാണല്ലോ ഭരണം മുന്നോട്ടു പോകുന്നത് ( പിതാമഹൻ ). ആധുനികരാഷ്ട്രീയത്തിൽ രാജസേവകന്റെ പ്രാധാന്യത്തെയാണ് മേൽസൂചിപ്പിച്ചത്. വി.കെ.എൻ.കഥാപാത്രങ്ങളധികവും പരസ്പരപൂരകമായ പ്രേമത്തിൽ വിശ്വസിക്കുന്നവരും ഒന്നിലേറെ ഇണകളെ പ്രാപിക്കുന്നവരുമാണ്. വേശ്യാവിനോദമെന്ന പുരുഷാർത്ഥത്തെ ഉപദേശിക്കുന്ന വിദൂഷകനാണ് കഥാകൃത്തിനു മാതൃക. വി.കെ. എന്നിന്റെ നായികമാരിൽ പലർക്കും മണിപ്രവാള മഹിളാമണികളുടെ ഛായ കാണാം. ശൃംഗാരവും ലൈംഗികതയും മേമ്പൊടി ചേർത്ത് ഹാസ്യത്തിനു ലഹരികൂട്ടുന്ന വി. കെ.എന്നിന്റെ രീതി വിദൂഷകന്റെ സമ്പ്രദായത്തിനു സമാനമാണ്. സ്ത്രീകളെവശപ്പെടുത്തി കാര്യം കാണുന്ന സന്ദർഭങ്ങൾ വി. കെ.എൻ കഥകളിൽ ധാരാളമുണ്ട്. വേശ്യാവഞ്ചനത്തിന്റെ മറ്റൊരു മാനമാണിവിടെ അനാവൃതമാക്കുന്നത്. വേദാന്തവനവീരപ്പൻ വരുന്നുദ്ദണ്ഡസിമ്മത്താൻ എന്ന് പ്രതിശ്ലോകം നിർമ്മിക്കുകയും അന്തഹന്തയ്ക്കിന്ത ജിലേബി എന്ന് മാറ്റിമറിച്ചടിക്കുകയും ചെയ്യുന്ന വി.കെ.എൻ.വേലകളും വിദൂഷകരീതിയിൽപ്പെടുന്നവ തന്നെ.

## ചിരിവരം തന്ന വിലാദ്രിനാഥൻ

പയ്യന്റെ വാക്കുകളിലൂടെ വി.കെ.എൻ ചിത്രീകരിക്കുന്ന ജീവിതത്തിന്റെ ഭോഗവശങ്ങൾ പുരുഷാർത്ഥങ്ങളിലൂടെ വിദൂഷകൻ അവതരിപ്പിച്ചതാണ്. ക്ഷണപ്രഭാചഞ്ചലമായ ഭോഗങ്ങളെപ്പറ്റിയും മന്നന്റെ തോളിൽ കേറാവുന്ന മാറാപ്പിനെപ്പറ്റിയും ഉള്ള ചിന്തയിലേക്കു നയിക്കുന്നതാണ് ഇരുവരുടെയും ആക്ഷേപഹാസ്യസംഹാരങ്ങൾ. സുഖമാധുര്യങ്ങൾക്കപ്പുറം മനുഷ്യനെ കാത്തിരിക്കുന്ന കാഞ്ഞിരങ്ങളെപ്പറ്റിയുള്ള ഉൾക്കാഴ്ച വി.കെ.എന്നിലുണ്ട്. സ്വയം ഓപ്റ്റിമിസ്റ്റാണെന്ന് വിശ്വസിപ്പിക്കാൻ ശ്രമിക്കുന്ന പെസിമിസ്റ്റാണ് വി.കെ.എൻ. (കെ.പി.അപ്പൻ- കലാപം, വിവാദം, വിലയിരുത്തൽ) എന്ന കണ്ടെത്തൽ തികച്ചും ശരിയാണ്.

ഒരു ദുരന്തകവിപ്രതിഭയാണ് വി.കെ. എൻ. ജീവിതത്തിലെ നിസാരമായ പൊരുത്തക്കേടുകളല്ല മറിച്ച്, വളരെ ഗൗരവമേറിയ വൈരുദ്ധ്യങ്ങളാണ് വി.കെ.എന്നിന്റെ ഹാസ്യത്തിനു നിദാനം. അതിനാലാണ്, ഉന്നതജ്ഞാനിയായ ചാക്യാരെപ്പോലെ ചിരിയിൽ നിന്നും ചിന്തയിലേക്കും ചിന്തയിലൂടെ അഗാധമായ ജ്ഞാനത്തിലേക്കും ശേഷിയും ശേമുഷിയുമുള്ള സഹൃദയനെ നയിക്കാൻ ഈ കഥാകാരന് കഴിയുന്നത്.

ബുദ്ധികൊണ്ടുള്ള ഹാസ്യം എന്താണെന്ന് ശരിക്കും അനുഭവിപ്പിച്ചു തരാൻ കഴിഞ്ഞ ജീനിയസ്സാണ് വി.കെ.എൻ. വാഴുന്നവരുടെയും വാഴ്ത്തപ്പെടുന്നവരുടെയും പൊയ്മുഖങ്ങളെ കച്ചക്കൊക്കക്കതിനനെ മുറിച്ചെറിയുന്ന ചിരിവരം നൽകിയ മലയാളത്തിന്റെ വില്വാദ്രിനാഥനാണിവൻ!

### ഭാഷയുടെ നവാവതാരം

വി.കെ.എൻ സാഹിത്യത്തിന് തനിമയും ഔന്നത്യവും നൽകിയത് ശൈലിയുടെ സവിശേഷതയാണെന്ന് വായനക്കാർക്കെല്ലാം അറിയാം. നോവലായാലും കഥയായാലും ഇതാ, വി.കെ.എൻ എന്ന് വിളിച്ചറിയിക്കുന്ന തിരിച്ചറിയൽ കാർഡ് അദ്ദേഹത്തിന്റെ ശൈലിതന്നെയാണ്-ഭാഷാശൈലി. അല്ലാതെ ആവിപൊന്തുന്ന വിഷയമോ കൺസ്ട്രക്ഷന്റെ അംശങ്ങളോ സ്ട്രക്ചറിന്റെ ഘടകങ്ങളോ ഒന്നുമല്ല അതിനെ കണ്ടറിയാനുള്ള രൂപവ്യക്തിത്വം. ശൈലിയും എഴുത്തുകാരന്റെ വ്യക്തിത്വവും തമ്മിലുള്ള രക്തബന്ധത്തെപ്പറ്റി വില്യം ഹെൻട്രി ഹഡ്സൺ പറഞ്ഞിട്ടുള്ളത് എക്കാലത്തും ശ്രദ്ധേയമാണ്. വാക്കുകളുടെ തിരഞ്ഞെടുപ്പ്, ശൈലീപ്രയോഗം, വാക്യഘടന, അവയുടെ പ്രത്യേകമായ താളവും സ്വരക്രമവും-ഇവയിലെല്ലാംതന്നെ എഴുത്തുകാരന്റെ വ്യക്തിത്വം നിറഞ്ഞു നിൽപുണ്ടാവും. പറഞ്ഞ വ്യക്തി ഗണ്യമായിത്തന്നെ തന്റെ വ്യക്തിത്വം അതിൽ ഉൾക്കൊള്ളിച്ചിരിക്കും ( സാഹിത്യപഠനത്തിന് ഒരാമുഖം -വിവ:ഡോ.എസ്.കെ.വസന്തൻ).

ഭാഷയ്ക്കുള്ളിൽ ഭാഷസൃഷ്ടിച്ച് തനിമയാർന്ന ഒരുഭാഷാരൂപത്തിന് നിത്യത നൽകിയ വി.കെ.എൻ.ശൈലി എങ്ങനെയൊക്കെയാണ് ശ്രദ്ധേയമായിത്തീരുന്നതെന്നറിയണം. അവയിൽ പ്രധാനപ്പെട്ടവ:

(1) ഭാഷാസ്വരൂപത്തിന്റെ പൊടുന്നനെയുള്ള മാറ്റം
(2) നാടൻ ഭാഷയുടെ നാടകീയമായ (slang) പ്രയോഗം
(3) സംഭാഷണ ശൈലിയുടെയും ലളിതഭാഷയുടെയും ഇടയിൽ അപ്രതീക്ഷിതമായി പണ്ഡിത ഭാഷയുടെ പ്രയോഗം
(4) എഴുതിവരുന്ന ശൈലിയുമായി ഒരുതരത്തിലും കൂട്ടിയിണക്കാൻ വയ്യാത്ത വാക്കുകളുടെയും വാക്യങ്ങളുടെയും പ്രയോഗം
(5) വിവിധ ഭാഷാപദങ്ങളുടെയും വാക്യങ്ങളുടെയും പ്രയോഗം
(6) ക്ലീഷേ (cliche) എന്നു വിളിച്ചുവരുന്ന, അർത്ഥം നഷ്ടപ്പെട്ടുപോയ പ്രയോഗങ്ങളുടെ ധാരാളിത്തം
(7) പ്രാദേശിക ഭാഷയുടേയും ജാതിഭാഷയുടെയും മതഭാഷയുടെയും പ്രയോഗം
(8) വ്യാകരണം തെറ്റിക്കൽ, വക്രീകരണം തുടങ്ങിയവ
(9) അനുകരണം, വിവർത്തനം എന്നതിലെ തനതു വിദ്യകൾ.

സാഹിത്യഭാഷകളുടെയും പത്രഭാഷകളുടെയും പ്രസംഗശൈലിയുടെയും പഴഞ്ചൊല്ലുകളുടെയും കോമാളി രൂപങ്ങൾ ഭാഷയുടെ നിയമം ലംഘിച്ചും അർത്ഥവ്യതിയാനം വരുത്തിയും വി.കെ.എൻ അവതരിപ്പിച്ചിട്ടുണ്ട്. അവയിൽ ചിലതു കാണുക.

കല്യാണി പലരോടും കളവാണി പറഞ്ഞു;

ആനന്ദ ലബ്ധിക്ക് ഇനി ഒന്നും വേണ്ടിയിരുന്നില്ല;

യൂണിറ്റും ഭാഷയും നിറംകൂടം പോലെ തുളുമ്പി;

മെല്ലെ തിന്നാൽ ശകടവും തിന്നാം;

സമ്മാനാന്തം കവിത്വം;

പാത്രാശയസംബന്ധമായ രോഗം;

മുക്തകണ്ഠം ഭക്ഷിക്കുക.

അരമുറി ഇംഗ്ലീഷ് മാത്രം അറിയാവുന്ന ഇട്ടൂപ്പു മുതലാളി അമേരിക്കയിലെത്തി റിസപ്ഷണിസ്റ്റിനോട് പ്രാർത്ഥിക്കുന്നത് കേൾക്കുക.

Sister, India hot, America cold, want company.

I pay Room number 639. Yes come, No Sorry

> വി.കെ.എൻ എന്ന വിദൂഷകന്റെ പ്രതിഭയെ നിയന്ത്രിച്ചിരുന്ന അടിസ്ഥാനഭാവം ശോകമാണ്.

(ഇഷ്ടമുണ്ടെങ്കിൽ അയാളോടൊപ്പം ചെല്ലാനും അല്ലെങ്കിൽ മാപ്പെന്നുമാണ് പറഞ്ഞത്!).

ഇനി ചില വിവർത്തനങ്ങളറിയുക:

1. Who is afraid of Vergenia wolf?

വെള്ളായണി അർജ്ജുനനെ ആർക്കു ഭയം? എന്ന് വിവർത്തനം.

2. നൈനം ദഹതി പാവക

(ഇവനെ അഗ്നി ദഹിപ്പിക്കുന്നില്ല എന്നർത്ഥം-ഭഗവദ്ഗീത)

പരിഭാഷ: നൈനാനെപ്പോലും ഒരു പുല്ലും ചെയ്യാൻ പാവകനു പറ്റുകേല.

3. ഭഗവാൻ സഹായ് എന്നതിന്

സ്വാമിശരണം എന്ന് വി.കെ.എൻ. പരിഭാഷ.

ഹാസ്യത്തിൽ മുഖ്യമായിട്ടുള്ള പ്രാസപ്രയോഗം വി.കെ.എൻ. സാഹിത്യത്തിൽ സർവത്ര കാണാം.

വരും ജന്മത്തിലെങ്കിലും വരകവിയും വരപണ്ഡിതനുമായി വന്ന് വരലക്ഷ്മി ഉണ്ണുനീലിയുടെ വരനായി വാഴാൻ വഴിതരണേ വരയ്ക്കൽ ഭഗവതി വലിയമ്മേ വാഗീശ്വരി എന്നു വാരിയർ വചനത്തിൽ വാഴ്ത്തി (മഞ്ചൽ)

ഒരു വ്യക്തിനാമത്തിൽപ്പിടിച്ചുള്ള ഹാസ്യാത്മക പ്രതിപാദ്യം ഇപ്രകാരം: രഥത്തിൽ കയറി വടക്കുനോക്കിയന്ത്രമുപയോഗിച്ച് നാം ആ ഭാഗത്തേക്ക് കുതിച്ചു. അങ്കമാലി കറുകുറ്റി ഭാഗമെത്തിയപ്പോൾ എതിരെ വേറൊരു രഥം വരുന്നു; മുന്ന് കുതിരകളെപൂട്ടി മുന്ന് കൊടിയും പാറിച്ച് കട, കട, കട എന്ന് ത്രിവിധം ശബ്ദത്തോടെയും. അന്വേഷിച്ചപ്പോൾ അതു തൃക്കൊടിത്താനം ഗോപിനാഥൻനായർ സഞ്ചരിക്കുന്ന രഥമാണെന്ന് മനസ്സിലായി -(പയ്യന്റെ രാജാവ്).

ശബ്ദസാമ്യമുള്ള പദങ്ങളെ ഇണക്കി യുക്തിരഹിതമായ ആശയങ്ങളുണ്ടാക്കുന്നതിന് ഉദാഹരണം: 1. ഒരുരുളിവട്ടത്തിൽ അരുളിച്ചെയ്തു, 2.ലക്ഷണമൊത്ത നാസിക, നാസിക്കുകാരിയാണെന്നു തോന്നുന്നു.

നളൻ ഹംസത്തെ പിടിച്ചത് കറിയോ വറവോ കുറവോ മറവോ എന്നോർത്തതു കൊണ്ടാണെന്ന് നളചരിതംമൂലം എന്നകഥയിൽ വായിച്ചാസ്വദിക്കുമ്പോൾ വി.കെ.എൻ. ഉണ്ണായിവരികൾ ചൊല്ലിരസിച്ചിരുന്ന വസ്തുതകൂടി ഓർമ്മിച്ച് ചിരിക്കാം. ഉണ്ണായിയുടെ അനുപ്രാസഭ്രമത്തെ വി.കെ.എൻ ഹാസ്യവിളംബനം ചെയ്യുന്നത്, നളനോ നിളനോ നിളയോ പുളയോ ദമയോ രമയോ ഗമയോ സുമയോ എന്നിങ്ങനെയാണ്. ചായാംപേയതി എന്ന വി.കെ.എൻ കഥാനാമം കേൾക്കുമ്പോഴും അതുലസ്മൃതിയോ ഉണ്ണായിസ്മൃതിയോ ഉണർന്നുവരും .

### മരിക്കാത്ത വിസ്മയം

നാടൻമൊഴികളുടെ എല്ലുറപ്പുള്ള സൗന്ദര്യവും അശ്ലീലത്തിന്റെ എലുകയ്ക്കുള്ളിലുള്ള പദങ്ങളുടെ സാന്നിദ്ധ്യവും വി.കെ.എന്നിന്റെ സാന്ദ്രവും ഹാസ്യഭരിതവുമായ ഭാഷാശൈലിക്ക് കൂടുതൽ പൗരുഷം നൽകി. (നാടൻവാക്കുകളും അശ്ലീലപദങ്ങളും വിലക്കുകളെ മാനിക്കാതെ ഉപയോഗിച്ചാൽ ശൈലിയിലും ഫലിതത്തിലും കരുത്തുറ്റ പുരുഷലക്ഷണങ്ങൾ സൃഷ്ടിക്കാൻ കഴിയും - നോർമെൻ മെയ്‌ലർ.) ഒരു കളരിയഭ്യാസിയുടെ മെയ്‌വഴക്കത്തോടെ ഭാഷകളിൽ നിന്ന് ഭാഷകളിലേക്കും വിഭിന്ന വിജ്ഞാനങ്ങളിലേക്കും വ്യത്യസ്തകാലങ്ങളിലേക്കും മിന്നൽവേഗത്തിൽ മാറിക്കൊണ്ടാണ് വി.കെ.എൻ. ഉപരിവർഗപ്രത്യയശാസ്ത്രത്തിന്റെ മാമൂൽ ജാഡകളെ തകർത്തെറിയുകയും പൊളിച്ചെഴുതുകയും ചെയ്തത്.

ഒന്നൊന്നര ഡസനോളം നോവലുകളിലൂടെയും ഇരുന്നൂറിലേറെ കഥകളിലൂടെയും ഗർവിതസൗന്ദര്യലോകം സൃഷ്ടിച്ച വി.കെ.എൻ. സ്വന്തം സാഹിത്യവ്യക്തിത്വത്തിന്റെ സാന്നിദ്ധ്യം വിളിച്ചറിയിച്ചുകൊണ്ട്, ഹാസ്യഭാവനയുടെ സർഗാത്മകമായ ഔദ്ധത്യം പ്രകടിപ്പിച്ചുകൊണ്ട്, മലയാളത്തിൽ ഒരനന്വയമായി, മലയാളത്തിന്റെ നിത്യവിസ്മയമായി ജീവിച്ചിരിക്കുന്നു.■

ചന്ദ്രൻ.പി.പി



ചിത്രങ്ങൾ : മനോഹരൻ കൈതപ്രം

പട്ടയവിതരണച്ചടങ്ങിൽ കുഴൽപ്പാട്ടുപാടി ആഹ്ലാദനൃത്തം ചവിട്ടുന്ന ആദിവാസികൾ.

എൻ്റപ്പനേ.... മുത്തശ്ശി
എന്റെ പട്ടോലോ
*ആറളം മണ്ണ് കാക്കണേ,*

# ആദിവാസികളുടെ സ്വപ്നം പൂവണിയുന്നു

ആറളം ഫാം ഭൂമി ആദിവാസി കുടുംബങ്ങൾക്കായി വിതരണം ചെയ്യുന്ന, പതിനായിരങ്ങൾ തിങ്ങി നിറഞ്ഞ ചടങ്ങിന്റെ പ്രാർത്ഥനാഗാനം അക്ഷരാർത്ഥത്തിൽ ആദിവാസികളുടെ മണ്ണ് ഇനിമേലിൽ കൈവിട്ട് പോകരുതെന്ന ആഗ്രഹത്തിന്റെ സാക്ഷ്യമായി.

1717 ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി വിതരണം ചെയ്യുന്ന ചടങ്ങിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവഹിച്ചു. ഇത്രയധികം കുടുംബങ്ങൾക്ക് ഒരേ വേദിയിൽ ഒരേദിവസം മുൻപെങ്ങും ഭൂമി വിതരണം ചെയ്തിട്ടുണ്ടാവില്ല. പട്ടികജാതി പിന്നോക്കവിഭാഗക്ഷേമവകുപ്പ് മന്ത്രി എ.കെ. ബാലന്റെ അധ്യക്ഷതയിൽ ആയിരുന്നു ചടങ്ങ്. പാല ഗവ: ഹയർ സെക്കണ്ടറി സ്കൂൾ പരിസരത്തെ ചടങ്ങിൽ മന്ത്രിമാരായ കോടിയേരി ബാലകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, പി. കെ. ശ്രീമതി ടീച്ചർ എന്നിവർ സംസാരിച്ചു.

മൂന്ന് വർഷത്തിനകം എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഭൂമി നൽകുമെന്ന് മുഖ്യമന്ത്രി ചടങ്ങിൽ പ്രഖ്യാപിച്ചു. സംസ്ഥാനത്ത് ഒരു തുണ്ട് ഭൂമിപോലുമില്ലാത്ത 22,482 ആദിവാസി കുടുംബങ്ങളുണ്ട്. 32,000ത്തോളം കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമിയിൽ താഴെ ഭൂമിയേയുള്ളൂ. ഒരേക്കർ ഭൂമി വീതം ഓരോ ആദിവാസി



കുടുംബത്തിനും നൽകുമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. 1717 കുടുംബങ്ങൾക്കാണ് രണ്ടാം ഘട്ടമായി ആറളം ഫാമിൽ കൈവശരേഖ നൽകിയത്. ആദ്യഘട്ടത്തിൽ ആറളം ഫാമിൽ 840 കുടുംബങ്ങൾക്കായി ഒരേക്കർ വീതം കൈവശരേഖ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന കുടുംബങ്ങൾക്ക് വൈകാതെ ഭൂമി നൽകും. പതിനായിരം കുടുംബങ്ങൾക്ക് ഈ വർഷം തന്നെ വീട് നിർമിച്ച് നൽകും. കുടിവെള്ളം, വൈദ്യുതി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെല്ലാം ഉള്ള വീടുകളാണ് നൽകുക. തൊഴിൽ ലഭ്യമാക്കാനുള്ള പദ്ധതിയും ഫാമിൽ ഏർപ്പെടുത്തുന്നുണ്ട്. ഭൂമിയോടൊപ്പം ഒരു ലക്ഷം രൂപ ചെലവിൽ വീട് നിർമിച്ചു നൽകുമെന്നും താത്കാലിക കുടിൽ പണിയാൻ 3,000 രൂപ വീതവും പണിയായുധങ്ങൾക്കായി 1,000 രൂപ വീതവും നൽകുമെന്നും മന്ത്രി എ.കെ. ബാലൻ അറിയിച്ചു.

ആദിവാസികൾക്കായി ആറളം ഫാം ഭൂമി വിതരണ ചടങ്ങ് ജനകീയപങ്കാളിത്തം കൊണ്ടും സംഘാടന മികവു കൊണ്ടും ശ്രദ്ധേയമായി. ഉത്സവഛായ പകർന്ന അന്തരീക്ഷത്തിലാണ് ഭൂമി കൈമാറൽച്ചടങ്ങ് നടന്നത്. പതിനായിരങ്ങൾ ചടങ്ങിന് സാക്ഷ്യം വഹിച്ചു.

കീഴ്പ്പള്ളിയിലെ സുരേഷ്ബാബു സംഘത്തിന്റെ തുടികൊട്ടലും കുഴൽപ്പാട്ടുമായാണ് മുഖ്യമന്ത്രിയെയും മന്ത്രിമാരെയും നേതാക്കളെയും വേദിയിലേക്കാനയിച്ചത്. ഒരുതരി മണ്ണെന്ന കാടിന്റെ മക്കളുടെ സ്വപ്നം ആറളത്ത് പൂവണിഞ്ഞു. ബ്രഹ്മഗിരി മലകളെതൊട്ട് ഫലഭൂയിഷ്ഠമായ ആറളം ഫാമിന്റെ മണ്ണും ഉഭയങ്ങളും കാടിന്റെ മക്കൾക്ക് സ്വന്തമായി.

"ഇനി ചത്താ കുയിച്ചിടാൻ ഞങ്ങക്ക് സ്ഥലമായി, എത്ര കാലമായി ആശിക്കുന്ന കാര്യം" അവരുടെ പ്രതികരണം ഇങ്ങനെയായിരുന്നു.■

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ*



## ഫാക്ട് സംരക്ഷിക്കുമെന്ന് ഉറപ്പ്

കേരളത്തിന്റെ അഭിമാന ഗോപുരങ്ങളായ എഫ്.എ.സി.ടി കൂപ്പുകുത്തുകയില്ല. ഫാക്ടിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പാക്കേജ് കേന്ദ്ര സർക്കാർ അനുഭാവപൂർവം പരിഗണിക്കുകയാണെന്ന് കേന്ദ്ര വളം-രാസ വ്യവസായ മന്ത്രി രാം വിലാസ് പാസ്വാൻ വ്യവസായ മന്ത്രി എളമരം കരീമിന് ഉറപ്പു നൽകി.

പുനരുദ്ധാരണ പാക്കേജ് അടുത്ത സെക്രട്ടറിതല യോഗത്തിൽ പരിഗണിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സൾഫറിനും



## അവർ എഴുതി ...
## 100 കോടി ഭാരതീയർക്കു വേണ്ടി

അവർ എഴുതി ...
100 കോടി ഭാരതീയർക്കു വേണ്ടി യു.എൻ. സെക്രട്ടറി ജനറൽ ബാൻ കീ മൂണിന്...
രാഷ്ട്രപിതാവിന് ലോകം നൽകിയ അംഗീകാരത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട്...

ജില്ലയിൽ തുല്യത പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന നവസാക്ഷരരാണ് യു.എൻ.സെക്രട്ടറി ജനറലിന് കത്തെഴുതിയത്. മഹാത്മജിയുടെ ജന്മദിനമായ ഒക്ടോബർ രണ്ട് ഇനി മുതൽ ലോക അഹിംസാദിനമായി ആചരിക്കുമെന്നുള്ള യു.എൻ പ്രഖ്യാപനത്തിന് നന്ദി സൂചകമായാണ് 54 നവസാക്ഷരർ കത്തെഴുതിയത്. ഗാന്ധിജയന്തി വാരാഘോഷങ്ങളുടെ ഭാഗമായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പാണ് ജില്ലാ സാക്ഷരതാ മിഷന്റെ സഹകരണത്തോടെ കത്തെഴുത്ത് മത്സരം സംഘടിപ്പിച്ചത്.

അഹിംസാമന്ത്രം കൊണ്ട് സൂര്യന്സ്തമിക്കാത്ത സാമ്രാജ്യത്തെ അടിയറവ് പറയിച്ച അർദ്ധനഗ്നനായ ഫക്കീറിന്റെ മഹത്വം തിരിച്ചറിയാനും ആദരിക്കാനും അന്ന് അദ്ദേഹം അടിയറവ് പറയിച്ച രാജ്യമുൾപ്പെടെ പൊതുസഭയിലെ 191 രാജ്യങ്ങളിൽ 129-ന്റെയും പ്രതിനിധികളുണ്ടായിരുന്നു.

## ഗുണനിലവാരം ഉറപ്പാക്കാൻ സപ്ലൈകോയിൽ ക്രമീകരണം

ഉപഭോക്താവാണ് രാജാവെന്ന തത്വം സപ്ലൈകോയിൽ നടപ്പാക്കണം. ഇനി മുതൽ സപ്ലൈകോയിൽ നിന്നും വാങ്ങുന്ന അവശ്യസാധനങ്ങളും നിത്യോപയോഗ സാധനങ്ങളും മോശമാണെന്ന് കണ്ടാൽ പകരം സാധനമോ പണമോ നൽകാൻ ക്രമീകരണമായി . ഭക്ഷ്യമന്ത്രി സി. ദിവാകരന്റെ നിർദേശപ്രകാരമാണിത്.

വിറ്റ സാധനം തിരികെ വാങ്ങില്ലെന്ന പഴഞ്ചൻ രീതി ഇതോടെ മാറുകയാണ്. ബില്ലിൽ ഇനി ഈ പ്രയോഗം ഉണ്ടാവില്ല. ബില്ലിങ് സമ്പ്രദായത്തിൽ മാറ്റം വരുത്തും.

സാധനം മോശമാണെന്ന് ഉപഭോക്താവിന് അഭിപ്രായമുണ്ടെങ്കിൽ അത് തിരികെ വാങ്ങാനും പകരം സാധനമോ പണമോ നൽകുന്നതിനും സപ്ലൈകോ എല്ലാ വിൽപനശാലകളിലും പ്രത്യേക രജിസ്റ്റർ സൂക്ഷിക്കും. മോശം സാധനങ്ങൾ വിതരണം ചെയ്യുന്ന സപ്ലയർമാരെ കരിമ്പട്ടികയിൽപ്പെടുത്താൻ ഇതുവഴി സാധ്യമാകും.

ഉപഭോക്തൃ താത്പര്യം മുൻനിർത്തി നടപ്പാക്കുന്ന പുതിയ ക്രമീകരണം ഗുണനിലവാരവും അളവിൽ കൃത്യതയും ഉറപ്പാക്കാൻ വഴിയൊരുക്കും.

## ചണത്തിനും വാഴനാരിനും സ്വാഗതം

സ്നേഹം നടിച്ചെത്തി മനുഷ്യനെയും പ്രകൃതിയെയും കൊല്ലാക്കൊല ചെയ്യുന്ന പ്ലാസ്റ്റിക് പടിക്ക് പുറത്ത്. നാട്ടിൻപുറത്തിന്റെ നന്മയുമായി വാഴനാരും തഴയും കവുങ്ങിൻ പാളയും വരവായി. സൊല്ല ഒഴിഞ്ഞ നല്ല നാളെയെ വരവേൽക്കാം. തിരുവനന്തപുരം നഗരസഭ വി.ജെ.റ്റി. ഹാളിൽ ഒരുക്കിയ പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങളുടെ പ്രദർശനം ഈ സന്ദേശമാണ് നൽകിയത്. സംസ്ഥാനത്തെ വിവിധ കുടുംബശ്രീ യൂണിറ്റുകൾ വൈവിദ്ധ്യമാർന്ന ഉത്പന്നങ്ങളുമായി പ്രദർശനത്തിനെത്തി. കുടുംബശ്രീയുടെ പൂജപ്പുര, ആക്കുളം, മണ്ണന്തല, പാച്ചല്ലൂർ യൂണിറ്റുകൾ നിർമിച്ച പ്ലാസ്റ്റിക് ബദൽ വസ്തുക്കൾക്ക് താരതമ്യേന കുറഞ്ഞ വിലയാണ്. പേപ്പർ ബാഗുകൾ, ബിഗ്ഷോപ്പർ, നനയാത്ത ബാഗുകൾ, തുണിസഞ്ചി എന്നിവ അവർ നിരത്തി.

കായംകുളത്ത് നിന്നുള്ള ഗൗരി മാറ്റ് വീവിങ് യൂണിറ്റ് തഴ കൊണ്ടുള്ള വിവിധ വസ്തുക്കളാണ് കൊണ്ടുവന്നത്. ഫയൽ കവർ, പഴ്സ്, ബാഗ് തുടങ്ങിയവയുമായി സി.ഡി.എസ് പ്രസിഡന്റ് സുജ പ്ലാസ്റ്റിക്കിനെതിരെ പടയോട്ടത്തിൽ സഹകാരിയായെത്തി. പെൺകൈതയിൽ തീർത്ത തടുക്ക്, ടേബിൾ മാറ്റ്, ബക്കറ്റ് എന്നിവയുമായി തഴവയിലെ മഹിമ കുടുംബശ്രീ യൂണിററും പ്രദർശനത്തിനെത്തി.

വയനാട്ടിൽ നിന്നുള്ള കുടുംബശ്രീ മുള ഉത്പന്നങ്ങളുമായാണെത്തിയത്. മുള കൊണ്ടുള്ള പെൻസ്റ്റാന്റ്, ഹെയർ ക്ലിപ്സ്, ആഷ്ട്രേ, ലാമ്പ് ഷേഡ് എന്നിവ. പ്ലാസ്റ്റിക്കിനെ മാറ്റി നിർത്തി പകരം പലവിധ പ്രകൃതിദത്ത വസ്തുക്കൾ കടന്നുവരുമെന്ന ശുഭസന്ദേശമാണ് പ്രദർശനം നൽകിയത്.

**ചിത്രങ്ങൾ ഫോട്ടോഫീച്ചറിൽ >>>>**

## മോൻസ് ജോസഫ് പൊതുമരാമത്ത് മന്ത്രി



മോൻസ് ജോസഫ് പൊതുമരാമത്ത് മന്ത്രിയായി സ്ഥാനമേറ്റു. ഇക്കഴിഞ്ഞ 18-ാം തീയതി രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആർ.എൽ. ഭാട്യ സത്യവാചകം ചൊല്ലിക്കൊടുത്തു.

കടുത്തുരുത്തി ആപ്പാഞ്ചിറയിൽ ഒ. ജോസഫിന്റെയും മറിയാമ്മ ജോസഫിന്റെയും മകനാണ്. 1964 ൽ ജനനം. കേരള കോൺഗ്രസിന്റെ വിദ്യാർത്ഥി സംഘടനയിലൂടെ രാഷ്ട്രീയ പ്രവേശം. നിയമസഭയിൽ രണ്ടാം തവണയാണ് മോൻസ് എത്തുന്നത്. ടി.യു. കുരുവിള രാജി വച്ചതിനെ തുടർന്നാണിത്.

അമോണിയ സൾഫേറ്റിനുമുള്ള സബ്സിഡിയും പുന:സ്ഥാപിക്കുമെന്നാണ് പ്രതീക്ഷ. കൊച്ചി എൽ. എൻ. ജി ടെർമിനലിൽ നിന്ന് പ്രകൃതി വാതകം കിട്ടുന്നതുവരെ പ്രത്യേക പാക്കേജ് തുടരണമെന്ന ആവശ്യമാണ് സംസ്ഥാനം മുന്നോട്ട് വച്ചത്. ചർച്ചയിൽ കെ.ചന്ദ്രൻപിള്ള എം.പി യും പങ്കെടുത്തു.



# ക്രമക്കേട് നടത്തുന്ന ഗ്യാസ് ഏജൻസികളെ നോട്ടമിടുന്നു

പാചകവാതക വിതരണത്തിൽ ക്രമക്കേട് കാണിക്കുന്ന ഏജൻസികളുടെ ലൈസൻസ് റദ്ദാക്കാൻ സർക്കാർ ഒരുങ്ങുന്നു. ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പ് മന്ത്രി സി. ദിവാകരൻ സെക്രട്ടേറിയറ്റ് ഡർബാർ ഹാളിൽ സംസ്ഥാനതല ഭക്ഷ്യോപദേശക വിജിലൻസ് സമിതി യോഗത്തിലാണ് സർക്കാർ തീരുമാനം വ്യക്തമാക്കിയത്.


പാചകവാതക വിതരണത്തിൽ ക്രമക്കേട് നടത്തുന്ന ഏജൻസികളുടെ വിവരം എണ്ണക്കമ്പനികൾ അതത് സമയത്ത് സർക്കാരിനെ അറിയിക്കാൻ സന്നദ്ധരാകണം. പൊതു വിതരണ സമ്പ്രദായത്തിലെ പ്രശ്നങ്ങൾ പെരുപ്പിച്ച് പ്രചരിപ്പിച്ച് സ്വകാര്യമേഖലയിലെ വാണിജ്യ കുത്തകകളെ സഹായിക്കുന്നതിനുള്ള നീക്കം നടക്കുന്നുണ്ട്. അർഹതയില്ലാത്ത ബി.പി.എൽ കാർഡുടമകളെ ഒഴിവാക്കി കുറ്റമറ്റ രീതിലുള്ള പുതിയ കാർഡുകൾ ഉടൻ വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

# പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യണം

കഴിഞ്ഞകാല അനുഭവങ്ങളുടെയും ശാസ്ത്രീയമായ കണക്കുകളുടെയും അടിസ്ഥാനത്തിൽ, കാലാവധി കഴിഞ്ഞ പറമ്പിക്കുളം - ആളിയാർ കരാർ പുനരവലോകനം ചെയ്യാൻ കേരളം തമിഴ്നാടിനോട് ആവശ്യപ്പെടും. ജലവിഭവ മന്ത്രി എൻ.കെ.പ്രേമചന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗമാണ് ഇതു സംബന്ധിച്ച തീരുമാനമെടുത്തത്.

പുനരവലോകന നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേരളം തമിഴ്നാടിന് കത്ത് കൈമാറും. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് യോഗം ചേർന്നത്.

1970 ൽ ഒപ്പു വച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ പുനരവലോകന കാലാവധി 1988 ൽ കഴിഞ്ഞുവെങ്കിലും തുടർന്ന് നടന്ന ചർച്ചകളിൽ തീരുമാനമൊന്നും എടുക്കാതെ പിരിയുകയായിരുന്നു. 2006 ൽ മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ കരാർ പുനരവലോകനത്തിനുള്ള കൂടിയാലോചനയോഗം ഉടൻ നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടും തമിഴ്നാടിന്റെ ഭാഗത്തുനിന്ന് യാതൊരു നീക്കവും ഉണ്ടായില്ല. ഈ സാഹചര്യത്തിലാണ് കേരളത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതിനായി യോഗം വിളിച്ചുചേർത്തത്.



# മൊഴിച്ചെപ്പ്

എന്റെ സുഹൃത്തായ മന്ത്രി ബാലന്റെ മുമ്പിൽ ഞാൻ തൊട്ടാവാടിയാവും. ജനങ്ങളുടെ അടുത്ത് ഞാൻ തൊട്ടാവാടിയാണ്. എന്നാൽ, ഭൂമി കൈയേറ്റക്കാരുടെയും വനം മാഫിയകളുടെയും മുന്നിൽ ഞാൻ തൊട്ടാവാടിയല്ല.

**ബിനോയ് വിശ്വം,**
വനം വകുപ്പ് മന്ത്രി

---

ഗാന്ധിജിയെ ഒക്ടോബർ രണ്ടിൽ തളച്ചിട്ടിരിക്കുന്നു. ഒക്ടോബർ ഒന്നിനും മൂന്നിനും ഗാന്ധിജിയെ ജീവിക്കാൻ അനുവദിക്കുന്നില്ല. രണ്ടൊഴികെയുള്ള ദിവസങ്ങൾ ഗാന്ധിപരാജയ ജയന്തിയാണ്.

**സുകുമാർ അഴീക്കോട്**

---

സംഗീതത്തിന്റെ പവിത്രത നഷ്ടപ്പെടുത്തിക്കൊണ്ട് യുവതലമുറയിലെ പല സംഗീത സംവിധായകരും പൂർവികർക്ക് സ്വന്തമായ സംഗീതത്തെ കണ്ണുമടച്ച് മോഷ്ടിച്ച് സ്വന്തം സംഗീതമായി അവതരിപ്പിക്കുന്നു.

**ഒ.എൻ.വി.**

---

താഴെ പരസ്പരം വാദിച്ചും പോരടിച്ചും കൊണ്ട് ആളുകൾ കഴിയുന്നുണ്ടെന്ന് സങ്കല്പിക്കാൻ പോലും വിഷമമായിരുന്നു. വളരെ സമാധാനപരമായാണ് ഭൂമി കാണപ്പെട്ടത്. താഴെ ഭൂമിയിൽ പ്രശാന്തതയായിരുന്നു.

**സുനിതാ വില്യംസ്**

---

വായനക്കാരന് ഒരു കഥാബീജം മാത്രമേ കൊടുക്കാവൂ. അത് വളർന്ന് പുഷ്പിച്ച് ഫലസമൃദ്ധമാക്കേണ്ടത് വായനക്കാരനാണ്, അവന്റെ അറിവിനും കഴിവിനുമൊത്ത്.

**സി.വി. ശ്രീരാമൻ**

---

മനുഷ്യൻ നശ്വരനും കല അപൂർണവുമാണ്. സൃഷ്ട്യുന്മുഖതയുടെ രതി നാം ആസ്വദിക്കും. പ്രപഞ്ചത്തെ അപ്പാടെ അഴിച്ചുപണിയുന്ന കവിതയുടെ പിറവി വേദനാഭരിതവുമാണ്.

**ഡി.വിനയചന്ദ്രൻ**

ഫോട്ടോഫീച്ചർ

# നല്ല നാളെയ്ക്കായി...







## പ്ലാസ്റ്റിക് പടിക്കുപുറത്ത്

വാഴനാരും
കവുങ്ങിൻപാളയും
തഴയും
കയറും
മുളയും
വരവായി

**ചിത്രങ്ങൾ:**
സി.എസ്. രവികുമാർ
ദാലു പരമേശ്വരൻ
പി.ആർ.ഡി ഫോട്ടോഗ്രഫി വിഭാഗം

വി.ജെ.ടി ഹാളിൽ തിരുവനന്തപുരം നഗരസഭ ഒരുക്കിയ പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങളുടെ പ്രദർശനത്തിൽ നിന്ന്...









ഡോ. മരിയ ലിസ മാത്യു

# പശുവും പന്നിയും മീനും - ജോളിയായി

ആദായകരമായും മാതൃകാപരമായും പശുവും, പന്നിയും, മീനും വളർത്തുന്ന ജോളി ജോർജിനെ പരിചയപ്പെടാനും അദ്ദേഹത്തിന്റെ ഫാം സന്ദർശിക്കാനും കഴിഞ്ഞത് എനിക്ക് അവിസ്മരണീയമായ അനുഭവമായി.

എറണാകുളം ജില്ലയിൽ മഴുവന്നൂരിൽ മാടപ്പറമ്പിൽ ജോളി ജോർജിനെപ്പറ്റി ഞാനറിഞ്ഞത് നെല്ലാട് വെറ്ററിനറി ഡിസ്പെൻസറിയിലെ ഡോ. അനിൽ പറഞ്ഞാണ്. ജോളിയെപ്പറ്റി പറയാൻ ഡോ. അനിലിനു നൂറു നാവാണ്.

വീടിനോട് ചേർന്ന് വിശാലമായ 6 ഏക്കർ പറമ്പ്. അതിൽ 2 ഏക്കറിൽ തഴച്ചുവളർന്നു നിൽക്കുന്ന സി.ഓ.3 പുല്ല്. നയനാനന്ദകരമായ കാഴ്ച. പശുക്കളും കിടാരികളുമായി 60 പേരാണ് തൊഴുത്തിൽ. പുല്ല് എത്രയുണ്ടെങ്കിലും അധികമാവില്ല.

എന്നെ ഏറ്റവും അത്ഭുതപ്പെടുത്തിയത് ജോളിയുടെ പന്നികളാണ്. ലാർജ്ജവൈറ്റ് യോർക്ക്ഷയറും, ഡ്യൂറോക്കും ലാന്റ്റേസും അടങ്ങുന്ന പന്നിക്കുടുംബത്തിൽ 250 പേരാണ് ഉള്ളത്. നടുക്ക് നടപ്പാത. ഇരുവശങ്ങളിലും ഷെഡ്ഡുകൾ. ഇത്രയും പന്നികളുണ്ടെങ്കിലും എത്ര വൃത്തി! ദുർഗന്ധം അശേഷമില്ല. ഷെഡ്ഡും പരിസരവുമെല്ലാം സൂപ്പർ ക്ളീൻ. പന്നികൾ കുളിച്ച് സുന്ദരക്കുട്ടന്മാരായി അങ്ങനെ നീണ്ടു നിവർന്ന് കിടക്കുന്നു. സുന്ദരികളും ഒപ്പമുണ്ട്.

ജോളിയുടെ കാര്യങ്ങൾക്കെല്ലാം ഉണ്ട് സവിശേഷതകൾ.

പശുക്കൾ ദിവസേന ചുരത്തും ശരാശരി 500 ലിറ്റർ പാൽ. അത് ഇടനിലക്കാരില്ലാതെ ഡയറക്ട് മാർക്കറ്റിങ്. കാക്കനാട്ടെ ഫ്ളാറ്റുകളിൽ ലിറ്ററിന് 16 രൂപ നൽകി ജോളിയുടെ ശുദ്ധമായ പാൽ വാങ്ങാൻ തിക്കും തിരക്കും. പാലെത്തിക്കാൻ വണ്ടികൾ പലതരം, ഓംനി, ആപ്പെ എയ്സ്. പാൽ കൊടുത്തിട്ട് വണ്ടികൾ വെറും കയ്യോടെ മടങ്ങില്ല. കാക്കനാട്ടുനിന്ന് പന്നികൾക്കായി ആഹാരാവശിഷ്ടങ്ങൾ പലയിടത്തും ശേഖരിച്ചിട്ടുണ്ടാവും. ഫ്ളാറ്റുകാർക്കും ഹോട്ടലുകാർക്കും അവശിഷ്ടങ്ങൾ മാറിക്കിട്ടുന്നതൊരുപകാരം. പന്നികൾക്കതു പലഹാരം. ഭക്ഷണം കൊടുത്താൽ ഉടൻ കഴിച്ചോളണം. ഇതാണ് ജോളിയുടെ ചിട്ട. കഴിച്ചാലുമില്ലെങ്കിലും മിച്ചം വച്ചാൽ ജോളി കഴുകിക്കളയും. ഒപ്പം പന്നികൾക്ക് കുളിയും. ഈ വെള്ളം നേരെയെത്തുന്നത് മീൻകുളത്തിലേയ്ക്ക്. മുഷിയും കട്ട്ലറ്റും രോഹുവും മൃഗാലുവുമടങ്ങുന്ന മീൻ കുടുംബത്തിലെ 5000 അംഗങ്ങൾ വിശപ്പടക്കാൻ കൊതിയോടെ പന്നിയുടെ തീൻമേശയിലെ അവശിഷ്ടങ്ങൾക്കായി കാത്തുകാത്തിരിക്കും.

പാൽ സ്വയം വിപണനം നടത്തുന്നതുപോലെ, യന്ത്രമുപയോഗിച്ച് പാൽ കറക്കുന്നതുപോലെ ജോളി പശുത്തീറ്റയും സ്വന്തമായുണ്ടാക്കുന്നു. തീറ്റയ്ക്കുവേണ്ട ചേരുവകളെല്ലാം തമിഴ്നാട്ടിൽ നിന്നെത്തിക്കും. ബിയർ, കപ്പ, ചോളം ഇവയുടെയൊക്കെ വെയ്സ്റ്റ് ചുളുവിലയ്ക്ക് ഡിസ്റ്റിലറിയിൽ നിന്നും കിട്ടും. ചുരുക്കത്തിൽ ഒരു കിലോ തീറ്റയ്ക്ക് ശരാശരി ആറു രൂപയേ മുടക്കുള്ളു. പശുവൊന്നിന് ദിവസേന ശരാശരി 8 കിലോയാണ് റേഷൻ. ചാണകവും നല്ല വരുമാനം നൽകുന്നുണ്ട്. ആഴ്ചതോറും 5 ലോഡ് ചാണകം ലോഡൊന്നിന് 1500/- രൂപ വരുമാനം.

മണ്ണിരക്കമ്പോസ്റ്റും, ഗോബർ ഗ്യാസ് പ്ളാന്റുമൊക്കെയുണ്ട് ജോളിക്ക്. ഇനിയിപ്പോൾ ചാണകവറളി ഉണ്ടാക്കാനുള്ള പദ്ധതിയിലാണ് ജോളി. പാചക ആവശ്യത്തിനാണിപ്പോൾ ഗോബർഗ്യാസ് ഉപയോഗം. ഇനി കറന്റിന്റെ ആവശ്യങ്ങൾക്കും ഗ്യാസിൽ നിന്ന്. അതിനുള്ള പദ്ധതി പണികൾക്കായി 3 പണിക്കാർ, പുല്ലുചെത്താനും ചില്ലറപണികൾക്കുമായി രണ്ടു പെണ്ണുങ്ങൾ. എല്ലാ പ്രോത്സാഹനവുമായി അമ്മ. ഒരു കുറവുമാത്രം 38 കാരനായ ജോളിയ്ക്ക് ഇതുവരെ പെണ്ണുകെട്ടാൻ നേരം കിട്ടിയില്ല.

എറണാകുളം ജില്ലയിലെ ഏറ്റവും മികച്ച ക്ഷീരകർഷനായി തിരഞ്ഞെടുക്കപ്പെട്ട ജോളിയെ മൃഗസംരക്ഷണ വകുപ്പു മന്ത്രി സി.ദിവാകരൻ എറണാകുളത്ത് നടന്ന അനിമൽ ഹസ്ബൻഡറി ഇൻവെസ്റ്റേഴ്സ് മീറ്റിൽ പൊന്നാടയും സമ്മാനങ്ങളും നൽകി ആദരിച്ചു.■

*ചീഫ് വെറ്ററിനറി ഓഫീസർ,*
*ജില്ലാ വെറ്ററിനറി കേന്ദ്രം, എറണാകുളം*



നവാസ് പടുവിങ്ങൽ

# ജലവിപ്ലവം

## മത്സ്യക്കൂടിലൂടെ

ഉൾനാടൻ മത്സ്യബന്ധനമേഖലയിന്ന് ഒരു തിരിച്ചുവരവിനൊരുങ്ങുകയാണ്. അന്യം നിൽക്കുന്ന പരമ്പരാഗത തൊഴിൽ രംഗമായി വിലയിരുത്തപ്പെട്ടു വരുന്ന ഉൾനാടൻ മത്സ്യബന്ധനത്തിന് ജീവൻ പകരുന്നത് കൂട്മത്സ്യക്കൃഷിയാണ്.

പുഴകളിലും തോടുകളിലും വളരുന്ന മത്സ്യങ്ങളെ വലയും ചൂണ്ടയുമിട്ട് പിടിക്കുകയായിരുന്നു നാളിതുവരെയായി തൊഴിലാളികൾ ചെയ്തു പോന്നിരുന്നത്. എന്നാൽ കൂട് മത്സ്യക്കൃഷിയിലൂടെ, തങ്ങൾക്കാവശ്യമായ മത്സ്യങ്ങളെ പുഴയിൽത്തന്നെ വളർത്താൻ തൊഴിലാളികൾക്കാകുന്നു.

പണച്ചെലവ് അധികമില്ലാതെ പുഴകളിൽ വലകൊണ്ട് കൂട് നിർമിച്ച് അതിനുള്ളിൽ മത്സ്യങ്ങളെ വളർത്തുന്ന രീതി വിജയകരമായി പരീക്ഷിച്ചു കഴിഞ്ഞു.

ഹാച്ചറികളിൽ 10 സെന്റിമീറ്റർ വരെ വലുപ്പത്തിൽ വളർത്തിയെടുക്കുന്ന മീൻകുഞ്ഞുങ്ങളെ കൂട്ടിനുള്ളിലാക്കി സ്വാഭാവിക സാഹചര്യത്തിൽ കൃഷി ചെയ്യുന്നതിലൂടെ ഉൾനാടൻ ജലാശയങ്ങളെ വീണ്ടും മത്സ്യസമൃദ്ധമാക്കാമെന്ന് തെളിയിച്ചു കഴിഞ്ഞു.

ന്യൂസിലാന്റ് സർക്കാരിന്റെ സാങ്കേതിക സഹായത്തോടെയും കേന്ദ്രസർക്കാരിന്റെ അനുമതിയോടെയും കോട്ടപ്പുറം രൂപതയുടെ സാമൂഹികപ്രവർത്തനവിഭാഗമായ കിഡ്സ് ആണ് കൂട്മത്സ്യക്കൃഷിയെ മലയാളിക്ക് പരിചയപ്പെടുത്തിയത്. തൃശൂർ-എറണാകുളം ജില്ലകളുടെ അതിർത്തിയായ കോട്ടപ്പുറം കായലിൽ സത്താർ ഐലന്റിനോട് ചേർന്നാണ് കിഡ്സിനു കീഴിലുള്ള സ്വയംസഹായ സംഘങ്ങൾ കൂട്മത്സ്യകൃഷി വിജയകരമായി പൂർത്തീകരിച്ചത്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കാളാഞ്ചി, കരിമീൻ എന്നീ ഇനങ്ങളാണ് കൂട് മത്സ്യക്കൃഷിയ്ക്ക് ഉപയോഗിച്ചത്. അഞ്ചു കൂടുകളിലായി വളർത്തിയെടുത്ത മത്സ്യങ്ങൾ തൊഴിലാളികൾക്ക് സമ്മാനിച്ചത് വൻ നേട്ടമാണ്. ജൂൺ 16ന് നടന്ന ചടങ്ങിൽ ഫിഷറീസ് വകുപ്പുമന്ത്രി എസ്. ശർമ്മ കൂട്മത്സ്യക്കൃഷിയുടെ വിളവെടുപ്പ് നടത്തിയപ്പോൾ അത് ഗ്രാമീണ കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് നവോന്മേഷം പകരുന്ന നിമിഷമായി മാറി.

ന്യൂസിലാന്റിൽ വൻ പ്രചാരം നേടിയ കൂട്മത്സ്യക്കൃഷി കേരളത്തിലും വിജയമായതോടെ സംസ്ഥാനത്തുടനീളം ഉൾനാടൻ മത്സ്യബന്ധന രംഗത്ത് പുത്തനുണർവ്വ് പ്രകടമാകുമെന്ന പ്രതീക്ഷ ഉയർന്നു കഴിഞ്ഞു.

കായലിലും പുഴകളിലും സ്വയംസഹായസംഘങ്ങളുടെ നേതൃത്വത്തിൽ കൂട് മത്സ്യക്കൃഷി വ്യാപകമാക്കുന്നതിലൂടെ വലിയൊരു വിഭാഗത്തിന് സ്വയംതൊഴിലിലൂടെ മുന്നേറാമെന്ന് ഉറപ്പാണ്.



കൂട്മത്സ്യക്കൃഷിയുടെ വിളവെടുപ്പ്: കോട്ടപ്പുറം കായലിലെ ദൃശ്യം

അതുകൊണ്ടുതന്നെ ഈ പുതിയ രീതി സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്തുടനീളം പ്രചരിപ്പിക്കാൻ ശ്രമം നടത്തുമെന്ന് കിഡ്സ് ഡയറക്ടർ ഫാദർ ജോൺസൺ പങ്കേത്ത് പറഞ്ഞു.

നാൾക്കുനാൾ ഇല്ലാതായിക്കൊണ്ടിരിക്കുന്ന മത്സ്യസമ്പത്തിനു മുന്നിൽ വെറും വലയോടെ നിന്നിരുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പ്രതീക്ഷയുടെ ദിനങ്ങൾ സമ്മാനിക്കുന്ന കൂട്മത്സ്യക്കൃഷി സംസ്ഥാനത്തിന്റെ ഗ്രാമീണ മേഖലകളിൽ പുതിയ ജലവിപ്ലവം സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷ.■

# വിദ്യാജ്യോതി വിദ്യാഭ്യാസപദ്ധതിയുമായി തൃശ്ശൂർ ജില്ലാ പഞ്ചായത്ത്



**അധികാര വികേന്ദ്രീകരണത്തിന്റെ** ഭാഗമായി തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കൈമാറിയ 115 സ്കൂളുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിദ്യാജ്യോതി സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രകാരം പൂർത്തിയാക്കി. ഓലമേഞ്ഞ 15 സ്കൂളുകൾക്ക് സുരക്ഷിതമായ സ്ഥിരം കെട്ടിടങ്ങൾ നിർമിച്ചു. കൂടുതൽ ക്ലാസ് മുറികൾ നിർമിച്ചു നൽകി. ഏഴ് സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കി. ഓരോ വിദ്യാലയത്തെക്കുറിച്ചും പഠനം നടത്തി ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന അണ്ടത്തോട് ചെറായി ജി.യു.പി സ്കൂളിനായി അത് പ്രവർത്തിച്ചിരുന്ന കെട്ടിടവും സ്ഥലവും വിലയ്ക്ക് വാങ്ങി. ഇത് സംസ്ഥാനത്ത് നടാടെയാണ്.

പാഠ്യഭാഗങ്ങൾ ലളിതമായി പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി മുല്ലനേഴി, പ്രസിദ്ധ സംവിധായകൻ പ്രിയനന്ദനൻ എന്നിവരുടെ മേൽനോട്ടത്തിൽ ഒമ്പതാം ക്ലാസിലെ മലയാളം ഉപപാഠഭാഗത്തിലെ കാരൂരിന്റെ മാലപ്പടക്കം എന്ന കഥയും ദൃശ്യാവിഷ്കാരം നടത്തി, കാസറ്റും സിഡിയും എല്ലാ സ്കൂളുകൾക്കും ലഭ്യമാക്കി.

കടവല്ലൂർ ഗവ: ഹൈസ്കൂളിൽ പഞ്ചവാദ്യ പരിശീലനം നൽകി അറിയപ്പെടുന്ന സംസ്ഥാന ടീമായി വളർത്തിയതും ജില്ലാ പഞ്ചായത്തിന്റെ വിദ്യാജ്യോതി വിദ്യാഭ്യാസപരിപാടിയുടെ ഭാഗമാണ്. പദ്ധതിയുടെ ഭാഗമായി എല്ലാ സ്കൂളുകൾക്കും എൽ.സി.ഡി. പ്രോജക്റ്റും ബാന്റ്സെറ്റും നൽകി.

ദക്ഷിണേന്ത്യയിലെ മികച്ച ശാസ്ത്ര സാങ്കേതിക മ്യൂസിയവും ശാസ്ത്ര പാർക്കുമായി വളർത്തുക എന്ന ലക്ഷ്യത്തോടെ തൃശ്ശൂർ രാമവർമപുരത്ത് വിജ്ഞാൻ സാഗർ എന്ന ബൃഹദ് പദ്ധതിക്കും ജില്ലാ പഞ്ചായത്ത് രൂപം നൽകി. തൃശ്ശൂർ ഡയറ്റിന്റെ കൈവശമുള്ള ഏതാണ്ട് ഒൻപത് ഏക്കർ സ്ഥലം ഇതിനായി ഏറ്റെടുത്തു. പദ്ധതി സാങ്കേതികാനുമതി ലഭിക്കുന്നതിന് സമർപ്പിച്ചിരിക്കുകയാണ്. തൃശ്ശൂർ ഗവ: കോളജിലെ ആർക്കിടെക്ചർ വിഭാഗമാണ് കെട്ടിടങ്ങളുടെ രൂപകല്പന ചെയ്തിട്ടുള്ളത്.

വിജ്ഞാനോത്സവങ്ങൾക്കു പുറമെ ജില്ലയിലെ സ്കൂളുകളുടെ ചരിത്രം തയ്യാറാക്കുകയെന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സഹായത്തോടെ ചരിത്രാന്വേഷണ യാത്രകൾ എന്ന പരിപാടിയും സംഘടിപ്പിച്ചു. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 103 സ്കൂളുകളുടെ ഹ്രസ്വചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

വിദ്യാഭ്യാസത്തിന് സമൂഹവുമായുള്ള ജൈവബന്ധം ഉറപ്പിക്കുന്നതിനും സർക്കാർ സ്കൂളിൽ പഠിക്കുന്നവരുടെയും പഠിപ്പിക്കുന്നവരുടെയും അപകർഷതാബോധം ഇല്ലാതാക്കുന്നതിനും വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ ആരോഗ്യകരമായ മത്സരങ്ങൾ ഏറ്റെടുക്കുന്നതിനും പ്രാപ്തരാക്കാൻ കഴിഞ്ഞതായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ശ്രീകുമാർ, വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ പി.ആർ വർഗീസ് മാസ്റ്റർ, പ്രോജക്റ്റ് കോ-ഓർഡിനേറ്റർ കെ.ശശിധരൻ എന്നിവർ പറഞ്ഞു.

**എൻ.പി. സന്തോഷ്**
അസിസ്റ്റന്റ് എഡിറ്റർ, തൃശ്ശൂർ

# പുതിയ അധ്യായം- ഒറ്റ വീട് പദ്ധതി

**അടിസ്ഥാന** ജനവിഭാഗത്തിനായി രൂപം നൽകിയ ലക്ഷം വീടുകൾ കൊല്ലം ജില്ലയിൽ നവീകരണത്തിന്റെ പാതയിലാണ്. ജീർണാവസ്ഥയിലായിരുന്ന ഈ വീടുകളുടെ നവീകരണത്തിന് വഴിയൊരുക്കിയത് ജില്ലാ പഞ്ചായത്തും തദ്ദേശ ഭരണസ്ഥാപനങ്ങളും, സംസ്ഥാന ഭവന നിർമാണ ബോർഡുമാണ്.

ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളിലായി നിരവധി ലക്ഷം വീട് കോളനികൾ നിലവിലുണ്ട്. നാലു സെന്റ് ഭൂമിയുടെ പട്ടയം ലഭിച്ചിട്ടുള്ള കോളനി നിവാസികൾ അധികവും ഇരട്ട വീടുകളിലായിരുന്നു താമസം. ഒരു വീട്ടിൽ രണ്ടു കുടുംബങ്ങൾ താമസിക്കുന്നത് നിരവധി അസൗകര്യങ്ങൾ സൃഷ്ടിച്ചിരുന്നു. കോളനി നിവാസികളുടെ ദുരിതത്തിന് പരിഹാരമെന്ന നിലയിലാണ് ജില്ലാപഞ്ചായത്ത് തെരഞ്ഞെടുക്കപ്പെട്ട ലക്ഷം വീട് കോളനികളിലെ ഇരട്ടവീടുകൾ ഒറ്റ വീടാക്കൽ പദ്ധതിക്ക് കഴിഞ്ഞ വർഷം രൂപം നൽകിയത്.

ജില്ലയിലെ ഏഴു ഗ്രാമപഞ്ചായത്തുകളിലെ എട്ട് ലക്ഷം വീട് കോളനികളിലായി 148 ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റി കഴിഞ്ഞു. പദ്ധതി പ്രകാരം ഒരു വീടിന്റെ നിർമാണത്തിന് 40,000 രൂപയാണ് ചെലവ്. ഇതിൽ 5000 രൂപ ജില്ലാ പഞ്ചായത്തിന്റെ വിഹിതവും 15,000 രൂപ ഗ്രാമപഞ്ചായത്ത് വിഹിതവുമാണ്. ഹൗസിങ് ബോർഡാണ് ബാക്കി 20,000 രൂപ നൽകുക. ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും വിഹിതമുപയോഗിച്ച് വീടിന്റെ നിർമാണം ലിന്റൽ ലെവൽ വരെ ആയി കഴിഞ്ഞാൽ അതിന്റെ റിപ്പോർട്ട് ഭവന നിർമാണ ബോർഡിന്റെ ജില്ലാ ഓഫീസിന് കൈമാറും. അവർ പണി പരിശോധിച്ച ശേഷമാണ് ബോർഡിന്റെ വിഹിതം നൽകുക. ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുന്ന തുക തുടർന്ന് ഗുണഭോക്താവിന് ലഭിക്കുന്നു.

ജില്ലയിൽ പദ്ധതി നടപ്പിൽ വരുത്തിയ പഞ്ചായത്തുകൾ, കോളനികൾ, വീടുകളുടെ എണ്ണം, പൊതു/പട്ടികജാതി വിഭാഗം എന്നിവ യഥാക്രമം താഴെ കൊടുക്കുന്നു.

ചടയമംഗലം (മൂലം കോട് കോളനി) 22,21,1 - പുതക്കുളം (തെങ്ങുവിള കോളനി) 34,4,30 - ഓച്ചിറ, 12,9,3 - (പടിഞ്ഞാറ്റതിൽ മഠത്തിൽ കാരാണ്മ) ക്ലാപ്പന (വാണല്ലൂർ കോളനി) 8,8 - എഴുകോൺ, (ഇരുമ്പനങ്ങാട് കോളനി) 26,19,7 - കുന്നത്തൂർ, (മാണിക്യമംഗലം കോളനി) 20,7,13 - അഞ്ചൽ, (തഴമേൽ കോളനി) 24,14,10 (തുടിപ്പറകുന്ന് കോളനി) 2, ഇല്ല, 2

**രാധാകൃഷ്ണൻ ചടയമംഗലം**
അസി.എഡിറ്റർ, കൊല്ലം

## സ്ത്രീകൾക്ക് സൗജന്യ നിയമ സഹായം

പുരുഷ കേന്ദ്രീകൃത സമൂഹത്തിൽ സ്ത്രീയുടെ ഉന്നമനത്തിന് വെറും ബോധവത്കരണ പരിപാടികൾ മാത്രം മതിയാവില്ല. ഇവ മുന്നിൽകണ്ട് സ്ത്രീകൾക്ക് സൗജന്യമായി നിയമ സഹായം നൽകുന്നതിന് സർക്കാർ ഓരോ ജില്ലയിലും വനിതാ അഭിഭാഷകരുടെ സംഘങ്ങൾ രൂപീകരിക്കും. സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികൾ സ്ത്രീപക്ഷ കാഴ്ചപ്പാടിലൂടെ പരിശോധിക്കുന്നതിന് രൂപീകരിച്ച ജൻഡർ അഡൈ്വസറി കമ്മിറ്റിയുടെ പ്രഥമ യോഗത്തിൽ ആരോഗ്യവകുപ്പ് മന്ത്രി പി.കെ ശ്രീമതി ടീച്ചർ അറിയിച്ചതാണ് ഇക്കാര്യം.

ഗാർഹികാതിക്രമ സംരക്ഷണ നിയമമനുസരിച്ച് ബ്ലോക്ക് തലത്തിലും താലൂക്ക് തലത്തിലും പ്രൊട്ടക്ഷൻ ഓഫീസർമാരെയും കൗൺസിലർമാരെയും നിയമിക്കും. മഹിളാ മന്ദിരങ്ങൾ ഉൾപ്പെടെ സർക്കാരിന്റെ കീഴിലുള്ള എല്ലാ സദനങ്ങളിലും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും മേൽനോട്ടത്തിനായി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്യും. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് വിവാഹപൂർവ കൗൺസിലിങ് കേന്ദ്രങ്ങൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

## നെൽവയൽ - നീർത്തട സംരക്ഷണ ബിൽ: ജനങ്ങൾക്ക് അഭിപ്രായം അറിയിക്കാം

നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിനുള്ള ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി ജനങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും തേടാനും എല്ലാ ജില്ലകളിലും സിറ്റിങ് നടത്താനും തീരുമാനിച്ചു. ചെയർമാൻ റവന്യൂ വകുപ്പ് മന്ത്രി കെ.പി.രാജേന്ദ്രന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.ബില്ലിനെക്കുറിച്ച് ചോദ്യാവലി തയ്യാറാക്കി പ്രസിദ്ധീകരിക്കും

കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ, എം.എൽ.എമാരായ പള്ളിപ്രം ബാലൻ, കോവൂർ കുഞ്ഞുമോൻ, ടി.യു.കുരുവിള, സി.കെ.പി.പത്മനാഭൻ, മുരളി പെരുനെല്ലി, ബി.രാഘവൻ, തോമസ് ചാണ്ടി, തോമസ് ചാഴിക്കാടൻ, കർഷക-കർഷക തൊഴിലാളി സംഘടനാ പ്രതിനിധികൾ, ശാസ്ത്രജ്ഞർ, കാർഷിക വിദഗ്ധർ, സെസ്സ് തുടങ്ങിയവയിലെ ഉദ്യോഗസ്ഥർ ,എൻ.ജി.ഒ കൾ, പരിസ്ഥിതി പ്രവർത്തകർ എന്നിവരുമായി ചർച്ച നടത്തും. ഡിസംബറോടെ സിറ്റിങ് പൂർത്തിയാക്കുന്നതിനും നിയമസഭയുടെ അടുത്ത സമ്മേളനത്തിൽ റിപ്പോർട്ട് സമർപ്പിക്കാനും തീരുമാനം.



## നിളാതടത്തിലേക്ക് ഒരു പഠനയാത്ര

നിളയുടെ സാംസ്കാരിക തടത്തിലേക്കും മാമാങ്കഭൂമികയിലേക്കും ശിലായുഗ അവശിഷ്ടങ്ങളിലേക്കും അന്വേഷികളെയും ചരിത്രകുതുകികളെയും ക്ഷണിക്കുകയാണ് നിളാവ്. പരിഷ്കരിച്ച പാഠ്യപദ്ധതിയനുസരിച്ച് അഞ്ചാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള ചരിത്ര പഠനങ്ങൾക്ക് ഉതകുംവിധം ഈ സ്ഥാപനം പഠനയാത്രകൾ സംഘടിപ്പിക്കുന്നു. കുറ്റിപ്പുറം മുതൽ ചമ്രവട്ടം അഴി വരെയുള്ള സാംസ്കാരിക കേന്ദ്രങ്ങളും തുഞ്ചൻപറമ്പും നാറാണത്തുഭ്രാന്തന്റെ രായിരനല്ലൂർ മലയും കോട്ടയ്ക്കൽ ആര്യവൈദ്യശാലയും മേൽപ്പത്തൂർ മണ്ഡപവും ചന്ദനക്കാവും ഓത്താന്മാർമഠവും ശാന്തികുടീരവും മലബാർ കലാപം, ടിപ്പുവിന്റെ പടയോട്ടം എന്നിവയുടെ സ്മാരകങ്ങളും സന്ദർശനസ്ഥലങ്ങളിൽപ്പെടുന്നു. തിരുന്നാവായ ഗ്രാമപഞ്ചായത്ത്, സംസ്ഥാന യുവജനക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര എന്നിവയുടെ സഹകരണത്തോടെ റി എക്കോ ആരംഭിച്ച പഠനകേന്ദ്രമാണ് നിളാവ്. വിവരങ്ങൾക്ക് 9846360591, 9349703089, 9249722945 നമ്പരുകളിലോ ചെയർമാൻ, നിളാവ്, തിരുന്നാവായ പി. ഒ, മലപ്പുറം ജില്ല, 676301 വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

## മലയാള നാടകാവതരണങ്ങളുടെ അനുഭവങ്ങൾ പ്രസിദ്ധീകരിക്കുന്നു

ഐക്യ കേരള രൂപീകരണത്തിന്റെ അമ്പതാം വാർഷികത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ നാടക അവതരണങ്ങളുടെയും ഗ്രാമീണ നാടക കൂട്ടായ്മകളുടെയും അനുഭവങ്ങൾ രേഖപ്പെടുത്തുന്ന പുസ്തകം തയ്യാറാക്കുന്നു. പുസ്തകത്തിന് രണ്ടു ഭാഗങ്ങൾ ഉണ്ടായിരിക്കും. ഒന്ന്: അമ്പത് വർഷത്തെ നാടകത്തിന്റെ വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്ന ആധികാരിക പഠനങ്ങൾ. രണ്ട്. നാടക അവതരണ അനുഭവങ്ങൾ. അക്കാദമി നിർവാഹക സമിതിയംഗം പുരുഷൻ കടലുണ്ടി ആണ് എഡിറ്റർ. നാടക അവതരണ അനുഭവങ്ങളും ചിത്രങ്ങളും സെക്രട്ടറി, കേരള സാഹിത്യ അക്കാദമി എന്ന വിലാസത്തിൽ നവംബർ 25 നു മുമ്പായി അയയ്ക്കണം.

**ഐ.വി.ദാസ്**, സെക്രട്ടറി

## കെട്ടിട ലൈസൻസ് പുതുക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഭേദഗതി വരുത്തി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അപായകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് പുതുക്കി നൽകുന്നതിനു പാലിക്കേണ്ട വ്യവസ്ഥകളിൽ മാറ്റം വരുത്തി. സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലാണ് ഇക്കാര്യം പറയുന്നത്. മുൻപിൽ വയ്ക്കുന്ന സ്ഥാപനങ്ങളുടെ ബോർഡുകളിൽ ഇനിമുതൽ ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലനാമം രേഖപ്പെടുത്തണം.

പ്ലാസ്റ്റിക് സംബന്ധിച്ച മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പാലിക്കാമെന്ന അണ്ടർടേക്കിങ് നൽകുന്നവർക്കു മാത്രമെ ലൈസൻസ് പുതുക്കി നൽകുകയുള്ളു.

വ്യവസ്ഥ പാലിക്കാത്തവരുടെ ലൈസൻസ് റദ്ദ് ചെയ്യാൻ സർക്കാർ നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും നിർദേശം നൽകി.

## കുറഞ്ഞ വേതനം

ഖാദി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സമിതിയെ നിയോഗിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.

മുൻ ഡപ്യൂട്ടി ലേബർ കമ്മീഷണർ പി.സി. വിജയരാജൻ ചെയർമാനായ സമിതിയിൽ തൊഴിലാളി പ്രതിനിധികളായി അരക്കൻ ബാലൻ(കണ്ണൂർ), ചാത്തന്നൂർ പ്രകാശ്, കെ.സുരേന്ദ്രൻ(കണ്ണൂർ), സി.ബാലൻ(വടകര), തവം ബാലകൃഷ്ണൻ(കണ്ണൂർ) എന്നിവരും തൊഴിലുടമാ പ്രതിനിധികളായി കെ.പി.സഹദേവൻ. കെ.പി. സദാനന്ദൻ, സി.ജയൻ, എൻ.ലക്ഷ്മണൻ, പി.കെ.കുട്ടൻ എന്നിവരും അംഗങ്ങളാണ്.

## ആനയെ വിൽക്കുന്നവരും വാങ്ങുന്നവരും സൂക്ഷിക്കുക!

ആനയെ വിൽക്കാനും വാങ്ങാനും നിയമ തടസമില്ലെന്ന മട്ടിൽ ചില മാധ്യമങ്ങൾ വാർത്ത പ്രചരിപ്പിക്കുന്നുണ്ട്. എന്നാൽ അത്തരം വാർത്തകൾ തെറ്റിദ്ധാരണാജനകമാണെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അറിയിച്ചു.

2002 ലെ വന്യജീവി(സംരക്ഷണം), ഭേദഗതി നിയമം സെക്ഷൻ 43(1) പ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുള്ള ഒരാളും അയാളുടെ കൈവശമുള്ള വളർത്തു ജീവിയെയോ ട്രോഫി തുടങ്ങിയവയോ കച്ചവട സ്വഭാവമുള്ള ഒരു രീതിയിലും കൈമാറ്റം ചെയ്യാൻ പാടില്ല.

അന്യസംസ്ഥാനങ്ങളിൽ നിന്ന് ആനകളെ വാങ്ങുന്നതിന് അനുമതി തേടി ചിലർ ഹൈക്കോടതിയിൽ ഹർജികൾ സമർപ്പിച്ചിരുന്നു. ഇവ തീർപ്പാക്കി ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഈ വിധിയനുസരിച്ച് സെക്ഷൻ 43 ന് ഭേദഗതി വരുത്തുന്നതുവരെ ഒരു ഇടക്കാല നടപടി എന്ന നിലയിൽ സംസ്ഥാനത്തിനകത്തുള്ള നാട്ടാനകളുടെ വില്പന, കൈമാറ്റം തുടങ്ങിയ ഇടപാടുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ മുൻകൂർ അംഗീകാരത്തോടുകൂടിയും നിബന്ധനകൾക്ക് വിധേയമായും ആയിരിക്കും.

## ആസാദി എക്സ്പ്രസ് ജനുവരി ഒന്നു മുതൽ കേരളത്തിൽ

ഇന്ത്യയുടെ പ്രഥമ സ്വാതന്ത്ര്യ സമരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് കേന്ദ്ര വാർത്താ വിതരണ സാംസ്കാരിക വകുപ്പുകൾ ചേർന്ന് പ്രധാന നഗരങ്ങളിൽ സംഘടിപ്പിക്കുന്ന മൊബൈൽ ട്രെയിൻ എക്സിബിഷൻ - ആസാദി എക്സ്പ്രസ് 2008 ജനുവരി ഒന്നു മുതൽ 8 വരെ കേരളത്തിൽ പ്രയാണം നടത്തും.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ സുപ്രധാന വഴിത്തിരിവുകളും രാഷ്ട്രത്തിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളും വരച്ചുകാട്ടുന്ന എക്സിബിഷൻ യുവാക്കളിൽ മാതൃരാജ്യത്തോട് പ്രതിബദ്ധതയും അർപ്പണ ബോധവും വളർത്തുന്നതിന് ലക്ഷ്യമിടുന്നു.

ജനുവരി ഒന്നു മുതൽ മൂന്നു വരെ കൊച്ചിയിലും നാലു മുതൽ എട്ടു വരെ തിരുവനന്തപുരത്തും പൊതുജനങ്ങൾക്ക് പ്രദർശനം കാണാം.



# പരസ്പരം

**ഔദ്യോഗികമായ കാരണങ്ങളാൽ എനിക്ക് കേരളത്തിനു പുറത്ത് കുറച്ചുകാലം താമസമാക്കേണ്ടതായ സാഹചര്യമുണ്ടായിരിക്കുന്നു. ഞാൻ ഇപ്പോൾ താമസിക്കുന്ന എന്റെ സ്വന്തം വീട് ഭാവിയിൽ വാടകയ്ക്ക് കൊടുക്കാനുദ്ദേശിക്കുന്നില്ല. താമസത്തിന് ഉപയോഗിക്കാതിരിക്കുന്നതുകൊണ്ട് കെട്ടിടനികുതിയിലെന്തെങ്കിലും ഇളവുണ്ടാകുമോ? ഇളവിന് അർഹതയുണ്ടെങ്കിൽ അത് ലഭിക്കാൻ എന്താണ് ചെയ്യേണ്ടത്?**

സുരേഷ്, ചവറ

ഒരു അർദ്ധവർഷത്തിൽ 60 ദിവസമോ അതിൽ കൂടുതലോ തുടർച്ചയായി ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് മാത്രമേ നികുതി ഇളവിന് അർഹതയുള്ളു. ഇളവ് ലഭിക്കാൻ മുൻകൂട്ടി അപേക്ഷ നൽകിയിരിക്കണം. അപേക്ഷയുടെ കാലാവധി അത് അപ്രകാരം കൊടുക്കുന്ന അർദ്ധവർഷത്തിന് തൊട്ടടുത്തുവരുന്ന അർദ്ധവർഷത്തോടുകൂടി അവസാനിക്കുന്നതുമാണ്. അതിനു ശേഷം അതിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. തുടർന്നും നികുതി ഇളവ് ആവശ്യമുള്ള പക്ഷം പുതിയ അപേക്ഷ ഓരോ അർദ്ധവർഷവും നല്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറിയ്ക്കാണ് അപേക്ഷ നൽകേണ്ടത്. കെട്ടിട നമ്പർ കാണിച്ച് അർദ്ധവാർഷികത്തിലോ തുടർന്നുള്ള അർദ്ധവർഷത്തിലോ ഒരു പ്രത്യേക തീയതി മുതൽ കെട്ടിടം ഒഴിയുകയും വാടകയ്ക്ക് കൊടുക്കാതിരിക്കുകയും ചെയ്യുമെന്ന് സെക്രട്ടറിക്ക് മുൻകൂട്ടി നോട്ടീസ് നൽകണം. അപേക്ഷിക്കുന്ന സമയം വരെയുള്ള നികുതി (കുടിശ്ശികയുണ്ടെങ്കിൽ അതും) ഒടുക്കി അതിന്റെ രസീതോടൊപ്പം കെട്ടിടനമ്പർ സഹിതം, സെക്രട്ടറിയ്ക്ക് വിവരം കാണിച്ച് വെള്ളപേപ്പറിൽ അപേക്ഷിച്ചാൽ മതിയാകും.

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് 'പരസ്പരം'. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, 'ജനപഥം', ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം – 695 001 വിലാസത്തിൽ അയയ്ക്കുക.*



# മാലിന്യനിർമാർജനം: ബോധവത്കരണം അനിവാര്യം

**സംസ്ഥാനത്ത്** വർദ്ധിച്ചുവരുന്ന മാലിന്യം നിർമാർജനം ചെയ്യുന്നതിന് ജനകീയബോധവത്കരണം അനിവാര്യമാണെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി പറഞ്ഞു. പണ്ട് പട്ടണങ്ങളിലെ മാത്രം പ്രശ്നമായിരുന്നു മാലിന്യം. എന്നാൽ ഇന്ന് ഗ്രാമങ്ങളിൽപ്പോലും സംസ്കരണപ്ലാന്റുകൾ ആവശ്യമുള്ള അവസ്ഥയാണ്. കോട്ടയം നഗരസഭ വടവാതൂരിൽ സ്ഥാപിച്ച ശാസ്ത്രീയ ഖരമാലിന്യ സംസ്കരണശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വി.എൻ വാസവൻ എം.എൽ.എ അധ്യക്ഷനായിരുന്നു. കെ.സുരേഷ്കുറുപ്പ് എം.പി മുഖ്യപ്രഭാഷണം നടത്തി.

ഏതാനും മാസങ്ങൾക്കകം കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും പ്ലാന്റുകൾ സ്ഥാപിക്കും. പഞ്ചായത്തുകളിൽ സ്ഥലം കണ്ടെത്തിയാൽ പ്ലാന്റിനുള്ള സഹായം നൽകും. എവിടെ പ്ലാന്റ് സ്ഥാപിക്കാൻ തുടങ്ങിയാലും അവിടൊക്കെ എതിർപ്പുകൾ ഉണ്ടാകുന്നു. ഇതിന്റെ ഗുണങ്ങൾ ജനങ്ങളെ ശാസ്ത്രീയമായി ബോധ്യപ്പെടുത്തി വേണം അത്തരം പദ്ധതികൾ ആരംഭിക്കാനെന്നും മന്ത്രി പറഞ്ഞു. ജനങ്ങളുടെ സഹകരണം ഇത്തരം പ്രവർത്തനങ്ങൾക്ക് അനിവാര്യഘടകമാണ്.

വീടുകളിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റുകളിൽ ഉപയോഗപ്പെടുത്തണം. അറവുശാലകളിലും കോഴിഫാമുകളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ പൊതുവഴിയിലും ജലാശയങ്ങളിലും തള്ളുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കും. ഇനി മുതൽ ഇത്തരം സ്ഥാപനങ്ങൾക്ക് സംസ്കരണ സംവിധാനം എർപ്പെടുത്തിയാൽ മാത്രമേ ലൈസൻസ് നൽകൂ എന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ നഗരസഭാധ്യക്ഷ റീബാ വർക്കി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.പി.സുഗുണൻ, വിജയപുരം പഞ്ചായത്ത് പ്രസിഡന്റ് ഗീതാ സുധാകരൻ, നഗരസഭാ പ്രതിപക്ഷ നേതാവ് പി.ജെ.വർഗീസ് തുടങ്ങിയവർ പങ്കെടുത്തു.

**കെ.അബ്ദുൾ റഷീദ്**
അസിസ്റ്റന്റ് എഡിറ്റർ, കോട്ടയം

# ആറന്മുളയിൽ കലാഗ്രാമം

**ദേശീയ ഗ്രാമീണ ടൂറിസം അവാർഡ്** ലഭിച്ച ആറന്മുളയിൽ കലാഗ്രാമം സ്ഥാപിക്കുന്നതിന് രൂപരേഖയായി.

സർക്കാർ, അർദ്ധസർക്കാർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ അഞ്ച് ഏക്കർ സ്ഥലത്താണ് കലാഗ്രാമം സ്ഥാപിക്കുക.

ഇന്ദിരാഗാന്ധി ഓപ്പൺ സർവകലാശാലയുടെ ഉപകേന്ദ്രം, കേന്ദ്രസർക്കാരിന്റെ മേഖലാ ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്, മദ്ധ്യ തിരുവിതാംകൂറിലെ പാരമ്പര്യ ഭക്ഷണശൈലി പരിചയപ്പെടുത്തുന്ന വിനോദ സഞ്ചാര വകുപ്പിന്റെ കാറ്ററിങ് ഇൻസ്റ്റിറ്റ്യൂട്ട്, ആറന്മുള കണ്ണാടി, ദാരുശിൽപ്പങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയുടെ ഉത്പാദനം മുതൽ വിപണനം വരെയുള്ള സംവിധാനം; കൈത്തറി, ഖാദി വിഭവങ്ങളുടെ പ്രദർശനവും വിപണനവും; മൺപാത്രങ്ങളുടെ ഉത്പാദനവും വിപണനവും, സോഷ്യൽ ഫോറസ്ട്രി, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവയുടെ സഹകരണത്തോടെ ഹെർബൽ ഗാർഡൻ ഉൾപ്പെടെയുള്ള ലാൻഡ് സ്കേപ്പിസം, വാസ്തുവിദ്യാ ഗുരുകുലം, വിജ്ഞാന കലാവേദി, ഫോക്‌ലോർ ഫൗണ്ടേഷൻ, പള്ളിയോട സേവാ സംഘം എന്നിവയുടെ ആഭിമുഖ്യത്തിൽ പഠന-പ്രദർശന സൗകര്യം എന്നിവയാണ് കലാഗ്രാമത്തിൽ ഒരുക്കുന്നത്.

പാരമ്പര്യ നിർമാണ ശൈലിയിൽ പടിപ്പുരയും നാലുകെട്ടും മാളികയും കളിത്തട്ടുകളും ഓപ്പൺ എയർ തീയറ്ററും കളരികളും അതിഥി മന്ദിരവും ഡോർമിറ്ററി സൗകര്യങ്ങളും കലാഗ്രാമത്തിന്റെ സവിശേഷതയായിരിയ്ക്കും.

പദ്ധതിരേഖ ആറന്മുള വാസ്തുവിദ്യാ ഗുരുകുലവും സർക്കാർ ഏജൻസിയായ കിറ്റ്കോയും തയ്യാറാക്കും. കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുന്നതിന് കെ.സി.രാജഗോപാലൻ എം.എൽ.എ യുടെ നേതൃത്വത്തിലുള്ള സംഘം ഉടൻ ഡൽഹിക്കു പോകും.

**ആർ. ശക്തികുമാർ**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട

# സമഗ്ര കാർഷിക ആസൂത്രണം ഉടൻ

**സംസ്ഥാനത്തെ എല്ലാ ജില്ലകളിലും** സമഗ്ര കാർഷികാസൂത്രണ പദ്ധതി തയ്യാറാക്കുമെന്ന് കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ പറഞ്ഞു. ദേശീയ കാർഷിക വികസന പദ്ധതി യുടെ ഭാഗമായി ജില്ലാ തല സമഗ്ര കാർഷികാസൂത്രണം എന്ന വിഷയത്തിൽ ഏറണാകുളത്ത് നടന്ന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.


രാജ്യത്ത് നടപ്പാക്കുന്ന ദേശീയ കാർഷിക വികസന പദ്ധതി പ്രകാരം പതിനൊന്നാം പദ്ധതിക്കാലത്ത് അധിക കേന്ദ്ര സഹായമായി 25000 കോടി രൂപയാണ് ചെലവിടുക. 2007 -08 വർഷം 1500 കോടി രൂപയും തുടർന്നുള്ള ഓരോ വർഷവും 5875 കോടി രൂപ വീതവുമാണ് തുക വകയിരുത്തിയിരിക്കുന്നത്.

സംസ്ഥാന - ജില്ലാതലങ്ങളിൽ കാർഷികാസൂത്രണം നിർബന്ധമാക്കിയിരിക്കുകയാണ്. മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം, സഹകരണം, ചെറുകിട ജലസേചനം എന്നിവയും കാർഷികാസൂത്രണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നയരൂപീകരണത്തിലും ആസൂത്രണത്തിലും സംസ്ഥാനങ്ങൾക്ക് കാര്യമായ പങ്കാളിത്തം ഇല്ലാത്തതാണ് കാർഷിക മേഖലയിലെ പ്രതിസന്ധിക്ക് പ്രധാന കാരണമെന്ന് മന്ത്രി പറഞ്ഞു.കേരളത്തിൽ ഭൂമി ശാസ്ത്രീയമായ രീതിയിൽ ഉപയോഗിക്കുന്നുമില്ല.

പദ്ധതി രൂപീകരണത്തിൽ സംസ്ഥാന സർക്കാർ വികേന്ദ്രീകരണ പരിപാടികളുമായി മുന്നോട്ടു പോകുമ്പോഴും കേന്ദ്രീകൃതമാകുന്ന കേന്ദ്ര സർക്കാരിന്റെ പരിപാടികൾ സംസ്ഥാന സർക്കാരിനെ ബുദ്ധിമുട്ടിലാക്കുന്നുവെന്ന് സംസ്ഥാന പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ ഡോ. പ്രഭാത് പട്നായിക് അധ്യക്ഷ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.

**കെ.എം.അയ്യപ്പൻ**
അസി:എഡിറ്റർ, എറണാകുളം




## ഐവറിബിൽഡ് വുഡ്പെക്കർ


**വംശനാശം** സംഭവിച്ചു എന്നു കരുതിയിരുന്ന 'ഐവറിബിൽഡ് വുഡ്പെക്കറി'നെ വടക്കേ അമേരിക്കയിൽ കണ്ടെത്തി. 2005 ലാണ് സംഭവം. ഇത് പക്ഷിശാസ്ത്രജ്ഞർക്കിടയിൽ അമ്പരപ്പുളവാക്കി. കിഴക്കൻ അർക്കൻസാസിലെ വലിയ കാടുകളിൽ കാണപ്പെട്ട ഇവയ്ക്ക് സാധാരണ മരംകൊത്തികളെക്കാൾ വലുപ്പം കൂടുതലാണ്. എന്നു മാത്രമല്ല ഇവയാണ് ലോകത്തേക്കും വച്ച് ഏറ്റവും വലിയ മരംകൊത്തികൾ.



## ഡിപ്രഷന് സ്ഥിരമായ പരിഹാരം



**ഡിപ്രഷൻ** ഒരു മാനസിക രോഗമല്ല. എങ്കിലും ഇതനുഭവിക്കുന്ന വ്യക്തിക്കും ബന്ധുക്കൾക്കും ചെറിയ ബുദ്ധിമുട്ടുകളാവില്ല പലപ്പോഴും ഇതുമൂലം സൃഷ്ടിക്കപ്പെടുക. മരുന്നുകളില്ലാതെ തന്നെ ഡിപ്രഷൻ മാറ്റാം. കടുത്ത നിരാശ ബാധിച്ചവർക്ക് തലച്ചോറിനുള്ളിൽ സ്ഥിരമായ, ആഴത്തിലുള്ള, ഉത്തേജനം നൽകുന്ന രണ്ടു ഇലക്ട്രോഡുകൾ സ്ഥാപിച്ചാൽ മതിയത്രെ! ഡിപ്രഷന്റെ പൊടിപോലും പിന്നെ ആ വ്യക്തിയിലുണ്ടാവില്ല. ഡിപ്രഷൻ മൂലം ബുദ്ധിമുട്ടുന്നവർക്കിനി പ്രതീക്ഷിക്കാം, സന്തോഷം നിറഞ്ഞ ജീവിതം.



## കൂർക്കംവലി നിർത്താൻ തലയണ

**കൂർക്കംവലി** മറ്റുള്ളവരിൽ ഈർഷ്യതയുണ്ടാക്കുന്നുവെങ്കിലും ഇതിനൊരു പരിഹാരം ആരും കണ്ടുപിടിച്ചിട്ടില്ല. എന്നാലിപ്പോൾ കൂർക്കംവലിക്ക് ഒരു പരിഹാരം കണ്ടുപിടിച്ചിരിക്കുകയാണ് ജർമൻ ശാസ്ത്രജ്ഞൻ ഡാര്യോഷ് ബസർഗാനി. സംഗതി മരുന്നൊന്നുമല്ല, ഒരു തലയണ. വെറും തലയണയല്ല കേട്ടോ, കംപ്യൂട്ടറിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന തലയണ. എങ്ങനെ എന്നാണോ?

കംപ്യൂട്ടർ പ്രവർത്തിക്കുമ്പോൾ തലയണ വികസിക്കുകയും ചുരുങ്ങുകയും ചെയ്യും. അതിന്റെ ഫലമായി ഈ തലയണയിൽ തലവച്ചു കിടക്കുന്ന വ്യക്തിയുടെ തലയുടെ സ്ഥാനം മാറിക്കൊണ്ടിരിക്കും. ഈ ചലനം ശ്വാസഗതിയിൽ വ്യത്യാസമുണ്ടാക്കും. അങ്ങനെ കൂർക്കംവലി നിലയ്ക്കുകയും ചെയ്യും. കൂർക്കം വലിക്കാർക്ക് ഇനി ആശ്വസിക്കാം, കംപ്യൂട്ടർതലയണയെ ഓർത്ത്.



## പിഗ്മി മർമോസെറ്റ്

**മനുഷ്യന്റെ** തള്ളവിരലിന്റെയത്രയുള്ള ഒരു ജീവിയെ കണ്ടിട്ടുണ്ടോ? മനസ്സിലായില്ലെങ്കിൽ ഒരു ക്ലൂ തരാം. വലിയ ചാട്ടക്കാരനാണ്. ഒറ്റച്ചാട്ടത്തിന് അഞ്ചുമീറ്ററോളം ദൂരെയെത്തും. ഇനിയും മനസ്സിലായില്ലേ? ലോകത്തിലേക്കും വച്ച് ഏറ്റവും ചെറിയ കുരങ്ങനാണ് നായകൻ. പിഗ്മി മർമോസെറ്റ് എന്നാണിവ അറിയപ്പെടുന്നത്. ഇവയുടെ ഭാരം അറിഞ്ഞാൽ ആരായാലും ഒന്നു ഞെട്ടും. എത്രയാണെന്നോ? നൂ....റ് ഗ്രാം! സൗത്ത് അമേരിക്കയിലെ ട്രോപ്പിക്കൽ മഴക്കാടുകളിലാണിവ ഉള്ളത്.


# നോബൽ സമ്മാനം 2007





2007-ലെ ഫിസിക്സിനുള്ള നോബൽ സമ്മാനം ഫ്രാൻസിലെ ആൽബെർട്ട് ഫെർട്ടും ജർമനിയിലെ പീറ്റർ ഗ്രൺബെർഗും കരസ്ഥമാക്കി. കമ്പ്യൂട്ടർ ഹാർഡ് ഡിസ്കിന്റെ വലിപ്പം കുറയ്ക്കാൻ ഉപയോഗിക്കാവുന്ന ജയന്റ് മാഗ്നറ്റോ റെസിസ്റ്റൻസ് എന്ന സാങ്കേതികവിദ്യ കണ്ടുപിടിച്ചതിനാണ് ഈ സമ്മാനം. ദുർബലമായ കാന്തികവ്യതിയാനങ്ങൾ പോലും വൈദ്യുത പ്രതിരോധത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കും ഈ സാങ്കേതികതയിൽ. ഇതിന്റെ അടിസ്ഥാനത്തിലാണ് ഹാർഡ് ഡിസ്കുകളിൽ നിന്ന് ഡേറ്റ വായിച്ചെടുക്കുവാൻ കഴിവുള്ള അതിസൂക്ഷ്മ സംവേദനശേഷിയുള്ള ഹെഡ്ഡുകൾ വികസിപ്പിച്ചെടുത്തിട്ടുള്ളത്. നാനോ ടെക്നോളജിയിലെ ആദ്യത്തെ പ്രായോഗിക സാങ്കേതികവിദ്യകളിൽ ഒന്നാണിത് എന്നാണ് നോബൽ പുരസ്കാരനിർണയക്കമ്മിറ്റിയുടെ വിലയിരുത്തൽ.











വൈദ്യശാസ്ത്രത്തിനുള്ള സമ്മാനം മരിയോ കപാച്ചി, സർ മാർട്ടിൻ.ജെ ഇവാൻസ്, ഒലിവർ സ്മിതിസ് എന്നീ ഡോക്ടർമാർ പങ്കിട്ടു. ഭ്രൂണാവസ്ഥയിലുള്ള മൂലകോശങ്ങൾ ഉപയോഗിച്ച് എലികളിൽ ജനിതക മാറ്റം വരുത്തുന്നതിനെപ്പറ്റിയുള്ള പഠനമാണ് ഇവരെ ഈ അവാർഡിനർഹരാക്കിയത്. ജീൻടാർജെറ്റിങ് എന്ന പേരിൽ ഇവർ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ വൈദ്യശാസ്ത്രത്തിന്റെ വിവിധമേഖലകളിൽ സ്വാധീനം ചെലുത്തുമെന്ന് നോബൽ സമ്മാനക്കമ്മറ്റി ചൂണ്ടിക്കാട്ടുന്നു.

ഖരപദാർത്ഥങ്ങളുടെ ഉപരിതലത്തിൽ നടക്കുന്ന രാസപ്രവർത്തനങ്ങളെക്കുറിച്ചു കണ്ടെത്തലുകൾ നടത്തിയതിന് ജർമൻ ശാസ്ത്രജ്ഞനായ



ഡോ. ഗെരാർദ് എർട്ൽ രസതന്ത്രത്തിനുള്ള പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടു. ആധുനിക സർഫസ് കെമിസ്ട്രിയുടെ പിതാവായി വിശേഷിപ്പിക്കപ്പെടുന്ന എർട്ൽ ഫ്രിറ്റ്സ്-ഹേബറിൽ ഫിസിക്കൽ കെമസ്ട്രി എമറിറ്റസ് പ്രൊഫസറാണ്.

സമാധാനത്തിനുള്ള സമ്മാനം ഇന്ത്യാക്കാരനായ ആർ. കെ. പച്ചൗരിയുടെ നേതൃത്വത്തിലുള്ള ഐ.പി.സി.സി.യും അമേരിക്കൻ മുൻ വൈസ് പ്രസിഡന്റ് അൽ ഗോറും പങ്കിട്ടു. മനുഷ്യന്റെ ഇടപെടലുകൾ കാലാവസ്ഥയിൽ വ്യതിയാനമുണ്ടാക്കുന്നതിനെക്കുറിച്ചുള്ള മുന്നറിയിപ്പ് ഐ.പി.സി.സി.യെ സമ്മാനത്തിനർഹമാക്കിയപ്പോൾ ആഗോളതാപനത്തിന്റെ അപകടത്തെക്കുറിച്ചുള്ള പഠനമാണ് അൽ ഗോറിനെ സമ്മാനത്തിന് അർഹനാക്കിയത്.




സാഹിത്യത്തിനുള്ള സമ്മാനം 87കാരി ഡോറിസ് ലെസിങ്ങിനാണ്. ആഫ്രിക്കൻ വംശീയതയുടെ കഥകൾ എഴുതിയ ഈ ഇംഗ്ലീഷ് എഴുത്തുകാരിയുടെ സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്കാണ് പുരസ്കാരം. ചെറുകഥകൾ മുതൽ ശാസ്ത്രനോവലുകൾ വരെ വിവിധ സാഹിത്യശാഖകൾ കൈകാര്യം ചെയ്തു. 1962-ൽ രചിച്ച ഗോൾഡൻ നോട്ട് ബുക്ക് ഏറെ ശ്രദ്ധിക്കപ്പെട്ടു.

സാമ്പത്തിക നോബൽ സമ്മാനം ലിയണിഡ് ഹുർവിസ്, എറിക് മാസ്കിൻ, റോജർ മിയേഴ്സൺ എന്നിവർക്കാണ്. ധനതത്ത്വശാസ്ത്രത്തിലെ ഒരു വിഭാഗമായ മെക്കാനിസം ഡിസൈൻ സിദ്ധാന്തം സംബന്ധിച്ച പഠനങ്ങളാണ് ഇവരെ സമ്മാനാർഹരാക്കിയത്. ലിയോണിഡ് ഹുർവിസിന്റെ സിദ്ധാന്തം മാസ്കിനും മിയേഴ്സണും ചേർന്ന് വികസിപ്പിക്കുകയായിരുന്നു. ഹുർവിസ് മിന്നസോട്ട സർവകലാശാലയിൽ പ്രൊഫസറാണ്. മാസ്കിൻ പ്രിൻസ്റ്റൺ സർവകലാശാലയിലെ സോഷ്യൽ സയൻസ് പ്രൊഫസറും മിയേഴ്സൺ ചിക്കാഗോ സർവകലാശാലയിലെ ഇക്കണോമിക്സ് പ്രൊഫസറുമാണ്.







ഡിസംബർ പത്തിന് സ്റ്റോക്ക്ഹോമിൽ നടക്കുന്ന ചടങ്ങിൽ സ്വീഡിഷ് രാജാവ് ആറുകോടി രൂപ സമ്മാനത്തുക അവാർഡ് ജേതാക്കൾക്ക് നൽകും.



## ആനന്ദിന് ലോകകിരീടം

ഇന്ത്യയുടെ ചെസ് താരം വിശ്വനാഥൻ ആനന്ദിന് ലോക ചെസ് കിരീടം. ഹംഗറിയുടെ പീറ്റർ ലെക്കോയ്ക്കെതിരെ നേടിയ സമനിലയാണ് ആനന്ദിനെ ലോക ചെസ് ജേതാവാക്കിയത്. 2000 ൽ ആനന്ദ് ഈ കിരീടം കരസ്ഥമാക്കിയിട്ടുണ്ട്. മെക്സിക്കോയിൽ നടന്ന ഫിഡെ ലോകചാമ്പ്യൻഷിപ്പിലാണ് വിശ്വനാഥൻ ആനന്ദ് വീണ്ടും ഇന്ത്യയുടെ അഭിമാനമാകുന്നത്.

## വയലാർ അവാർഡ്



ഈ വർഷത്തെ വയലാർ അവാർഡ് ഡോ. എം. ലീലാവതിക്ക് ലഭിച്ചു. സി. രാധാകൃഷ്ണന്റെ ഒമ്പതു നോവലുകളെക്കുറിച്ചുള്ള 'അപ്പുവിന്റെ അന്വേഷണം' എന്ന പഠനമാണ് അവാർഡിനർഹയാക്കിയത്. കാൽ ലക്ഷം രൂപയും പ്രശസ്ത ശിൽപി കാനായി കുഞ്ഞിരാമൻ വെങ്കലത്തിൽ നിർമിച്ച ശില്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. നോവലുകളുടെ വിവിധ തലങ്ങളെക്കുറിച്ചുള്ള ശ്രദ്ധേയവും ഉദാത്തവുമായ നിരൂപണമാണ് 'അപ്പുവിന്റെ അന്വേഷണം' എന്ന് ജഡ്ജിങ് കമ്മിറ്റി വിലയിരുത്തി.



## വള്ളത്തോൾ സമ്മാനം

ഈ വർഷത്തെ വള്ളത്തോൾ സമ്മാനത്തിന് പ്രൊഫ. സുകുമാർ അഴീക്കോട് അർഹനായി. ഒരു ലക്ഷത്തി പതിനോരായിരത്തി ഒരു നൂറ്റിപ്പതിനൊന്ന് രൂപയും കീർത്തിഫലകവുമാണ് സമ്മാനം.